# മാനന്തവാടി രൂപത ബുള്ളറ്റിൻ

RNI Reg. No. KERMAL/2010/32222
Registered KL/TLY/01/22-24

Vol. 14 / Issue 08
August 2023

"For their sake I consecrate myself , that they also may be consecrated in truth" (John 17:19)




പരിശുദ്ധ അമ്മയുടെ
സ്വർഗ്ഗാരോപണതിരുനാളിന്റേയും
സ്വാതന്ത്ര്യദിനത്തിന്റേയും
മംഗളങ്ങൾ

# മാനന്തവാടി രൂപതാ ബുള്ളറ്റിൻ

**"ദൈവത്തോട് ചേർന്നു നിൽക്കുവിൻ;<br>അവിടുന്ന് നിങ്ങളോടും<br>ചേർന്നു നിൽക്കും" (യാക്കോബ് 4:8)**

**Printed, Published and Edited by**
**Fr. Thankachan alias Joseph Paruvummel, Published from Bishop's House**
**Mananthavady, P.B. No. 1, Wayanad 670645.**
**Owned by the Roman Catholic Diocese of Mananthavady**
**Printed at St. Joseph's Offset Press, Mananthavady 670645**

വാല്യം 14 ആഗസ്റ്റ് 2023 ലക്കം 8

ഒറ്റപ്രതി 10 രൂപ വാർഷിക വരിസംഖ്യ 120 രൂപ

# ഉള്ളടക്കം


സർക്കുലർ.............................................................................. 05
തടവറപ്രേഷിത ഞായർ........................................................... 10
സർക്കുലർ.............................................................................. 16
നിയമാവലി ഭേദഗതി.............................................................. 25
രൂപതാ കച്ചേരി വാർത്തകൾ.................................................. 26
മതബോധനരംഗം .................................................................... 28
ചെറുപുഷ്പ മിഷൻലീഗ്........................................................ 31
Department of Youth Ministry ........................................ 37
കെ.സി.വൈ.എം....................................................................... 39
കെ.സി.ബി.സി. മദ്യവിരുദ്ധ സമിതി.................................... 46
കുടുംബപ്രേഷിതത്വം............................................................ 49
സീയോൻ വാർത്ത.................................................................. 58
വിൻസെന്റ് ഡി പോൾ സൊസൈറ്റി..................................... 59
സാമൂഹ്യ സേവനരംഗം (WSSS)........................................... 63
ജീവസ് & കെ.എൽ.എം ………………................................... 69
നീലഗിരി ഡെവലപ്മെന്റ് സൊസൈറ്റി................................ 71
ബയോവിൻ അഗ്രോ റിസർച്ച്................................................ 77
ജീസസ് ഫ്രട്ടേണിറ്റി.............................................................. 81
റേഡിയോ മാറ്റൊലി ............................................................... 82
കത്തോലിക്കാ കോൺഗ്രസ്................................................... 84
Mary Matha Arts & Science College................................ 87
കോർപ്പറേറ്റ് വിദ്യാഭ്യാസ ഏജൻസി .................................. 89
ബിഷപ്സ് പ്രോഗ്രാം .............................................................. 98

# സർക്കുലർ

**Prot. No. 28015/2023**
**Circular No. 05/2023**

കർത്താവിനാൽ സ്നേഹിക്കപ്പെട്ട പ്രിയപ്പെട്ട വൈദികരേ, സമർപ്പിതരേ, സഹോദരങ്ങളെ,

നമ്മുടെ കുട്ടികൾക്ക് വിദ്യാഭ്യാസ രംഗത്ത് പുതിയ കാഴ്ചപ്പാടും പരിശീലനവും മാർഗ്ഗനിർദ്ദേശങ്ങളും കൊടുത്ത് അവരെ തൊഴിൽ സന്നദ്ധരാക്കാൻ തുടങ്ങിയിട്ടുള്ള ഫെഡാർ ഫൗണ്ടേഷൻ എന്ന സംവിധാനം നിങ്ങൾക്ക് പരിചിതമാണല്ലോ. രൂപതയുടെ ജൂബിലിയോടനുബന്ധിച്ചുള്ള ഒരു സംരംഭവുമാണത്. ഫെഡാർ ഫൗണ്ടേഷൻ അതിന്റെ വിജയകരമായ പ്രവർത്തനത്തിന്റെ മൂന്നാം വർഷത്തിലേക്ക് പ്രവേശിക്കുകയാണ്.

അടിസ്ഥാന സൗകര്യങ്ങളുടെയും ഡിജിറ്റൽ പ്ലാറ്റ്ഫോമുകളുടെയും രൂപീകരണവും വിദ്യാഭ്യാസ സാധ്യതകളുടെ വിവരശേഖരണവും അവയുടെ ക്രമീകരണങ്ങളുമൊക്കെയായിരുന്നു ആദ്യ വർഷം നടത്തിയത്. വിവിധ രീതികൾ പരീക്ഷിക്കുകയും മാറ്റം വരുത്തുകയും കൂട്ടിച്ചേർക്കുകയും പ്രസക്തമല്ലാത്തവ നിർത്തലാക്കുകയുമെല്ലാം ചെയ്തിട്ടുണ്ട്. ഒരു പുതിയ സംവിധാനം ഏറ്റവും ഉപകാരപ്രദമായ രീതിയിൽ ചിട്ടപ്പെടുത്തുന്നതിന്റെ പ്രാരംഭത്തിലുള്ള പ്രായോഗികസമീപനങ്ങളായിരുന്നു അവയെല്ലാം. സമാനതകളില്ലാത്ത ഒരു പദ്ധതി ആരംഭിച്ച് പൂർണ്ണതോതിൽ സജ്ജമാക്കാൻ വർഷങ്ങൾ തന്നെ ആവശ്യമുണ്ട്. ഈ വസ്തുത മനസ്സിലാക്കി ഫെഡാർ ഫൗണ്ടേഷന്റെ പ്രവർത്തനങ്ങളിൽ സഹകാരികളായ എല്ലാവരെയും, പ്രത്യേകിച്ച് ബഹുമാനപ്പെട്ട വികാരിയച്ചന്മാരെയും അസ്തേന്തിയച്ചന്മാരെയും, കൃതജ്ഞതയോടെ അനുസ്മരിക്കുന്നു. ബഹുമാനപ്പെട്ട സമർപ്പിതരും മതബോധനാദ്ധ്യാപകരും കൈക്കാരന്മാരും മാതാപിതാക്കളും എല്ലാം നന്നായി സഹകരിച്ചു. തുടർന്നും നിങ്ങളുടെ സഹകരണം പ്രതീക്ഷിക്കുന്നു. കൂട്ടായ പ്രവർത്തനമാണ് ഏതൊരു പദ്ധതിയുടെ വിജയത്തിന്റെ അടിസ്ഥാനം.

**ഫെഡാർ കണക്ട് 2022**

കുട്ടികൾക്ക് വേണ്ടി വിവിധ സംവിധാനങ്ങൾ ക്രമീകരിക്കുമ്പോഴും അവ കുട്ടികളിലേക്ക് പ്രായോഗികമായി എത്തിക്കുന്നതിനും അവർക്കാവശ്യമായ മാർഗ്ഗനിർദ്ദേശങ്ങൾ നല്കുന്നതിനും ഒരു സംവിധാനം ആവശ്യമായിരുന്നു. ക്രിസ്തുദാസി സമർപ്പിത സമൂഹത്തിന്റെ ഔദാര്യപൂർവ്വകമായ സഹകരണത്തോടെ ഫെഡാർ കണക്ട് എന്ന പേരിൽ അവരുടെ മദർഹൗസിൽത്തന്നെ ആവശ്യമായ ക്രമീകരണങ്ങൾ ഏർപ്പെടുത്തിക്കൊണ്ട് പത്ത് സിസ്റ്റേഴ്സ് കഴിഞ്ഞ ഒരു വർഷക്കാലം പന്ത്രണ്ടാം ക്ലാസ്സിൽ പഠിക്കുന്ന നമ്മുടെ രൂപതയിലെ കുട്ടികളോടും അവരുടെ മാതാപിതാക്കന്മാരോടും നിരന്തരമായി സമ്പർക്കത്തിലായിരുന്നു. തുടക്കം മുതൽ ഈ സംവിധാനത്തിന്റെ നേതൃത്വം വഹിച്ച ബഹു. സിസ്റ്റർ സവിതക്ക് SKD ഇത്തരുണത്തിൽ നന്ദി രേഖപ്പെടുത്തുന്നു. പുതിയതായി ആ ഉത്തരവാദിത്വം ഏറ്റെടുത്തിരിക്കുന്നത് ബഹു. സി. ക്രിസ്റ്റി SKD ആണ്. മേൽപ്പറഞ്ഞ സംവിധാനങ്ങൾ ഒരുക്കി ബഹുമാനപ്പെട്ട സിസ്റ്റേഴ്സിന്റെ സേവനം ഔദാര്യപൂർവം ലഭ്യമാക്കിയ ക്രിസ്തുദാസി സമൂഹത്തിന്റെ അധികാരികൾക്കും ഈ സേവനം ചെയ്യുന്ന സിസ്റ്റേഴ്സിനും ഹൃദയം നിറഞ്ഞ നന്ദി.

കുട്ടികളുടെ വിവിധങ്ങളായ ആവശ്യങ്ങളിൽ ഇടപെടുന്നതിനും ബുദ്ധിമുട്ടുകളിലും സങ്കടങ്ങളിലും കൂടെ നിൽക്കുന്നതിനും സംശയങ്ങളിലും സന്ദേഹങ്ങളിലും ഉത്തരമാകുന്നതിനും മേൽ സൂചിപ്പിച്ച സിസ്റ്റേഴ്സിന് സാധിച്ചുവെന്നത് ഒരു വലിയ നേട്ടമാണ്. നിരവധി മാതാപിതാക്കന്മാർ കുട്ടികളുടെ ആവശ്യങ്ങൾക്കായി ഫെഡാർ കണക്ട് സംവിധാനവുമായി ബന്ധപ്പെടുന്നുണ്ട്. ആവശ്യമായ കൗൺസിലിംഗ് സൗകര്യങ്ങളും ഇതുമായി ബന്ധപ്പെടുത്തി ക്രമീകരിച്ചിട്ടുണ്ട്. ഒരു വർഷത്തെ പ്രവർത്തനത്തിലൂടെ പല കാര്യങ്ങളും പഠിക്കുന്നതിനും പ്രവർത്തനം കുടുതൽ മെച്ചപ്പെടുത്തുന്നതിനും എല്ലാവർക്കും സാധിച്ചു.

ഫെഡാർ കണക്ടിന്റെ പ്രവർത്തനങ്ങളുടെ ഒരു ഏകദേശ സ്ഥിതിവിവരക്കണക്ക് താഴെക്കൊടുക്കുന്നു:

1) ഫെഡാർ കണക്ട് ഓഫീസിൽ നിന്ന് ബന്ധപ്പെട്ട കുട്ടികളുടെ എണ്ണം– 1518

2) അതിൽ 14 ജൂലൈ 2023 വരെ വിവിധ കോഴ്സുകളിൽ പ്രവേശനം നേടിയവർ– 982.

ഫെഡ്ഡാർ സംവിധാനം പ്രയോജനപ്പെടുത്തിയവരിൽ മൂന്നിലൊന്ന് കുട്ടികളുടെ പ്രവേശന വിവരം കോളേജുകളിലെ നടപടിക്രമങ്ങൾ താമസിക്കുന്നത് മൂലം പൂർണ്ണമായി ലഭിച്ചിട്ടില്ല. ചെറിയൊരു ശതമാനം കുട്ടികൾ എന്ത് പഠിക്കണം എന്നതിനെ സംബന്ധിച്ച് ഇനിയും തീരുമാനം എടുത്തിട്ടില്ല.

ഈ വർഷം കുട്ടികൾ എടുത്തിരിക്കുന്ന കോഴ്സുകളുടെ വിവരവും കുട്ടികളുടെ എണ്ണവും താഴെക്കൊടുക്കുന്നു. (14 ജൂലൈ 2023 വരെ):

| | | | |
|---|---|---|---|
| 1 | B.Sc Nursing | - | 265 |
| 2 | GNM | - | 71 |
| 3 | Paramedical | - | 40 |
| 4 | IT (BCA, BSc, Data Science etc.) - 79 | | |
| 5 | B.Com & BBA- | | 56 |
| 6 | BA Courses | - | 56 |
| 7 | B.Tech | - | 44 |
| 8 | B.Sc Courses | - | 36 |
| 9 | BSW | - | 18 |
| 10 | CA, CS | - | 13 |
| 11 | Army | - | 6 |
| 12 | LLB | - | 5 |
| 13 | Others | - | 39 |

മറ്റ് കോഴ്സുകൾക്ക് ചേർന്നവർ :

| | | |
|---|---|---|
| 1 | Language Courses (German & IELTS)- 127 | |
| 2 | Entrance Coaching | 73 |
| 3 | Diploma Courses | 42 |

ഏതെങ്കിലും കോഴ്സിൽ പ്രവേശനം എടുത്തിരിക്കുന്ന 982 കുട്ടികളിൽ 5 പേരാണ് ആത്മീയ പരിശീലനത്തിനായി ചേർന്നിരിക്കുന്നത്. 4 പേർ പഠനം നിർത്തി വിവിധ ജോലികളിൽ പ്രവേശിച്ചിട്ടുമുണ്ട്. ഫൊറോനാ അടിസ്ഥാനത്തിലും ഇടവക അടിസ്ഥാനത്തിലും ഈ കണക്കുകൾ ലഭ്യമാണ്.

**ഡിഗ്രി നാവിഗേറ്റർ (Degree Navigator)**

ഇതുവരെ ഏതെങ്കിലും കോഴ്സിൽ പ്രവേശനം നേടിയ കുട്ടികളെ അവർ ചേർന്നിരിക്കുന്ന വിഷയങ്ങളുടെ അടിസ്ഥാനത്തിൽ

ഗ്രൂപ്പുകളായി തിരിച്ച് തൊഴിലധിഷ്ഠിത മാർഗ്ഗനിർദ്ദേശം കൊടുക്കുന്ന പദ്ധതിക്കാണ് ഡിഗ്രി നാവിഗേറ്റർ എന്ന് പേരിട്ടിരിക്കുന്നത്. ഇതിലൂടെ തൊഴിലധിഷ്ഠിതമായ അവരുടെ യോഗ്യതകൾ തയ്യാറാക്കാനാവശ്യമായ മാർഗ്ഗനിർദ്ദേശങ്ങൾ അടുത്ത വർഷങ്ങളിൽ നല്കുന്നതാണ്. പഠനം പൂർത്തിയാകുമ്പോഴേയ്ക്കും അവർക്ക് ലഭിക്കാവുന്ന ജോലികൾ വാഗ്ദാനം ചെയ്യുന്ന കമ്പനികളുമായി അവരെ ബന്ധപ്പെടുത്തി (Industry Connect) നല്കുന്നതിനും ഫെഡാറിന് സാധിക്കും. ഇക്കാലഘട്ടത്തിൽ കുട്ടികൾക്ക് മാർഗ്ഗനിർദ്ദേശം കൊടുക്കുന്നതിന് വിവിധ സന്യാസസമൂഹങ്ങളിൽ നിന്ന് ബഹുമാനപ്പെട്ട സിസ്റ്റേഴ്സിന്റെ ഒരു പാനൽ തയ്യാറായി വരുന്നു. അവരുടെ പരിശീലനവും മറ്റും പൂർത്തിയാക്കി സെപ്തംബർ മാസത്തോടെ ആ സംവിധാനം പ്രവർത്തനക്ഷമമാകുന്നതാണ്.

**ഫെഡാർ കണക്ട് (FEDAR Connect 2023)**

കഴിഞ്ഞ വർഷം പ്ലസ് ടു കുട്ടികളുടെ കാര്യം മാത്രമാണ് ആരംഭമെന്ന നിലയിൽ നമ്മൾ ശ്രദ്ധിച്ചിരുന്നത്. ഈ വർഷം പത്ത്, പതിനൊന്ന്, പന്ത്രണ്ട് ക്ലാസ്സിലെ മുഴുവൻ കുട്ടികളെയും ബന്ധപ്പെടുന്നതായിരിക്കും. ഓരോ ഫൊറോനയിലും ആരംഭിക്കുന്നതിന് മുമ്പ് ബഹുമാനപ്പെട്ട സിസ്റ്റേഴ്സ് കുട്ടികളെ അവരുടെ ക്ലാസ്സുകളിൽ സന്ദർശിക്കുന്നതുമായിരിക്കും. ഇപ്രകാരം ക്രമീകരിക്കുന്നതിന് വിവിധ കാരണങ്ങളുണ്ട്. പ്രവേശന സംബന്ധമായ സംശയങ്ങൾ, കോഴ്സുകളെടുക്കുന്നതിലെ ആശയക്കുഴപ്പങ്ങൾ, വിവിധ രജിസ്ട്രേഷനുകൾ, പ്രവേശനപ്പരീക്ഷകൾ, സംവരണം എന്നിങ്ങനെ വിവിധ മേഖലകളിൽ കുട്ടികൾക്ക് പത്താം ക്ലാസ്സ് മുതൽ മാർഗ്ഗനിർദ്ദേശം ആവശ്യമുണ്ട്. അതിനാൽ ഈ രീതിയിലായിരിക്കും ഈ വർഷത്തെ പ്രവർത്തനം. മേൽപ്പറഞ്ഞ മൂന്ന് ക്ലാസ്സുകളിൽ പഠിക്കുന്ന നമ്മുടെ രൂപതയിലെ എല്ലാ കുട്ടികളും ഈ സംവിധാനത്തിൽ രജിസ്റ്റർ ചെയ്യാൻ ബന്ധപ്പെട്ടവർ ശ്രമിക്കണേ.

**ഓൺലൈൻ സെമിനാർ (Online Seminar)**

ഉന്നതവിദ്യാഭ്യാസം, പ്രവേശനപ്പരീക്ഷകൾ, സംവരണം എന്നീ വിഷയങ്ങളെ അധിഷ്ഠിതമാക്കി ഫെഡാറിന്റെ ഓൺലൈൻ സെമിനാറുകൾ അടുത്ത ആഴ്ചയിൽ ഫൊറോനാ അടിസ്ഥാനത്തിൽ നടത്തപ്പെടുന്നുണ്ട്. ഈ വിഷയങ്ങളിലുള്ള അജ്ഞത നിമിത്തം ഒരുപാട് കുട്ടികൾക്ക് അബദ്ധം സംഭവിക്കുന്നുണ്ട്. സെമി

നാറുകളിൽ പ്ലസ് വൺ, പ്ലസ് ടു കുട്ടികളും അവരുടെ മാതാപിതാക്കന്മാരും പങ്കെടുക്കാൻ ബഹുമാനപ്പെട്ട വികാരി അച്ചന്മാരും അസ്തേന്തി അച്ചന്മാരും സമർപ്പിത സഹോദരരും മതബോധനാധ്യാപകരും കൈക്കാരന്മാരും മറ്റും അവരെ പ്രോത്സാഹിപ്പിക്കുമല്ലോ. സെമിനാറുകളുടെ വിശദവിവരങ്ങൾ പിന്നീട് അറിയിക്കുന്നതാണ്.

ഏതൊരു സമൂഹത്തിന്റെയും സുഗമമായ അതിജീവനത്തിനു കാലാനുസൃതമായ വിദ്യാഭ്യാസം ആവശ്യമാണ്. ഭാരതത്തിലെ വിദ്യാഭ്യാസ സമ്പ്രദായം 2040 ആകുമ്പോഴേക്കും അടിമുടി മാറിയിരിക്കും. ഇന്നുള്ള പല കോഴ്സുകളും ജോലികളും അന്ന് ഉണ്ടാകുകയില്ല എന്നത് സുനിശ്ചിതമാണ്. കാരണം ദേശീയ വിദ്യാഭ്യാസനയം 2020 എന്ന പേരിൽ കേന്ദ്രസർക്കാർ നടപ്പാക്കി വരുന്ന പദ്ധതി അതാണ് വിഭാവനം ചെയ്യുന്നത്. മാത്രമല്ല നിർമ്മിത ബുദ്ധി (Artificial Intelligence) പോലെയുള്ള നവീന സങ്കേതങ്ങൾ ജീവിതത്തിന്റെ എല്ലാ മേഖലകളിലേക്കും വ്യാപിക്കും. അവിടെയെല്ലാം നമ്മുടെ ഭാവിസമൂഹത്തെ സജ്ജരാക്കേണ്ടതുണ്ട്. ആ ദിശയിലുള്ള പ്രവർത്തനങ്ങളാണ് ഫെഡാർ ഫൗണ്ടേഷനിലൂടെ നടത്തുന്നത്. അതിൽ എല്ലാവരും ആത്മാർത്ഥമായി പങ്കു ചേരണം എന്നഭ്യർത്ഥിക്കുന്നു. ഏവർക്കും മുൻകൂട്ടി നന്ദി പറയുന്നു. കർത്താവിന്റെ കൃപ നിങ്ങളേവരോടും കൂടി ഉണ്ടായിരിക്കട്ടെ.

മാനന്തവാടി രൂപതാ കാര്യാലയത്തിൽ നിന്നും 2023 ജൂലൈ മാസം 20 ന് നല്കപ്പെട്ടത്.

യേശുവിൽ,

**ബിഷപ്പ് ജോസ് പൊരുന്നേടം**
മാനന്തവാടി രൂപതയുടെ മെത്രാൻ

---

ഈ സർക്കുലർ 2023 ആഗസ്റ്റ് മാസം 6 ന് ഞായറാഴ്ച എല്ലാ ഇടവകകളിലും വി. കുർബാന മധ്യേ വായിക്കേണ്ടതാണ്. അതോടൊപ്പം ഇടവക സംഘടനകൾ, സമർപ്പിതസമൂഹങ്ങൾ തുടങ്ങിയവരുടെ വാട്ട്സ്ആപ്പ് ഗ്രൂപ്പുകളിലേക്ക് പോസ്റ്റ് ചെയ്യാനും അഭ്യർത്ഥിക്കുന്നു.

Ref:3887/K-5/KCBC/OL/DS 15.07.2023

# തടവറ പ്രേഷിത ഞായർ

(ആഗസ്റ്റ് 13, 2023)

നീ ഇന്ന് എന്നോടുകൂടെ പറുദീസായിൽ ആയിരിക്കും

( ലൂക്കാ 23-43)

മിശിഹായിൽ പ്രിയ സഹോദരീ സഹോദരന്മാരേ,

ഭാരതത്തിലെ കത്തോലിക്കാ സഭ ഇന്ന് തടവറ പ്രേഷിത ഞായർ ആചരിക്കുന്നു. വിശുദ്ധ മാക്സിമില്യൻ കോൾബെയുടെ തിരുനാളിനോടനുബന്ധിച്ചാണ് നമ്മൾ തടവറ പ്രേഷിതഞായർ ആചരിക്കുന്നത്. ഔഷ്‌വിറ്റ്സിലെ മരണക്യാമ്പിൽ സഹതടവുകാരനുവേണ്ടി തന്റെ ജീവൻ ഹോമിച്ച് സ്നേഹത്തിന്റെ സമുന്നത സാക്ഷ്യം നല്കിയ വിശുദ്ധ മാക്സിമില്യൻ കോൾബെയെ ജയിൽ പ്രേഷിതപ്രവർത്തകരുടെ മധ്യസ്ഥനായി ഭാരതത്തിലെ കത്തോലിക്കാ മെത്രാൻസമിതി 2003 ഓഗസ്റ്റ് പതിനേഴാം തീയതി ഔദ്യോഗികമായി പ്രഖ്യാപിച്ചു. എല്ലാ വർഷവും ഓഗസ്റ്റ് മാസത്തിലെ രണ്ടാം ഞായറാഴ്ച തടവറ പ്രേഷിത ഞായർ ആയി ആചരിച്ചുവരുന്നു. തടവറയിൽ ആയിരിക്കുന്നവരെയും അവരുടെ കുടുംബങ്ങളെയും കുറ്റകൃത്യങ്ങൾക്ക് ഇരകളായി മാറിയവരെയും സവിശേഷമായവിധം നാമിന്ന് സ്മരിക്കുന്നു.

''ബന്ധിതർക്ക് മോചനവും അന്ധർക്കു കാഴ്ചയും അടിച്ചമർത്തപ്പെട്ടവർക്ക് സ്വാതന്ത്ര്യവും'' പ്രഖ്യാപിച്ചുകൊണ്ട് കർത്താവു നിർവ്വഹിച്ച രക്ഷാകരമായ ദൗത്യമാണ് ഇന്ന് സഭയിലൂടെ തുടരുന്നത് (ലൂക്കാ 4:18). ഈ സമഗ്രവിമോചനത്തിന്റെ ശുശ്രൂഷയും ദൗത്യനിർവ്വഹണവുമാണ് ആഴത്തിലും അർത്ഥപൂർണ്ണമായും തടവറ പ്രേഷിതപ്രവർത്തനങ്ങളിലൂടെ യാഥാർത്ഥ്യമാകുന്നത്. ''ഞാൻ കാരാഗൃഹത്തിൽ ആയിരുന്നു; നിങ്ങൾ എന്റെ അടുത്തുവന്നു'' (മത്താ 25:36) എന്ന ക്രിസ്തുമൊഴികൾ അന്ത്യവിധിയുടെ മാനദണ്ഡങ്ങൾ അടയാളപ്പെടുത്തുന്നവയാണ്. ബന്ധിതരും പാർശ്വവത്ക്കരിക്കപ്പെട്ടവരുമുൾപ്പെടുന്ന ചെറിയവർക്ക് നന്മ ചെയ്യുമ്പോഴെല്ലാം കർത്താവിനെയാണ് ശുശ്രൂഷിക്കുന്നത് എന്ന സത്യം ക്രൈസ്തവ ആധ്യാത്മികതയുടെ ഉൾപ്പൊരുളാണ്. കുറ്റം ചെയ്തവരും ചെയ്യാത്തവരും വിപരീത സാഹചര്യങ്ങളിലകപ്പെട്ട് നിസ്സഹായരുമായ പതിനായിരങ്ങൾ തടവറയിൽ കഴി

യുന്നുണ്ട്. ഈ സഹോദരങ്ങളിൽ ക്രൂശിതന്റെ മുഖം ദർശിച്ച് ഇവർക്കുവേണ്ടി പ്രാർത്ഥിക്കാനും ത്യാഗപൂർവ്വം പ്രവർത്തിക്കാനുമുള്ള വിലപ്പെട്ട അവസരമാണ് ജീസസ് ഫ്രട്ടേണിറ്റി എന്ന പ്രേഷിത സംഘടന സജ്ജമാക്കുന്നത്.

**ജയിൽവാസികളുടെ സ്ഥിതിവിവരങ്ങൾ**

നാഷണൽ ക്രൈം റെക്കോർഡ്സ് ബ്യൂറോയുടെ കണക്കനുസരിച്ച് ഇന്ത്യയിലെ 1319 ജയിലുകളിലായി അഞ്ചര ലക്ഷത്തോളം പേർ തടവറകളിൽ കഴിയുന്നുണ്ട്. അതിൽ 1,22,852 പേർ വിചാരണ കഴിഞ്ഞ് ശിക്ഷ അനുഭവിക്കുന്നവരാണ്. 1867 പേർ കുട്ടികളാണ്, 1650 പേർ കുട്ടികൾ ഒപ്പമുള്ള സ്ത്രീകളാണ്, 5565 പേർ വിദേശീയരായ തടവുകാരാണ്. എന്നാൽ 4,27,165 പേർ വിചാരണ നേരിടുന്ന തടവുകാരാണ്. അവർ ഒരു കുറ്റത്തിനും വിധിക്കപ്പെട്ടവരല്ല; വിചാരണ കാത്തുകിടക്കുന്നവരാണ്. ജാമ്യം ലഭിച്ചെങ്കിലും ജാമ്യത്തുക സംഘടിപ്പിക്കാനോ അത്തരത്തിലുള്ള ക്രമപ്പെടുത്തലുകൾ നടത്താനോ സാധിക്കാത്തതിനാൽ തുടർന്നും തടവറയിൽ തന്നെ കഴിയേണ്ടിവരുന്ന ഹതഭാഗ്യരും ഇക്കൂട്ടത്തിലുണ്ട്. അവരുടെ കുട്ടികളും പ്രിയപ്പെട്ടവരും അവർ സ്വതന്ത്രരായി പുറത്തുവരുന്നത് കാണാൻ കാത്തിരിക്കുകയാണ്. ഇന്ത്യയിൽ 472 പേർ വധശിക്ഷ കാത്തുകിടക്കുന്ന തടവുകാരാണെന്ന വസ്തുത ഏറെ ദുഃഖകരമാണ്. വധശിക്ഷയ്ക്ക് വിധിക്കപ്പെട്ടശേഷം അത് നടപ്പിലാക്കപ്പെടുന്നതുവരെയുള്ള ദിനങ്ങളിലൂടെ കടന്നുപോകുന്നവരുടെ മാനസികാവസ്ഥ എത്രയധികം ഭീതിജനകമാണ്! ഇവരുടെ വിമോചനത്തിനും പരിവർത്തനത്തിനും വീണ്ടെടുപ്പിനുംവേണ്ടി നമുക്ക് ആവുന്നതൊക്കെ ചെയ്യാം. പ്രാർത്ഥനയും തീക്ഷ്ണമായ ശ്രമങ്ങളും വഴി മരണപ്പട്ടികയിൽ ഉണ്ടായിരുന്ന അനവധി തടവുകാരെ ജീവപര്യന്തത്തിലേക്ക് മാറ്റുവാൻ ഇതിനോടകം നമുക്ക് സാധിച്ചിട്ടുണ്ട്.

**വധശിക്ഷ ഒഴിവാക്കപ്പെടണം**

വധശിക്ഷ അതിക്രൂരവും മനുഷ്യമഹത്വത്തെ പൂർണമായി നിരാകരിക്കുന്നതുമായ ഒരു പ്രവൃത്തിയാണ്. കത്തോലിക്കാ സഭ സമ്പൂർണമായും വധശിക്ഷയെ എതിർക്കുന്നു; അതിനെ ഒരുവിധത്തിലും സഭ ഉൾക്കൊള്ളുന്നില്ല. കുറ്റാരോപിതൻ ആരെന്നോ, കുറ്റത്തിന്റെ സ്വഭാവമോ സാഹചര്യമോ എന്തെന്നോ, വ്യക്തി കുറ്റക്കാരനോ നിഷ്കളങ്കനോ എന്നതോ, വിധി നടപ്പാക്കുന്ന രീതി എപ്രകാരമെന്നോ നോക്കാതെ സഭ വധശിക്ഷയ്ക്കു എതിരുനിൽക്കുന്നു. കാരണം, ജീവിക്കാനുള്ള മനുഷ്യാവകാശത്തിന്റെ നഗ്ന

മായ ലംഘനമാണ് വധശിക്ഷ. ജീവന്റെ ഉടമയായ ദൈവത്തിനു മാത്രമേ ഒരുവ്യക്തിയുടെ ജീവൻ തിരിച്ചെടുക്കാൻ അവകാശമുള്ളൂ. ഒരാൾ അതിക്രൂരമായ കുറ്റം ചെയ്താലും മനുഷ്യനെന്ന നിലയിൽ അയാളുടെ വ്യക്തിമഹാത്മ്യം നഷ്ടപ്പെടുന്നില്ല. മനുഷ്യന് സ്വന്തം തെറ്റ് പരിഹരിക്കാനും തിന്മയെ തിരുത്താനും സാധിക്കും എന്ന യാഥാർഥ്യമാണ് വധശിക്ഷയിലൂടെ വിസ്മരിക്കപ്പെടുന്നത്.

**പ്രിസൺ മിനിസ്ട്രി, ഇന്ത്യ**

തടവുകാരുടെയും അവരുടെ കുടുംബാംഗങ്ങളുടെയും ഇരകളുടെയും വിമോചനത്തിനും വളർച്ചയ്ക്കുംവേണ്ടി പ്രവർത്തിക്കുന്ന ഒരു ദേശീയ കത്തോലിക്കാ ആത്മീയ പ്രസ്ഥാനമാണ് പ്രിസൺ മിനിസ്ട്രി, ഇന്ത്യ. ജീസസ്സ് ഫ്രട്ടേണിറ്റി എന്നാണ് ഇത് കേരളത്തിൽ അറിയപ്പെടുന്നത്. കത്തോലിക്കാ മെത്രാൻ സമിതിയുടെ, നീതി, സമാധാനം, വികസനം (Justice, Peace and Development) എന്ന കമ്മീഷന്റെ കീഴിൽ ഇത് പ്രവർത്തിക്കുന്നു. ഭാരതത്തിലെ എല്ലാ സംസ്ഥാനങ്ങളിലും രൂപതകളുമായി ബന്ധപ്പെട്ട് പ്രിസൺ മിനിസ്ട്രി ഇന്ത്യയുടെ കോ-ഓർഡിനേറ്റർമാരുടെ നേതൃത്വത്തിൽ നിരവധി വോളണ്ടിയേഴ്സ് തടവറ ശുശ്രൂഷാമേഖലയിൽ സജീവമായി പ്രവർത്തിക്കുന്നുണ്ട്.

**കോൾബെ ഭവനങ്ങൾ**

തടവുകാരുടെ മക്കളുടെ സമഗ്ര പുരോഗതിക്കായി പ്രിസൺ മിനിസ്ട്രി, ഇന്ത്യ ആരംഭിച്ചിരിക്കുന്ന സ്ഥാപനങ്ങളാണ് കോൾബെ ഹോംസ്. പ്രിസൺ മിനിസ്ട്രി ഇന്ത്യയുടെ സുവർണ്ണ ജൂബിലിയോടനുബന്ധിച്ച് ഭാരതത്തിലെ എല്ലാ സംസ്ഥാനങ്ങളിലും ഇത്തരം കോൾബെ ഭവനങ്ങൾ സ്ഥാപിക്കുവാൻ ആഗ്രഹിക്കുന്നു. ഈ സ്വപ്നസാക്ഷാത്ക്കാരത്തിനായി നിങ്ങൾ ഏവരുടെയും തീക്ഷണമായ പ്രാർത്ഥനയും സാമ്പത്തിക സഹായവും അഭ്യർത്ഥിക്കുന്നു. അതോടൊപ്പം, ഈ കുട്ടികൾക്കുവേണ്ടിയും തടവറയിൽ കഴിയുന്ന ഇവരുടെ മാതാപിതാക്കന്മാർക്കുവേണ്ടിയും ഈ സ്ഥാപനങ്ങൾ ത്യാഗപൂർവ്വം നടത്തുന്ന സമർപ്പിത സഹോദരിമാർക്കും വൈദികർക്കും വേണ്ടിയും പ്രാർത്ഥിക്കുവാൻ നമുക്ക് കഴിയണം.

**സ്നേഹാശ്രമങ്ങൾ**

തടവറയിൽനിന്ന് മോചനം ലഭിക്കുന്നവർക്കുവേണ്ടിയുള്ള നവീകരണ - പുനരധിവാസ കേന്ദ്രങ്ങളാണ് സ്നേഹാശ്രമങ്ങൾ. ശിക്ഷ കഴിഞ്ഞ് ഇറങ്ങുന്നവർക്ക് ആത്മീയവും മാനസികവുമായ കരുത്തു പകരുന്ന ഇടത്താവളങ്ങളാണിവ. പുരുഷന്മാർക്കും സ്ത്രീ

കൾക്കും കുട്ടികൾക്കുമായി മൂന്നു വ്യത്യസ്ത രീതിയിലുള്ള സ്നേഹാശ്രമങ്ങൾ ഇന്ന് കേരളത്തിലുണ്ട്. കുറ്റകൃത്യങ്ങളുടെ ലോകത്തുനിന്നും പരിപൂർണമായി പിന്മാറി കുടുംബത്തിനും സമൂഹത്തിനും ഉപകാരപ്രദവും അഭിമാനകരവുമായ രീതിയിൽ ജീവിതം കരുപ്പിടിപ്പിക്കുവാൻ പ്രാപ്തമാക്കുന്ന പരിശീലനമാണ് ഇവിടെ നല്കപ്പെടുന്നത്. സ്നേഹാശ്രമങ്ങൾ വഴിയായി അഴികൾക്കു പിന്നിലുള്ള ആയിരക്കണക്കിന് സഹോദരങ്ങളെ പരിവർത്തനപ്പെടുത്താനും പുനരധിവസിപ്പിക്കാനും ജോലി നേടിക്കൊടുത്ത് കുടുംബസമേതം സ്വസ്ഥമായി ജീവിക്കുന്നതിനു വഴിയൊരുക്കാനും നമുക്കു സാധിച്ചിട്ടുണ്ട്. വിമോചിതരായ തടവുകാർക്ക് തൊഴിലും ഭവനവും വിദ്യാഭ്യാസ സ്കോളർഷിപ്പുകളും ലഭ്യമാക്കുന്നതോടൊപ്പം, തടവുകാർ മോചിതരാകുമ്പോൾ നൽകേണ്ട പിഴയും നഷ്ടപരിഹാരവും കൊടുത്തുതീർക്കുന്നതിനുള്ള പദ്ധതികളുമായി ജീസസ്സ് ഫ്രട്ടേണിറ്റി മുന്നോട്ടുപോകുന്നു. ജീസസ്സ് ഫ്രട്ടേണിറ്റിയുടെ പ്രവർത്തനങ്ങളിൽ പങ്കാളികളാകുവാൻ നിങ്ങളെ എല്ലാവരേയും സ്വാഗതം ചെയ്യുന്നു.

**ഉപസംഹാരം**

'ബന്ധിതർ ആയിരിക്കുന്ന സഹോദരരേ, ഞങ്ങൾ നിങ്ങളെ സ്നേഹിക്കുന്നു, നിങ്ങൾക്കുവേണ്ടി പ്രാർത്ഥിക്കുന്നു, നിങ്ങളുടെ സമഗ്രവളർച്ചക്കുവേണ്ടി പ്രവർത്തിക്കാൻ ഞങ്ങൾ പ്രതിജ്ഞാബദ്ധരാണ്. ഞങ്ങൾ നിങ്ങളുടെ കുടുംബങ്ങൾക്കും ഇരയായവർക്കും വേണ്ടി പ്രത്യേകം പ്രാർത്ഥിക്കുന്നു' എന്ന് നമ്മൾ പ്രതിജ്ഞ എടുക്കേണ്ട ദിനമാണിന്ന്. കമ്മീഷനിലെ മെത്രാന്മാർ എല്ലാ രൂപതകളോടും മേജർ സുപ്പിരിയർമാരോടും ഗുണകാംക്ഷികളോടും തടവറ ശുശ്രൂഷയ്ക്കായി നിങ്ങൾ ഔദാര്യപൂർവം നൽകുന്ന സംഭാവനകൾക്ക് ആത്മാർത്ഥമായി കൃതജ്ഞത പ്രകാശിപ്പിക്കുന്നു. തടവറയിലുള്ളവരെ മാനസാന്തരത്തിലേക്ക് നയിക്കുന്നതിനും സമൂഹത്തിൽ പുനരധിവസിപ്പിക്കുന്നതിനുംവേണ്ടി ജീസസ്സ് ഫ്രട്ടേണിറ്റി പ്രേഷിതർ നടത്തുന്ന ത്യാഗനിർഭരമായ പ്രവർത്തനങ്ങളെ ഞങ്ങൾ ആത്മാർത്ഥമായി അഭിനന്ദിക്കുന്നു. വിശുദ്ധ മാക്സിമില്യൻ കോൾബെയുടെ മാധ്യസ്ഥ്യംവഴി നമ്മുടെ ശുശ്രൂഷകൾ കൂടുതൽ ഫലപ്രദമാകട്ടെ. ബന്ധിതരായ നമ്മുടെ സഹോദരരുടെ സമഗ്ര വിമോചനത്തിനായി നമ്മെത്തന്നെ പുനർസമർപ്പിക്കുമ്പോൾ നമ്മുടെ അമ്മയായ പരിശുദ്ധ മറിയത്തിന്റെ മാധ്യസ്ഥ്യവും നമുക്ക്

സഹായകമാകട്ടെ! നഷ്ടപ്പെട്ടതിനെ തേടിയെത്തി രക്ഷ നൽകിയ ക്രിസ്തുനാഥൻ നിങ്ങൾ ഏവരെയും സമൃദ്ധമായി അനുഗ്രഹിക്കട്ടെ.

ഈശോമിശിഹായിൽ സ്നേഹപൂർവ്വം,
**ബിഷപ് മാർ ജോസ് പുളിക്കൽ**
(ചെയർമാൻ, കെസിബിസി ജസ്റ്റിസ്,
പീസ് ആൻഡ് ഡെവലപ്പ്മെന്റ് കമ്മീഷൻ)
**ആർച്ച് ബിഷപ് തോമസ് മാർ കൂറിലോസ്**
(വൈസ് ചെയർമാൻ, കെസിബിസി ജസ്റ്റിസ്,
പീസ് ആൻഡ് ഡെവലപ്പ്മെന്റ് കമ്മീഷൻ)
**ആർച്ച് ബിഷപ് തോമസ് ജെ. നെറ്റോ**
(വൈസ് ചെയർമാൻ, കെസിബിസി ജസ്റ്റിസ്,
പീസ് ആൻഡ് ഡെവലപ്പ്മെന്റ് കമ്മീഷൻ)

പി.ഒ.സി., കേരള കത്തോലിക്കാസഭയുടെ ആസ്ഥാനകാര്യാലയം,
കൊച്ചി: 682 025

**N:B:** 2023 ആഗസ്റ്റ് 13-ാം തീയതി ഈ സർക്കുലർ കേരളത്തിലെ സീറോ മലബാർ, ലത്തീൻ, മലങ്കര കത്തോലിക്കാ സഭകളിലെ എല്ലാ ദേവാലയങ്ങളിലും ദിവ്യബലി അർപ്പിക്കപ്പെടുന്ന എല്ലാ സ്ഥാപനങ്ങളിലും വായിക്കുമല്ലോ.

**വിശ്വാസികളുടെ പ്രാർത്ഥന**

**കാർമികൻ:** പ്രിയ സഹോദരീ സഹോദരന്മാരേ, പാപികളോടും ദരിദ്രരോടും ക്രിസ്തു വലിയ അനുകമ്പ പ്രദർശിപ്പിച്ചു. അതുപോലെ, ബന്ധനസ്ഥരും പാർശ്വവൽക്കരിക്കപ്പെട്ടവരുമായ സഹോദരരോട് അനുകമ്പ കാണിക്കാൻ പരിശുദ്ധാത്മാവിനാൽ നമ്മെ പ്രചോദിതരാക്കണമെന്ന് നമുക്ക് കർത്താവിനോട് അപേക്ഷിക്കാം.

**സമൂ:** കർത്താവേ, ഞങ്ങളുടെ പ്രാർഥന കേട്ടരുളേണമേ.

കർത്താവേ, ഞങ്ങൾ സാർവത്രിക സഭയ്ക്കുവേണ്ടി പ്രാർത്ഥിക്കുന്നു: പരിശുദ്ധ പിതാവും മെത്രാന്മാരും വൈദികരും സമർപ്പിതരും അങ്ങയുടെ വിമോചിപ്പിക്കുന്ന സ്നേഹത്തിന്റെ ഉപകരണങ്ങളായി ഭവിക്കട്ടെ. ബന്ധനസ്ഥരായ സഹോദരങ്ങളിൽ അങ്ങയുടെ സാദൃശ്യവും രൂപവും പുനർജനിപ്പിക്കാൻ അവരെ സഹായിക്കണമേഎന്ന് ഞങ്ങൾ അപേക്ഷിക്കുന്നു.

**സമൂ:** കർത്താവേ, ഞങ്ങളുടെ പ്രാർത്ഥന കേട്ടരുളേണമേ.

കർത്താവേ, അങ്ങ് ഒരു നിഷ്കളങ്കനായ തടവുകാരൻ ആയിരുന്നു; അങ്ങനെ അങ്ങ് ഒരു യഥാർത്ഥ തടവുകാരന്റെ ഭാഗധേയം പങ്കുവെച്ചു. അഴികൾക്ക് പിന്നിലുള്ള ഞങ്ങളുടെ സഹോദരീ സഹോദരന്മാരുടെ മാനസിക വ്യഥയും അവർ അനുഭവിക്കുന്ന ശാരീരിക അസ്വസ്ഥതയും അങ്ങയുടെ മുമ്പിൽ ഞങ്ങൾ കൊണ്ടുവരുന്നു. അവരിലും അവരുടെ കുടുംബങ്ങളിലും അങ്ങയുടെ അനുഗ്രഹം ഉണ്ടാകണമേ. ആർദ്രതയും ശാന്തതയും സന്മനസ്സും ജയിൽ അധികാരികൾക്ക് നൽകണമേ എന്ന് ഞങ്ങൾ അപേക്ഷിക്കുന്നു.

**സമൂ:** കർത്താവേ, ഞങ്ങളുടെ പ്രാർത്ഥന കേട്ടരുളേണമേ.

കർത്താവേ, എളിയവർക്കും നഷ്ടപ്പെട്ടവർക്കും ഏററം ഒടുവിലായിരിക്കുന്നവർക്കും വേണ്ടി തങ്ങളുടെ സമയവും കഴിവുകളും സമർപ്പിക്കുന്ന പ്രിസൺ മിനിസ്ട്രി ഇന്ത്യയുടെ വോളണ്ടിയർമാരുടെ മേൽ അങ്ങയുടെ അനുഗ്രഹം ചൊരിയണമെന്ന് ഞങ്ങൾ പ്രാർത്ഥിക്കുന്നു. നല്ല ഇടയനായ യേശുവേ, അങ്ങയുടെ മാർഗനിർദേശവും സംരക്ഷണവും അവരുടെ ശുശ്രൂഷയിൽ ഉണ്ടാകണമേ എന്ന് ഞങ്ങൾ അപേക്ഷിക്കുന്നു.

**സമൂ:** കർത്താവേ, ഞങ്ങളുടെ പ്രാർത്ഥന കേട്ടരുളേണമേ.

കർത്താവേ, അന്യായമായി കുറ്റാരോപിതരും അക്കാരണത്താൽ ബന്ധനസ്ഥരായവർക്കുംവേണ്ടി ഞങ്ങൾ പ്രാർത്ഥിക്കുന്നു. വലിയ വേദനയും തിക്തതയും ആണല്ലോ അവർ അനുഭവിക്കുന്നത്. കരുണാമയനായ ദൈവമേ, അവരുടെ കാര്യത്തിൽ അനുഭാവപൂർണമായ തീരുമാനത്തിൽ എത്തിച്ചേരാൻ വേണ്ട നിയമപരമായ സഹായം അവർക്കു ലഭ്യമാക്കാനും അങ്ങനെ അവർ എത്രയും പെട്ടെന്ന് മോചിതരാകാനും ഇടയാക്കണമെന്നു ഞങ്ങൾ അപേക്ഷിക്കുന്നു.

**സമൂ:** കർത്താവേ, ഞങ്ങളുടെ പ്രാർത്ഥന കേട്ടരുളേണമേ.

**കാർമികൻ:** സ്നേഹപിതാവേ, അങ്ങയുടെ മക്കൾ അങ്ങയുടെ പക്കലേക്ക് തിരിയുമ്പോൾ അങ്ങ് ഏറെ സന്തുഷ്ടനാണല്ലോ. അങ്ങയുടെ സുഖപ്പെടുത്തുന്ന കരം നീട്ടി അഴികൾക്ക് പിറകിലുള്ള ഞങ്ങളുടെ സഹോദരരെ സ്പർശിക്കണമേ; അങ്ങനെ അവർ ഒരു പുതുജീവിതം നയിക്കാൻ ഇടവരട്ടെ. കർത്താവായ ക്രിസ്തുവഴി ഈ പ്രാർത്ഥന കേട്ടരുളേണമേ. ആമേൻ.

# സർക്കുലർ

**Prot. No. 28014/2023**
**Circular No. 06/2023**

പ്രിയ ബഹുമാനപ്പെട്ട അച്ചന്മാരേ, സമർപ്പിതരേ, സഹോദരീ സഹോദരന്മാരേ, പ്രിയ കുട്ടികളേ, ഈശോമിശിഹായ്ക്ക് സ്തുതിയായിരിക്കട്ടെ.

നമ്മുടെ രൂപതയുടെ സുവർണ്ണ ജൂബിലി വർഷം ദൈവാനുഗ്രഹത്താൽ നല്ല രീതിയിൽ സമാപിപ്പിക്കാൻ നമുക്ക് സാധിച്ചു. നിങ്ങളെല്ലാവരും രൂപതയിലെ വൈദികരും സമർപ്പിതരും, അൽമായ നേതാക്കന്മാരും രൂപതാംഗങ്ങൾ മുഴുവനും ഒരേ മനസ്സോടെ സഹകരിച്ചതുകൊണ്ടാണ് നമുക്കത് സാധിച്ചത്.

എപ്പാർക്കിയിൽ അസംബ്ലിയുടെ ഒരുക്കങ്ങൾ എല്ലാ തലങ്ങളിലും നടത്തപ്പെട്ടു. അതിനാലാണ് രൂപതാതലത്തിൽ അത് വിജയകരമായത്. എപ്പാർക്കിയൽ അസംബ്ലി വളരെ വിജയകരമായി നടത്തിയതിനൊപ്പം രൂപതയുടെ ആത്മീയവും ഭൗതികവുമായ പുരോഗതിക്ക് ധാരാളം ക്രിയാത്മക നിർദ്ദേശങ്ങൾ സ്വരൂപിക്കാനും സാധിച്ചു.

നമ്മുടെ രൂപതയുടെ മദ്ധ്യസ്ഥയായ മാതാവിന്റെ തിരുസ്വരൂപപ്രയാണത്തിന് എല്ലാ ഇടവകകളിലും വളരെ മികച്ച സ്വീകരണം നൽകി പ്രാർത്ഥനാ ദിനമായി ആചരിച്ചു. രൂപതയിൽ നടന്ന വിവിധ പൊതുസമ്മേളനങ്ങളിലും ഇടവക, ഫൊറോനാ തല സംഗമങ്ങളിലും നിരവധി പേർ പങ്കെടുത്തു. മിക്ക ഇടവകകളിലും ധ്യാനം ഹോം മിഷൻ, വിവിധ തലങ്ങളിലുള്ള സമ്മേളനങ്ങൾ എന്നിവയുണ്ടായിരുന്നു.

ഇടവക തലത്തിൽ ബഹു. വികാരിയച്ചന്മാരുടെ നേതൃത്വത്തിൽ ഇടവകകൾ, വയനാട് സോഷ്യൽ സർവീസ് സൊസൈറ്റി, ബയോവിൻ അഗ്രോ റിസർച്ച്, കോർപ്പൊറേറ്റ് മാനേജ്മെന്റിലെ അധ്യാപക അനധ്യാപകർ, വിവിധ സന്യാസസമൂഹങ്ങൾ, സംഘടനകൾ, വ്യക്തികൾ, എന്നിവരുടെ സാമ്പത്തിക സഹകരണത്തോടെ ഭവന രഹിതരായ ഇരുന്നൂറിലധികം കുടുംബങ്ങൾക്ക് പുതിയ ഭവനങ്ങൾ നിർമ്മിച്ചു നൽകി. വീടും സ്ഥലവുമില്ലാത്ത 29 കുടുംബങ്ങൾക്ക് രൂപതയുടെ പേരിലുള്ള സ്ഥലത്ത് നിന്ന് പത്ത് സെന്റ് വീതം സ്ഥലവും കൊടുത്തു. സന്യാസ സമൂഹങ്ങളും വ്യക്തികളും പലർക്കായി സ്ഥലം സംഭാവന ചെയ്തു. കൂടാതെ

രൂപതാ ജൂബിലിപ്രവർത്തനങ്ങൾക്കായി നടത്തിയ സാമ്പത്തിക സമാഹരണത്തിൽ നിങ്ങൾ എല്ലാവരും സഹകരിച്ചു. (ഇത് സംബന്ധിച്ച കണക്കുകൾഈ ബുള്ളറ്റിനിൽ അന്യത്ര പ്രസിദ്ധീകരിച്ചിട്ടുണ്ട്).

ജൂബിലിക്കായി പ്രാർത്ഥിച്ചൊരുങ്ങിയത് വഴി ലഭിച്ച ദൈവാനുഗ്രഹത്തോടൊപ്പം നിങ്ങൾ എല്ലാവരുടെയും ആത്മാർത്ഥമായ സഹകരണവുമാണ് ജൂബിലി വർഷത്തിലെ എല്ലാ നേട്ടങ്ങൾക്കും നിദാനമായത്.

എപ്പാർക്കിയൽ അസംബ്ലിയുടെ നടത്തിപ്പിനും ജൂബിലി ആചരണത്തിനും വേണ്ടി രൂപീകരിക്കപ്പെട്ട വിവിധ കമ്മിറ്റികളിൽ നിങ്ങളിൽ പലരും അംഗങ്ങളായി നേതൃനിരയിൽ പ്രവർത്തിക്കുകയും നിസ്വാർത്ഥമായ സേവനം ചെയ്യുകയും ചെയ്തു. പ്രത്യേകമായി നമ്മുടെ രൂപതയിലെ എല്ലാ സംഘടനകൾക്കും ഡിപ്പാർട്ട്മെന്റുകൾക്കും നേതൃത്വം നല്കുന്ന ഡയറക്ടർമാരേയും ടീം അംഗങ്ങളേയും, സന്യസ്തസമൂഹാധികാരികളേയും പാസ്റ്ററൽ കൗൺസിൽ അംഗങ്ങളേയും കൃതജ്ഞതാപൂർവ്വം സ്മരിക്കുന്നു. ജൂബിലിവർഷത്തിലെ പദ്ധതികൾ എല്ലാം വിജയകരമായി പൂർത്തീകരിക്കുന്നതിന് നിങ്ങളോരോരുത്തരും നൽകിയ സഹായ സഹകരണങ്ങൾക്ക് ഹൃദയപൂർവം നന്ദി പറയുന്നു.

ജൂബിലി വർഷത്തിൽ ആരംഭം കുറിച്ച പല പദ്ധതികളും ഇനിയും തുടർന്നുകൊണ്ടു പേകേണ്ടവയാണ്. അതിനും നിങ്ങളുടെ സഹകരണം പ്രതീക്ഷിക്കുന്നു. എല്ലാവരും തുടർന്നും സഹകരിച്ചാൽ ഇനിയും കൂടുതൽ കാര്യങ്ങൾ ചെയ്യാൻ നമ്മുക്ക് സാധിക്കും എന്നതിൽ സംശയമില്ല. ഇടവകതലത്തിലും രൂപതാതലത്തിലുമുള്ള എല്ലാ പ്രവർത്തനങ്ങളിലും നിങ്ങളുടെ ത്യാഗപൂർവ്വകമായ സഹകരണത്തിന് ദൈവം ധാരാളമായി പ്രതിഫലം നൽകട്ടെ എന്ന് പ്രാർത്ഥിക്കുന്നു. കർത്താവിന്റെ കൃപ നിങ്ങളേവരോടും കൂടെ ഉണ്ടായിരിക്കട്ടെ.

യേശുവിൽ,

**ബിഷപ്പ് ജോസ് പൊരുന്നേടം**
മാനന്തവാടി രൂപതയുടെ മെത്രാൻ

---

ഈ സർക്കുലർ 2023 ആഗസ്റ്റ് മാസം 20 ന് ഞായറാഴ്ച എല്ലാ ഇടവകകളിലും വി. കുർബാന മദ്ധ്യേ വായിക്കേണ്ടതാണ്.

| JUBILEE CONTRIBUTION | |
|---|---|
| **PARISHES** | **AMOUNT** |
| **CHUNGAKUNNU FORANE** | |
| ADACKATHOD | 71,100.00 |
| AMBAYATHOD | 43,000.00 |
| CHUNGAKUNNU | 1,49,380.00 |
| KELAKAM | 48,160.00 |
| KOTTIYOOR | 1,07,200.00 |
| NELLIYODI | 8,000.00 |
| OTTAPLAV | 31,100.00 |
| PALCHURAM | 15,000.00 |
| SANTHIGIRI | 31,450.00 |
| VELLOONNY | 25,000.00 |
| **DWARAKA FORANE** | |
| CHULLIYANA | 22,150.00 |
| DWARAKA | 78,510.00 |
| KARACKAMALA | 34,860.00 |
| KOMMAYAD | 26,000.00 |
| MANGALASSERY | 25,650.00 |
| MOTHAKARA | 12,000.00 |
| THONICHAL | 6,800.00 |
| VELLAMUNDA | 19,600.00 |
| VILAMBUKANDAM | 50,000.00 |
| KOOLIVAYAL | 32,550.00 |
| **KALPETTA FORANE** | |
| CHARITY | 16,652.00 |
| EDAPETTY | 30,650.00 |
| KALPETTA | 1,79,050.00 |
| KOLAVAYAL | 43,300.00 |
| LAKKIDI | 4,550.00 |
| NEDUMPALA | 40,650.00 |
| OLIVUMALA | 8,850.00 |

| | |
|---|---|
| PUZHAMUDI | 9,500.00 |
| RIPPON | 25,000.00 |
| THENERI | 37,800.00 |
| VAZHZVATTA | 61,550.00 |
| VYTHIRI | 28,350.00 |
| CHOORALMALA | 13,650.00 |
| KUNNNAMBETTA | 2,750.00 |
| THRIKAIPETTA | |
| KALATHUVAYAL | 40,700.00 |
| **KALLODY FORANE** | |
| DEEPTHIGIRI | 16,500.00 |
| JUDES MOUNT | 34,890.00 |
| KALLODY | 1,83,450.00 |
| KARIMBIL | 13,450.00 |
| KUNJHOME | 27,450.00 |
| MAKKIYAD | 20,000.00 |
| NIRAVILPUZHA | |
| PUTHUSSERY | |
| PUTHIYIDOMKUNNU | |
| VANJODE | 17,390.00 |
| VALERY | 16,390.00 |
| ELLUMMANNAM | 21,860.00 |
| **MANIMOOLY FORANE** | |
| BHOODANAM | |
| MANIMOOLY | 2,00,000.00 |
| MUNDERI | 3,000.00 |
| NARIVALAMUNDA | 59,240.00 |
| PALANKARA | 41,450.00 |
| PALEMAD | 48,000.00 |
| PATHIRIPADAM | 51,995.00 |
| THALANJI | 1,00,000.00 |
| THALIPADAM | |

| | |
|---|---|
| MARUTHA | 7,000.00 |
| **MANANTHAVADY FORANE** | |
| ALATTIL | 40,000.00 |
| BOYS TOWN | |
| ELAPEEDIKA | 5,000.00 |
| KARIMANI | 25,000.00 |
| KUTTIMOOLA | 11,400.00 |
| MANANTHAVADY CATHEDRAL | 1,21,800.00 |
| MANANTHAVADY TOWN CHURCH | 96,500.00 |
| MUTHIRERI | 15,000.00 |
| PARATHOTTAM | 20,450.00 |
| PERIA | 13,350.00 |
| POROOR | 32,560.00 |
| PRASANTHAGIRI | 22,000.00 |
| PUTHIYIDOM | 17,030.00 |
| THALAPUZHA | 30,580.00 |
| THAVINJAL | 25,000.00 |
| VALAD | 10,000.00 |
| VALIAKOLLY | 8,500.00 |
| YAVANARKULAM | 10,450.00 |
| **MULLANKOLLY FORANE** | |
| ADIKOLLY | 71,580.00 |
| AMARAKUNI | 35,000.00 |
| IRULAM | 20,000.00 |
| KABANIGIRI | 39,300.00 |
| MARAKAVU | 77,390.00 |
| MARAKADAVU | 46,230.00 |
| MULLANKOLLY | 2,84,320.00 |
| PADICHIRA | 24,410.00 |
| PATTANIKOP | 30,000.00 |

| | |
|---|---|
| PULPALLY | 1,51,700.00 |
| SEETHAMOUNT | 76,501.00 |
| SISUMALA | 42,430.00 |
| VALANCHERY | 8,750.00 |
| **NADAVAYAL FORANE** | |
| ARINJERMALA | 43,760.00 |
| CHUNDAKARA | 1,27,750.00 |
| CHERUKATTOOR | 1,47,250.00 |
| KALLUVAYAL | 53,215.00 |
| KANIYAMBETTA | 29,300.00 |
| KENICHIRA | 78,335.00 |
| KURUMBALAKOTTA | 32,000.00 |
| NADAVAYAL | 1,93,900.00 |
| NEIKUPPA | 21,470.00 |
| PANAMARAM | 10,000.00 |
| PARALIKUNNU | 13,100.00 |
| VALAVAYAL | 17,450.00 |
| **NILAMBUR FORANE** | |
| CHOKKAD | 13,000.00 |
| EDIVANNA | 59,200.00 |
| MOOLEPADAM | 16,650.00 |
| NILAMBUR | 1,53,900.00 |
| POOKKOTTUMPADAM | 59,300.00 |
| POOLAPADAM | 32,050.00 |
| RUBY NAGAR | 12,106.00 |
| T K COLONY | 8,550.00 |
| THELPARA | 15,000.00 |
| VADAPURAM | 1,000.00 |
| VALLIKETT | 20,000.00 |
| MUTTIYEL | 17,360.00 |
| **NILGIRI REGION** | |
| ARATTUPARA | |

| | |
|---|---|
| ARUVANKADU | 3,900.00 |
| ARULNILAYAM | 79,550.00 |
| BEKKI | |
| BURLIAR | 3,850.00 |
| COONOR | 26,150.00 |
| DHARMAGIRI | 25,000.00 |
| KALPARA | 55,200.00 |
| KAYYUNNI | 90,000.00 |
| KUNNALADY | 20,550.00 |
| MACHIKOLLY (BOSPARA) | 30,500.00 |
| MANAVAYAL | 32,300.00 |
| OOTTY | 5,000.00 |
| PANAMCHIRA | 7,900.00 |
| VIMALAGIRI | 34,450.00 |
| **PAYYAMPALLY FORANE** | |
| APPAPARA | 3,850.00 |
| ARATTUTHARA | 39,750.00 |
| BAVALI | 2,090.00 |
| EDAYOORKUNNU | 15,600.00 |
| KAMMANA | 51,700.00 |
| KARTIKULAM | 2,000.00 |
| ONDAYAGADI | 35,400.00 |
| PADAMALA | 1,000.00 |
| PANAVALLY | 7,550.00 |
| PAYYAMPALLY | 1,42,500.00 |
| THRISSILERY | 21,000.00 |
| **BATHERY FORANE** | |
| AMBALAVAYAL | 62,800.00 |
| CHITHRAGIRI | 41,850.00 |
| CHULLIOD | 11,000.00 |
| KADALMAD | 41,900.00 |

| | |
|---|---|
| KALLUMUKKU | 16,400.00 |
| KARANI | 8,200.00 |
| MEENANGADI | 41,000.00 |
| MOOLANKAVU | 21,500.00 |
| PAZHOOR | 50,350.00 |
| BATHERY | 2,37,290.00 |
| THOMATTUCHAL | 30,850.00 |
| VADAKKANAD | 17,100.00 |
| VAKERY | 15,000.00 |
| CHEENGAVALLAM | 16,950.00 |
| **THARIOD FORANE** | |
| CHENNALOD | 60,100.00 |
| KAVUMMANNAM | 27,000.00 |
| KOTTATHARA | 51,920.00 |
| KURUMBALA | 43,570.00 |
| KURUMANI | 10,500.00 |
| MANGALAM | 5,000.00 |
| MANJOORA | 11,130.00 |
| PUTHUSSERYKADAV | 32,300.00 |
| THARIOD | 1,08,710.00 |
| PANTHIPOIL | 5,750.00 |
| TOTAL | 65,35,414.00 |
| **INSTITUTIONS** | |
| ASSISSI INFANT JESUS CONVENT KOTHAKIRI | 5,000.00 |
| ASSISSI SNEHASADHAN | 10,000.00 |
| CAMMILLIUS CONVENT CHUNGAKUNNU | 10,000.00 |
| CMC PROVINCIAL HOUSE | 1,00,000.00 |
| CMI ST. THOMAS PROVINCE | 1,00,000.00 |
| DIVINE PROVIDENCE SEMINARY | 25,000.00 |
| FCC PROVINCIAL HOUSE | 1,50,000.00 |

| | |
|---|---|
| MARIA SADHAN, KENICHIRA | 15,000.00 |
| MCBS ZION PROVINCE | 25,000.00 |
| MOTHER SUPERIOR ST. JOSEPH CONVENT (MSJ) | 3,000.00 |
| MSMI PROVINCIAL HOUSE | 1,00,000.00 |
| NIRMALA CONVENT KUZHINILAM | 5,000.00 |
| NORERTINES KIZHINILAM | 1,50,000.00 |
| S H PROVINCIAL HOUSE | 1,00,000.00 |
| SABS CONVENT PULPALLY | 2,000.00 |
| SABS PROVINCIAL HOUSE | 2,00,000.00 |
| SCHENESTATT SISTERS | 10,000.00 |
| SCJM CONVENT THENARI | 5,000.00 |
| SD CONVENT MANANTHAVADY | 25,000.00 |
| SOCIETY OF KRISTUDASI | 1,00,000.00 |
| SOCIETY OF THE DAUGHTERS OF ST. CAMMILLIUS | 10,000.00 |
| SR. MARY PULICKAL SJL | 10,000.00 |
| ST. ANNS CONVENT PERUVAKA | 5,000.00 |
| ST. ANNS HOSPITAL NADAVAYAL | 3,00,000.00 |
| ST. PATRICS SCHOOL | 10,000.00 |
| THE SOCIETY OF THE ORDER OF ST. CAMILLUS | 5,000.00 |
| VINCEINTIAN HOUSE | 10,000.00 |
| VINCENTGIRI GENERALITE | 12,00,000.00 |
| | 26,90,000.00 |
| **Grand Total** | **92,25,414.00** |

**ഫാ. ജോസ് കൊച്ചറയ്ക്കൽ**
പ്രൊക്കുറേറ്റർ, മാനന്തവാടി രൂപത

## മാനന്തവാടി രൂപതാ നിയമാവലിയിലെ ഭേദഗതി
## (പുതിയ നിയമാവലി (2022) പേജ് നമ്പർ 307, നമ്പർ 20)

മാതാപിതാക്കൾക്ക് പുറമെ തറവാട്ടിൽ താമസിക്കുന്ന അഥവാ മാതാപിതാക്കളോടൊപ്പം താമസിക്കുന്ന കുടുംബനാഥനും കുടുംബനാഥയ്ക്കും അവരുടെ പിൻതലമുറക്കാർക്കും കുടുംബ കല്ലറയിൽ സംസ്കരിക്കപ്പെടുവാൻ അവകാശമുണ്ടായിരിക്കും. കൂടാതെ അതേ കുടുംബത്തിൽ താമസിക്കുന്ന വിവാഹിതരാ കാത്ത / വിവാഹമോചിതരായ പെൺമക്കൾക്കും കുടുംബകല്ലറ യിൽ സംസ്ക്കരിക്കുവാൻ അവകാശമുണ്ടായിരിക്കും. കല്ലറ എടു ത്തിരിക്കുന്ന ആൾക്ക് മക്കളില്ലാതെ വന്നാൽ കല്ലറയുടെ അവകാശം വിൽപത്രത്തിൽ / അപേക്ഷയിൽ പറഞ്ഞിരിക്കുന്ന ആളിലേയ്ക്ക് മാറുന്നതാണ്.

മുകളിൽപ്പറഞ്ഞപ്രകാരം പുതിയ നിയമാവലി (2022) പേജ് 307, നമ്പർ 20. ഭേദഗതി ചെയ്യുകയും പഴയത് റദ്ദ് ചെയ്യുകയും ചെയ്യുന്നു. ഇത് കുടുംബക്കല്ലറകൾ എടുത്തിട്ടുള്ളവർക്കും ഇനി എടുക്കുന്നവർക്കും ബാധകമായിരിക്കും. ഈ ഭേദഗതി 2023 ജൂലൈ 01 മുതൽ പ്രാബല്യത്തിൽ വരുന്നതാണ്.

മാനന്തവാടി രുപതാ കാര്യാലയത്തിൽ നിന്നും 2023 ജൂൺ മാസം 29 ന് നൽകപ്പെട്ടത്.

യേശുവിൽ,

**ബിഷപ്പ് ജോസ് പൊരുന്നേടം**
മാനന്തവാടി രൂപതയുടെ മെത്രാൻ

# രൂപതാകച്ചേരി വാർത്തകൾ

**സ്നേഹസ്മരണ**

ബഹു. മാത്യു കാട്ടറത്ത് അച്ചന്റെ ചരമവാർഷികം ആഗസ്റ്റ് 9-ാം തീയതിയും, ബഹു. കുര്യൻ പുതനപ്ര അച്ചന്റെ ചരമവാർഷികം ആഗസ്റ്റ് 17-നും, ബഹു സെബാസ്റ്റ്യൻ പാലക്കീൽ അച്ചന്റെയും, ബഹു. ജോസഫ് മഴുവഞ്ചേരി അച്ചന്റെയും ചരമവാർഷികം സെപ്റ്റംബർ 2 നുമാണ്. ഈ വൈദികരെ നമ്മുടെ ബലികളിലും പ്രാർത്ഥനകളിലും പ്രത്യേകം അനുസ്മരിക്കാം.

**വൈദിക സമിതി (Presbyteral Council)**

വൈദിക സമിതി (Presbyteral Council) യുടെ ഒരു യോഗം 2023 സെപ്റ്റംബർ 4 തിങ്കളാഴ്ച രാവിലെ 10.30 നു മാനന്തവാടി ബിഷപ്സ് ഹൗസ്സിൽ ചേരുന്നതാണ്. അംഗങ്ങൾക്കു ക്ഷണക്കത്തുകൾ അയക്കുന്നതാണ്. ഏതെങ്കിലും കാരണവശാൽ കിട്ടിയില്ലെങ്കിൽ ഇതൊരറിയിപ്പായി സ്വീകരിച്ച് യോഗത്തിൽ സംന്ധിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

**ബഹു. വൈദികരുടെ വാർഷിക ധ്യാനം**

നേരത്തെ അറിയിച്ചിരുന്നതുപോലെ ഈ വർഷത്തെ നമ്മുടെ ബഹുമാനപ്പെട്ട വൈദികരുടെ വാർഷിക ധ്യാനം സെപ്റ്റംബർ 10 ഞായറാഴ്ച വൈകുന്നേരം മുതൽ സെപ്റ്റംബർ 15 വെള്ളിയാഴ്ചവരെയും, സെപ്റ്റംബർ 17 ഞായറാഴ്ച മുതൽ സെപ്റ്റംബർ 22 വെള്ളിയാഴ്ച വരെയുമാണ്. ധ്യാനം നയിക്കുന്നത് ഡൊമിനിക്കൻ സഭാംഗമായ പ്രശസ്ത ധ്യാനഗുരുവും ബൈബിൾ പണ്ഡിതനുമായ ബഹു. ജോർജ് കുമ്പളുമൂട്ടിൽ അച്ചനാണ്. ഏതാനും ചില കാര്യങ്ങൾ കൂടി ഓർമ്മിപ്പിക്കട്ടെ:

1. ധ്യാനവിവരം മുൻകൂട്ടി ഇടവകകളിൽ അറിയിക്കേണ്ടതാണ്. ഇതുവഴി ജനങ്ങൾക്ക് അവരുടെ ആവശ്യങ്ങൾ ക്രമീകരിക്കാനും വൈദികർക്കുവേണ്ടി പ്രാർത്ഥിക്കാനും സാധിക്കും.

2. ഒന്നാം ദിവസം വൈകിട്ട് 7.15 ന് നടക്കുന്ന ജപമാല പ്രാർത്ഥന, റംശാനമസ്ക്കാരം എന്നിവയോടെയാണ് ധ്യാനം ആരംഭിക്കുന്നത്.

അവസാനിക്കുന്നത് അവസാന ദിവസം ഉച്ചഭക്ഷണത്തോടെയാണ്.

3. ധ്യാനത്തിനു വരുമ്പോൾ കുർബാന കണക്ക് ബുക്ക് കൊണ്ടുവരേണ്ടതാണ്. തക്കതായ കാരണത്താൽ ധ്യാനത്തിൽ സംബന്ധിക്കാൻ സാധിക്കാത്തവർ 2022 സെപ്റ്റംബർ മുതൽ 2023 ഓഗസ്റ്റ് 31 വരെയുള്ള ബൈനേഷന്റെ കണക്കുകൾ കത്തു മുഖേനയോ, വാട്സ് ആപ്പ് വഴിയോ സെപ്റ്റംബർ അവസാനത്തോടെയെങ്കിലും ബിഷപ്സ് ഹൗസിൽ അറിയിക്കേണ്ടതാണ്.

4. PPF ന്റെ വരിസംഖ്യ ധ്യാനത്തിന് വരുമ്പോൾ കൊണ്ടുവരണമെന്ന് ഓർമ്മിപ്പിക്കുന്നു.

5. വളരെ ഗൗരവതരമായ കാരണങ്ങളാൽ ധ്യാനത്തിൽ സംബന്ധിക്കാൻ സാധിക്കാത്തവർ അക്കാര്യം മുൻകൂട്ടി അറിയിക്കുകയും ഡിസംബർ 31 നു മുമ്പായി എവിടെയെങ്കിലും ധ്യാനത്തിൽ സംബന്ധിച്ച് വിവരം അറിയിക്കുകയും കുർബാന കണക്കു പുസ്തകം ബഹുമാനപ്പെട്ട ജനറാളച്ചന്റെ പക്കൽ പരിശോധനയ്ക്ക് എത്തിക്കുകയും ചെയ്യേണ്ടതാണ്.

**മോൺ. പോൾ മുണ്ടോളിക്കൽ**
വികാരി ജനറാൾ

## അറിയിപ്പ്

ഗ്രിഗോറിയൻ കുർബാനയുടെ നിരക്ക് 7500 രൂപയായി പുതുക്കി നിശ്ചയിച്ചിരിക്കുന്നു. അതിരൂപതാ തലത്തിൽ ഇപ്രകാരം തീരുമാനിച്ചിരിക്കുന്നതിനാലാണ് പുതിയ നിയമാവലിയിൽ നിന്ന് (പേജ് 289) വ്യത്യസ്തമായി ഈ നിരക്ക് നിശ്ചയിച്ചിരിക്കുന്നത്.

**ചാൻസലർ**

**ആമുഖ സെമിനാർ, ക്ലാസ് ട്രെയിനിംഗ്**

15.07.2023 ശനിയാഴ്ച ദ്വാരക പാസ്റ്ററൽ സെന്ററിൽവച്ച് 2023-24 അദ്ധ്യയന വർഷത്തെ രണ്ടാമത്തെ ആമുഖ സെമിനാറും തുടർന്ന് 17.07.2023 ന് ദ്വാരക സ്കൂളിൽ വച്ച് ക്ലാസ് ട്രെയിനിംഗും നടന്നു. 60 അധ്യാപകർ പങ്കെടുത്തു. ഡയറക്ടർ തോമസ് കച്ചിറയിൽ അച്ചന്റെ നേതൃത്വത്തിൽ ടീമംഗങ്ങളായ ശ്രീ. ജോൺസൺ തൊഴുത്തുങ്കൽ, ശ്രീ. ബേബി ചക്കാലക്കൽ, ശ്രീ. ജോണി അമ്പാട്ട്, ശ്രീ. സെബാസ്റ്റ്യൻ പാലംപറമ്പിൽ, ശ്രീ. ശ്രീ. ജോൺസൺ വടക്കേക്കര, ശ്രീ.സജി നരിവേലിൽ, ശ്രീ. ഷാജു മംഗലത്ത്, ശ്രീ. അലക്സ് കുഴിക്കണ്ടത്തിൽ, സി. ലിനറ്റ് MSMI, സി. ഷീജ SKD, സി. ഡോണ SH, സി. അസൂന്ത എന്നിവർ നേതൃത്വം നൽകി. സൗകര്യങ്ങൾ ഒരുക്കിയ പാസ്റ്ററൽ സെന്ററിലെ എല്ലാവർക്കും, ദ്വാരക യു. പി സ്കൂൾ അധികൃതർക്കും, പങ്കെടുത്ത അദ്ധ്യാപകർക്കും നന്ദി.

**ബൈബിൾ നഴ്സറി**

നമ്മുടെ എല്ലാ ഇടവകകളിലും ഈ വർഷം ഓഗസ്റ്റ് മാസം മുതൽ ബൈബിൾ നഴ്സറി ആരംഭിച്ച് കുട്ടികളെ ചേർക്കുമല്ലോ.

**ക്ലാസ്സ് പരീക്ഷ**

ഓഗസ്റ്റ് 27 ഞായറാഴ്ചയാണ് ക്ലാസ്സ് പരീക്ഷ നടത്തേണ്ട ദിവസം നിർബന്ധമായും ഇടവകയിൽ ക്ലാസ്സ് പരീക്ഷ നടത്തുകയും, അതിന്റെ മാർക്ക് രേഖപ്പെടുത്തുകയും വേണം. സിലബസനുസരിച്ചുള്ള പാഠഭാഗങ്ങൾ തീർത്ത് ക്ലാസ് പരീക്ഷക്കായി കുട്ടികളെ ഒരുക്കേണ്ടതാണ്.

**സഭാചരിത്ര ക്വിസ്**

സഭാചരിത്രക്വിസ് July 30ന് ഇടവകകളിൽ നടത്തപ്പെട്ടു. സഹകരിച്ച എല്ലാവർക്കും നന്ദി.

**രൂപതാ വിസിറ്റ്**

ഇടവകകളിലെ വിശ്വാസ പരിശീലന പ്രവർത്തനങ്ങളെ മനസ്സിലാക്കുന്നതിനും, വിലയിരുത്തുന്നതിനുമായി രൂപതാ ടീമംഗങ്ങൾ ഓഗസ്റ്റ് മാസം മുതൽ ഇടവകകളിൽ സന്ദർശനം നടത്തുന്നതാണ്. വിവിധ ഫൊറോനകളിലെ സന്ദർശന തിയ്യതികളും,

സന്ദർശന ദിവസങ്ങൾ ഏതാണെന്നും ബഹു. വികാരിയച്ചന്മാരെയും, ഹെഡ്മാസ്റ്റേഴ്സിനെയും അറിയിക്കുന്നതായിരിക്കും.

**Parola di Dio – ഓൺലൈൻ ബൈബിൾ പഠന പദ്ധതി**

ആലുവ പൊന്തിഫിക്കൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് തിയോളജി ആൻഡ് ഫിലോസഫിയുമായി ചേർന്ന് മാനന്തവാടി രൂപത മതബോധന കേന്ദ്രം മതാധ്യാപകർക്കായി ഒരുക്കുന്ന ഒരു വർഷത്തെ ബൈബിൾ പഠന പദ്ധതിയുടെ ഓൺലൈൻ രജിസ്ട്രേഷൻ പൂർത്തിയായി. ക്ലാസ്സുകൾ ഓൺലൈനായി നടത്തപ്പെടുന്നതായിരിക്കും. വിശദവിവരങ്ങൾ രജിസ്റ്റർ ചെയ്തവരുടെ വാട്സാപ്പ് ഗ്രൂപ്പുകളിൽ അറിയിക്കുന്നതായിരിക്കും.

**DCT & ACC രജിസ്ട്രേഷൻ 2023-24**

**DCT (Diploma in Catechesis for Teachers)(HDC)**

**ACC (Advanced Certificate in Catechesis)(DCC)**

DCT കോഴ്സ് പ്രധാനമായും മതാധ്യാപകർക്കുള്ളതാണ്. ACC പ്ലസ് ടു പൂർത്തിയാക്കിയ കുട്ടികൾക്കായുള്ള തുടർ വിശ്വാസ പരിശീലന കോഴ്സാണ്. ഈ കോഴ്സുകളെ സംബന്ധിച്ചുള്ള വിവരങ്ങൾ ഇടവകകളുടെ വാട്സാപ്പ് ഗ്രൂപ്പുകളിലൂടെ അറിയിക്കുമല്ലോ. കോഴ്സുകളുടെ ഓൺലൈൻ രജിസ്ട്രേഷൻ ആരംഭിച്ചു. നമ്മുടെ വെബ്സൈറ്റ് https://catechismmdy.in/panel ഇടവകയുടെ യൂസർനെയിം & പാസ്‌വേഡ് ഉപയോഗിച്ച് ലോഗിൻ ചെയ്തുകഴിയുമ്പോൾ വരുന്ന ഇന്റർഫെയ്സിൽ കാണുന്ന ആപ്ലിക്കേഷൻ മെനു ഓപ്പൺ ചെയ്തുകഴിയുമ്പോൾ കാണുന്ന DCT(HDC), ACC(DCC) സെലക്ട് ചെയ്ത് open ക്ലിക്ക് ചെയ്യുക. അപ്പോൾ വരുന്ന Apply Now ക്ലിക്ക് ചെയ്ത്, New Registration എന്ന ഓപ്ഷൻ ഉപയോഗിച്ച് ആപ്ലിക്കേഷൻ ഫോം പൂർത്തിയാക്കേണ്ടതാണ്. ആപ്ലിക്കേഷൻ ഫോമിന്റെ മുകളിലായി Survey Data Bank, Not in Survey എന്നിങ്ങനെ രണ്ട് ഓപ്ഷൻ കാണാം അത് ശ്രദ്ധിച്ചതിനുശേഷം പാരിഷ് സർവ്വേയിൽ ഉൾപ്പെട്ടിട്ടുള്ളവരാണെങ്കിൽ അവരെ Survey Data Bank ൽ തന്നെവേണം രജിസ്റ്റർ ചെയ്യുവാൻ. Not in Survey എന്നുള്ളത് സർവ്വേയിൽ ഇല്ലാത്തവർക്കുവേണ്ടി മാത്രമാണെന്ന് ഓർക്കുമല്ലോ. കൃത്യമായ വിവരങ്ങൾ എല്ലാം enter ചെയ്തതിനുശേഷം verify ചെയ്ത് submit ചെയ്യേണ്ടതാണ്. സിസ്റ്റേഴ്സ് രജിസ്ട്രേഷൻ ചെയ്യുന്നുണ്ടെങ്കിൽ അവരുടെ പേരിനു മുൻപ് sr എന്ന് ചേർക്കുമല്ലോ. ഓഗസ്റ്റ് 10 നുള്ളിൽ ഓൺലൈൻ രജിസ്ട്രേഷൻ പൂർത്തിയാക്കുമല്ലോ. 12/08/2023 ന്

ശേഷം രജിസ്റ്റർ നമ്പർ ഓഫിസിൽ നിന്ന് ആഡ് ചെയ്യുന്നതാണ്. അതിനുശേഷമേ print എടുക്കാവു എന്ന് ഓർമ്മപ്പെടുത്തുന്നു. അടിസ്ഥാന വിദ്യാഭ്യാസ യോഗ്യത HCC ആയിരിക്കണം. DCT ( HDC ) യുടെ രജിസ്ട്രേഷൻ ഫീസ് 2000 രൂപയാണ്. അതിൽ 1000 രൂപ സ്കോളർഷിപ് ആയി മതബോധന കേന്ദ്രം വഹിക്കുന്നതാണ്. ACC (DCC ) യുടെ ഫീസ് 600 രൂപയാണ്.

**മേഖലാ മതാധ്യാപക സംഗമം**

**നീലഗിരി റീജിയൺ:** ജൂലൈ 9 ാം തീയതി ഞായറാഴ്ച ഗൂഡല്ലൂർ NDS ൽ സംഗമം നടത്തുകയുണ്ടായി.

രൂപതാ ഡയറക്ടർ വിശുദ്ധ കുർബാന അർപ്പിച്ചു. തുടർന്ന് രൂപത ടീം അംഗം ശ്രീ ജോസ് പുഞ്ചയിൽ സാർ ക്ലാസുകൾ നയിച്ചു. എല്ലാ ഇടവകകളിൽ നിന്നുമായി അധ്യാപകർ പങ്കെടുത്തു. റീജിയൺ ഡയറക്ടർ ബഹുമാനപ്പെട്ട ബിജു പൊൻപാറക്കൽ അച്ചൻ സമാപന സന്ദേശം നൽകി. മേഖല ഡയറക്ടർ ജയ്സൺ കള്ളിയാട്ട് അച്ചനും, മേഖലാ സെക്രട്ടറിയും മറ്റു പ്രധാന അധ്യാപകരും സംഗമത്തിന് നേതൃത്വം നൽകുകയും ചെയ്തു. NDS ഡയറക്ടർ ബഹുമാനപ്പെട്ട ബിനോയ് കാശാംകുറ്റി അച്ചൻ വേണ്ട എല്ലാ ക്രമീകരണങ്ങളും ഒരുക്കി. നീലഗിരി റീജിയണിലെ വിശ്വാസപരിശീലന പ്രവർത്തനങ്ങളെക്കുറിച്ചുള്ള ചർച്ചയിൽ അദ്ധ്യാപകർ സജീവമായി പങ്കെടുത്തു. ഏവർക്കും നന്ദി.

**തരിയോട് മേഖല:** കാവുംമന്ദം പള്ളിയിൽ വച്ച് 09-07-2023 ന് ഞായറാഴ്ച സംഗമം നടത്തപ്പെട്ടു. അഭിവന്ദ്യ അലക്സ് താരാമംഗലം പിതാവ് വി. ബലി അർപ്പിക്കുകയും ക്ലാസ്സ് നയിക്കുകയും ചെയ്തു. കാവുംമന്ദം വികാരിയും മേഖലാ മതബോധന ഡയറക്ടറുമായ ഫാ. ബാബു കക്കാട്ടിക്കാലായിൽ ഏവർക്കും സ്വാഗതം ആശംസിച്ചു. മേഖലാ സെക്രട്ടറി ശ്രീ. വിൻസെന്റ് പാറയിൽ അഭിവന്ദ്യ പിതാവിന് നാമഹേതുക തിരുനാളിന്റെ മംഗളങ്ങൾ നേർന്നു. തരിയോട് ഹെഡ്മാസ്റ്റർ ശ്രീ. മധു തറപ്പത്ത് നന്ദിയർപ്പിച്ചു. കാവുംമന്ദം ഹെഡ്മാസ്റ്റർ ശ്രീ . തോമസ് കിഴക്കേടത്തിന്റെ നേതൃത്വത്തിൽ വേണ്ട സജ്ജീകരണങ്ങൾ ചെയ്തു. സഹകരിച്ച എല്ലാവർക്കും നന്ദി.

**ഫാ. തോമസ് കച്ചിറയിൽ**
ഡയറക്ടർ, മതബോധനകേന്ദ്രം

# ചെറുപുഷ്പ മിഷൻലീഗ്

നവമാലിക പ്രവർത്തന വർഷാചരണം സജീവമായി ജൂലൈ മാസം പിന്നിട്ട് മുന്നോട്ടുപോകുന്നു. ഓഗസ്റ്റ് മാസം ആഘോഷങ്ങളുടെ മാസമാണ്. ഭാരതത്തിന്റെ സ്വാതന്ത്ര്യദിനവും പരിശുദ്ധ അമ്മയുടെ സ്വർഗ്ഗാരോപണ തിരുനാളും നമ്മുടെ ദേശീയ ഉത്സവമായ തിരുവോണവും നമ്മുടെ മുമ്പിൽ എത്തിനിൽക്കുകയാണ്. മിഷൻ ലീഗിനെ സ്ഥാപിച്ചു നട്ടുവളർത്തിയ വലിയ പ്രേക്ഷിതനായിരുന്ന കുഞ്ഞേട്ടന്റെ പതിനാലാം ചരമവാർഷികം നാം ആചരിക്കുന്നു. ബൈബിൾ കലോത്സവത്തിന് തുടക്കം കുറിക്കുന്നു. എല്ലാ അനുഗ്രഹങ്ങളും പ്രാർത്ഥനകളും നേരുന്നു.

**ബലിവേദിക്കരികെ**

ജൂൺ 28-ന് രുപതയുടെ ആറ് റീജിയണികളിലായി രൂപത നടത്തിയ 'ബലിവേദിക്കരികെ' എന്ന അൾത്താര സംഗമം നടത്തി. അതിന് സഹായിച്ച, സഹകരിച്ച മേഖലഡയറക്ടർ, ജോ.ഡയറക്ടർ, രൂപതാ മേഖലഭാരവാഹികൾക്കും രൂപതയുടെ നന്ദിയും സ്നേഹവും അറിയിക്കിന്നു. ക്ലാസ് നയിച്ചവർ: ബത്തേരി ഫാ. റ്റിൺസൺ OFM & Fr. Ebin Davsaya OFM. ചുങ്കക്കുന്ന് സി. സ്നോബി സി എംസി സി. പ്രിൻസി സി.എം.സി. മണിമൂളി ഡീ. ജിലു MSFS. കൽപ്പറ്റ, ഫാ. മാർട്ടിൻ SDB മാനന്തവാടി, സി. അനിറ്റ് എസ് കെ ഡി, സി. അനറ്റ് എസ് കെ ഡി, സി. റിയ എസ് കെ ഡി. മുള്ളംകൊല്ലി ഫാ. മനോജ് MCBS.

**രൂപതാ എക്സിക്യൂട്ടിവ് & രൂപതാ ടീം മീറ്റിംഗ്**

ജൂൺ 25- ന് നടന്ന രൂപതാ ടീം മിറ്റിഗിംന് ഡോ.വിനോദ് കെ ജോസ്, ശ്രീ. ഷാജി ചന്ദനപറമ്പിൽ എന്നിവർ ക്ലാസ്സുകൾ നയിച്ചു.

**Flower Land**

രൂപതയുടെ നേതൃത്വത്തിൽ ദ്വാരകയിൽ പുതുതായി ആരംഭിച്ച Flower Land -ന്റെ ഉദ്ഘാടനം മാനന്തവാടി രൂപതാ സഹായ മെത്രാൻ അഭിവന്ദ്യ അലക്സ് തരാമംഗലം പിതാവ് നിർവഹിച്ചു. മോൺ. പോൾ മുണ്ടോളിക്കൽ മറ്റ് വൈദികരും രൂപതാ എക്സിക്യൂട്ടിവ് അംഗങ്ങളും സന്നിഹിതരായിരുന്നു.

**ദുക്റാനാതിരുനാൾ**

ചെറുപുഷ്പ മിഷൻലീഗ് മാനന്തവാടി രൂപത നടവയൽ മേജർ ആർക്കി എപ്പിസ്കോപ്പൽ ദൈവാലയത്തിൽ വച്ച്

ആഘോഷിച്ചു. ഫാ. മനോജ് അമ്പലത്തിങ്കൽ വി. ബലിയ്ക്ക് നേതൃത്വം നല്കി. ബിനീഷ് തുമ്പിയാംകുഴിയിൽ ആശംസയറിയിച്ച് സംസാരിച്ചു.

**ഡയറക്ടേഴ്സ് & ജോ. ഡയറക്റ്റേഴ്സ് സംഗമം:**

മാനന്തവാടി രൂപതയിലെ മേഖല ഡയറക്ടർ, ജോ. ഡയറക്ടർ സംഗമം ജൂലൈ 13-ന് ദ്വാരകപാസ്റ്ററൽ സെന്ററിൽ വച്ചു നടത്തുകയുണ്ടായി.

**രൂപതാ മാനേജിംഗ് കമ്മിറ്റി**

ദ്വാരകപാസ്റ്ററൽ സെന്ററിൽ വച്ച് ജൂലൈ 17ന് രൂപതയിലെ മുഴുവൻ മേഖലകളിലേയും എക്സിക്യുട്ടീവ് അംഗങ്ങളും ഒന്നിച്ചുകൂടി പ്രവർത്തനങ്ങളെക്കുറിച്ച് ചിന്തിക്കുകയും, വിലയിരുത്തുകയും ചെയ്തു.

**സൗഹൃദ സന്ദർശനം**

ജൂലൈ 9 മുതൽ ശാഖകളിലൂടെയുള്ള രൂപതാ സമിതിയുടെ സൗഹൃദസന്ദർശനം ആരംഭിച്ചു. ഏലപ്പീടിക, കാവുംമന്ദം, കോട്ടത്തറ ജൂലൈ 16-ന് എള്ളുമന്ദം, പന്തിപ്പൊയിൽ, ചെന്നലോട്, മക്കിയാട്, തരിയോട് വഞ്ഞോട്, പുതിയിടംകുന്ന് ശാഖകളിൽ സന്ദർശനം നടത്തി.

**നവമാലികരാവ്**

മാനന്തവാടി രൂപത മിഷൻലീഗ് ഈ വർഷം നടത്തുന്ന 'നവമാലിക രാവ്' കമ്മന വി. കൊച്ചുത്രേസ്യ ദൈവാലയത്തിൽ വച്ച് ആരംഭിച്ചു. വി.കൊച്ചുത്രേസ്യായുടെ മാതാപിതാക്കളായ വി.ലൂയി മാർട്ടിന്റെയും, വി.സെലിഗ്വരിന്റെയും തിരുനാൾ ദിനത്തിൽ കമ്മന ശാഖയിലെ മിഷൻ ലീഗ് അംഗങ്ങളുടെയും, അവരുടെ മാതാപിതാക്കളുടെയും സംഗമം നടത്തുകയുണ്ടായി. സംഗമം മാനന്തവാടി രൂപതാ വികാരി ജനറാൾ മോൺ.പോൾ മുണ്ടോളിക്കൽ ഉദ്ഘാടനം ചെയ്തു.സംഗമത്തിൽ ഫാ.മനോജ് അമ്പലത്തിങ്കൽ, ശാഖാ വികാരി ഫാ. ജെയിസ് ചെട്ടിയാശ്ശേരി, ബിനീഷ് തമ്പിയാംകുഴിയിൽ, സിനീഷ് ആപ്പുഴയിൽ സച്ചിൻ വാഴപ്പിള്ളിൽ, സിജിൻ കൂടക്കാട്ട്, സി. അനറ്റ് എസ് കെ.ടി പയ്യമ്പള്ളി മേഖലാ ജോ. ഡയറക്ടർ സി.വന്ദന എഫ്.സി.സി ബിന്ദു മരങ്ങാട്ടിൽ എന്നിവർ നേതൃത്വം നല്കി. സ്നേഹവിരുന്നോടെ സംഗമം സമാപിച്ചു.

**പുതിയ മേഖല ഡയറക്ടർമാർ, ജോ. ഡയറക്ടർമാക്ക് സ്വാഗതം:**

പയ്യമ്പള്ളി മേഖലക്കായി നിമിതനായിരിക്കുന്ന ഫാ.ജോർജ്ജ് തേരകം, ഫാ. അജയ് തേക്കിലക്കാട്ട് (അസി. ഡയറക്ടർ) സി. റോസ് എം.എസ്.എം.ഐ(കല്ലോടി) സി.മൊൽവിയ എഫ്.സി.സി (ചുങ്കക്കുന്ന്) അച്ചന്മാർക്ക് അഭിനന്ദനങ്ങളും സ്വാഗതവും പുതിയ പ്രവർ

ത്തന രംഗത്ത് എല്ലാ ആശംസകളും നേരുന്നു. സി. എയ്ഞ്ചൽ (ദ്വാരക) സിസ്റ്റേഴ്സിനെ സ്നേഹപൂർവ്വം സ്വാഗതം ചെയ്യുന്നു.

**ശാഖാ വാർത്തകൾ**

**പടമല**

വി. അൽഫോൻസാ ദൈവാലയത്തിൽ വച്ച് 17.7.2023 ന് കുട്ടികൾക്കായി നടത്തിയ സെമിനാറിൽ തങ്കച്ചൻ മാപ്പിളക്കുന്നേൽ, സി. അനറ്റ്.എസ്.കെ.ഡി എന്നിവർ ക്ലാസുകൾ എടുത്തു.

**ചെറുകാട്ടൂർ**

സെന്റ്.തോമസ് ദിനാചരണം വിവിധ കലാപരിപാടികളോടെ ആഘോഷിച്ചു. മണിപ്പൂരിൽ ദുരിതമനുഭവിക്കുന്നവർക്ക് ഐക്യദാർഢ്യവുമായി ചെറുപുഷ്പ മിഷൻലീഗ് ചെറുകാട്ടൂർ ശാഖ സമാധാന റാലി നടത്തി. ഇടവകയിലെ ഏറ്റവും പ്രായമുള്ള ദമ്പതികളെ ആദരിച്ചു.

**റിപ്പൺ**

പരിസ്ഥിതി ദിനത്തിൽ വൃക്ഷത്തൈകൾ നടുകയും പരിസര ശുചീകരണം നടത്തുകയും ചെയ്തു. മണിപ്പൂർ കലാപത്തിനെതിരെ പ്രതിഷേധ റാലിയും പ്രാർത്ഥനയും നടത്തി. നിർധനരായ വിദ്യാർത്ഥികൾക്ക് പഠന സഹായം ചെയ്തു. വായനാദിനം ആചരിക്കുകയും ലൈബ്രറി ഉദ്ഘാടനം ചെയ്യുകയും ചെയ്തു. 10,11,12 ക്ലാസുകളിലെ കുട്ടികൾക്ക് സെമിനാർ നടത്തി. ലഹരി വിരുദ്ധ റാലിയും നടത്തി

**തോമാട്ടുചാൽ**

ജൂൺ 5 പരിസ്ഥിതി ദിനത്തോടനുബന്ധിച് മിഷൻ ലീഗ് അംഗങ്ങൾ വൃക്ഷ തൈകൾ നട്ടു. സൺഡേ സ്കൂളിന്റെ നേതൃത്വത്തിൽ കുട്ടികൾക്കായി ഏകദിന ക്യാമ്പ് സംഘടിപ്പിച്ചു. മണിപ്പൂരിൽ അക്രമത്തിന് ഇരയായ നമ്മുടെ സഹോദരങ്ങൾക്കു വേണ്ടി പ്രാർത്ഥിച്ചു.

**തൃശ്ശിലേരി**

പരിസ്ഥിതി ദിനത്തോടനുബന്ധിച്ച് എല്ലാ കുട്ടികൾക്കും ഫല വൃക്ഷത്തൈകൾ വിതരണം ചെയ്തു. കുട്ടികൾക്ക് പഠനോപകരണങ്ങൾ വിതരണം ചെയ്തു. അൾത്താര ബാലന്മാരുടെയും ഗായക സംഘത്തിന്റ മീറ്റിങ്ങുകൾ കൂടുകയും അവർക്ക് പരിശീലനം നൽകുകയും ചെയ്തു. അംഗത്വ സ്വീകരണവും അംഗത്വ നവീകരണവും നടത്തി. മിഷൻലീഗ് കുട്ടികളുടെ കലാപരിപാടികൾ നടത്തി. ശാഖയിൽ സാഹിത്യമത്സരം നടത്തി. മിഷൻലീഗ് കുട്ടികൾ സാഹിത്യമത്സരം, കലാപരിപാടികൾ എന്നിവ നടത്തുകയും മണിപ്പൂർ ജനതയ്ക്കുവേണ്ടി പ്രാർത്ഥിക്കുകയും ചെയ്തു. ലഹരി

വിരുദ്ധ വാരാചരണത്തോടനുബന്ധിച്ച് ശാഖയിൽ ലഹരി വിരുദ്ധ ബോധവൽക്കരണ സെമിനാർ നടത്തുകയും കുട്ടികൾ ലഹരി വിരുദ്ധ പ്രതിജ്ഞ എടുക്കുകയും ചെയ്തു.

**പനംചിറ**

എക്സിക്യൂട്ടീവ് അംഗങ്ങൾ രോഗി സന്ദർശനം നടത്തി. മണിപ്പൂരിന് വേണ്ടി കരുണ കൊന്ത ചൊല്ലി. മനുഷ്യചങ്ങല തീർത്തു.

**കയ്യൂന്നി**

ശാഖയുടെ മിഷൻ ലീഗ് പ്രവർത്തനത്തിന് ആരംഭം കുറിയ്ക്കുകയും കുട്ടികൾ അംഗത്വ സ്വീകരണം നടത്തുകയും ചെയ്തു. തിരുഹൃദയ തിരുനാൾ ദിനത്തിൽ പ്രിയപ്പെട്ട സിസ്റ്റേഴ്സിനെ ആദരിച്ചു. വായനാ ദിനത്തിൽ കുട്ടികൾ അവരുടെ വീട്ടിലെ പ്രായമായവർക്ക് വായിച്ചു കൊടുത്തു. ലഹരി വിരുദ്ധ ദിനത്തിൽ കുട്ടികൾക്കായി പോസ്റ്റർ നിർമ്മാണ മത്സരം നടത്തി പങ്കെടുത്ത് വിജയികളായവർക്ക് സമ്മാനം നൽകി. മണിപ്പൂരിന് വേണ്ടി കുട്ടികൾ ഒന്നുചേർന്ന് ജപമാല ചൊല്ലി  പ്രാർത്ഥിക്കുകയും വിശുദ്ധ ബലിയിൽ പങ്കുചേരുകയും ചെയ്തു.

**ചാരിറ്റി**

മിഷനറിമാർ ഭവനങ്ങൾ സന്ദർശിക്കുകയും രോഗികളെയും വൃദ്ധ മാതാപിതാക്കളെയും സന്ദർശിക്കുകയും അവർക്കുവേണ്ടി പ്രാർത്ഥിക്കുകയും ചെയ്തു. എല്ലാ ആഴ്ചയിലും ഗ്രൂപ്പ് മീറ്റിംഗ് കൂടുകയും മാനുവൽ പൂരിപ്പിക്കുകയും ചെയ്തുവരുന്നു.

**കളത്തുവയൽ**

പന്തക്കുസ്താദിനത്തിൽ കുരുന്നുകൾ ആദ്യാക്ഷരം കുറിച്ചു. കുട്ടികൾക്ക് വചനവും പരിശുദ്ധാത്മാവിന്റെ ദാന ഫലങ്ങൾ എഴുതിയ കാർഡുകൾ നൽകി. ലഹരി വിരുദ്ധ ക്ലബ് രൂപീകരിച്ചു. പോസ്റ്റർ, കൊളാഷ് എന്നിവയുടെ മൽസരം നടത്തി. പരിസ്ഥിതി ദിനത്തിൽ പൂന്തോട്ടം ഉണ്ടാക്കി. മണിപ്പൂരിനു വേണ്ടി ആരാധന നടത്തി. വായനാ ദിനത്തിൽ ആസ്വാദന കുറിപ്പു തയ്യാറാക്കി സമ്മാനങ്ങൾ നൽകി

**പുതിയിടംകുന്ന്**

പരിസ്ഥിതി ദിനത്തോടനുബന്ധിച്ച് കുട്ടികൾ ഭവനങ്ങളിൽ വൃക്ഷ തൈ നട്ടു. രോഗീ സഹായം നൽകി. ഭവന നിർമ്മാണത്തിൽ ഏർപ്പെട്ടിരിക്കുന്ന ഒരു കുടുംബത്തിന് ഭവന നിർമ്മാണ സഹായം നൽകി, ഭക്ഷണ കിറ്റ് വിതരണം ചെയ്തു. ലഹരി വിരുദ്ധ ദിനത്തോടനുബന്ധിച്ച് പോസ്റ്റർ നിർമ്മാണ മത്സരവും ലഹരി വിരുദ്ധ സെമിനാറും നടത്തി. ദൈവവിളി സെമിനാർ നടത്തി. ഭവന സന്ദർശനം നടത്തി. മണിപ്പൂരിന് വേണ്ടി ഭവനങ്ങളിൽ ജപമാലയും

ദേവാലയത്തിൽ തിരുഹൃദയ ജപമാലയും ചൊല്ലി പ്രാർത്ഥിച്ചു.

**പാലാങ്കര**

ചെറുപുഷ്പ മിഷൻ ലീഗ് പാലാങ്കര ശാഖ. 'വംശീയ അതിക്രമങ്ങൾ നേരിടുന്ന മണിപ്പൂരിലെ ക്രൈസ്തവരെ രക്ഷിക്കൂ' എന്ന സന്ദേശമുയർത്തി ചെറുപുഷ്പ മിഷൻ ലീഗ് പാലാങ്കര ശാഖ പ്രതിഷേധ റാലി നടത്തി. ദുക്റാന തിരുന്നാളിനോടനുബന്ധിച്ച് തിരുബാല സഖ്യം ഫെസ്റ്റ് നടത്തുകയും, തോമസ് നാമധാരികളെ ആദരിക്കുകയും ചെയ്തു. പൗരോഹിത്യത്തിന്റെ സുവർണ്ണ ജൂബിലി ആഘോഷിക്കുന്ന ഫിലിപ്പ് വളകൊടിയിലച്ചനെ ആദരിക്കുകയും, മിഷൻ അനുഭവം പങ്കുവച്ച് ദൈവവിളി പ്രോത്സാഹനത്തിന്റെ പ്രാധാന്യത്തെപ്പറ്റി അച്ചൻ കുട്ടികളോട് സംവദിക്കുകയും ചെയ്തു. യുവജനദിനത്തിൽ ഇടവകയിലെ യുവതീയുവാക്കളെ ആദരിക്കുകയും ആശംസകൾ നേരുകയും ചെയ്തു. മിഷനറിമാർക്കായി സംഗീത പരിശീലനം, പ്രസംഗ പരിശീലനം, സാഹിത്യ പരിശീലന ക്യാമ്പ്, വിശുദ്ധരെ പരിചയപ്പെടൽ, വാർത്താ നേരം എന്നിവ നടത്തി. പന്ത്രണ്ടു ഗ്രൂപ്പുകളുടെയും പ്രവർത്തന റിപ്പോർട്ട് വിലയിരുത്തി. ദേവാലയ നവീകരണ വിജയത്തിനായി മിഷനറിമാർ പ്രത്യേകം പ്രാർത്ഥിക്കുകയും ചെയ്തു.

**കരിമ്പിൽ**

പുതിയ അധ്യയനവർഷാരംഭത്തോടനുബന്ധിച്ച് കുട്ടികൾക്കുവേണ്ടി പ്രത്യേകം പ്രാർത്ഥന നടത്തി. നവാഗതർക്ക് സ്വാഗതമേകി. പഠനോപകരണങ്ങൾ ശേഖരിച്ച് സാമ്പത്തികമായി വിഷമിക്കുന്ന കുട്ടികൾക്ക് വിതരണം ചെയ്തു. പരിസ്ഥിതി ദിനാചരണത്തോടനുബന്ധിച്ച് കുട്ടികൾ വീടുകളിൽ ചെടികൾ നട്ടു. മണിപ്പൂരിനുവേണ്ടി പ്രാർത്ഥന നടത്തി. ലോകലഹരി വിരുദ്ധദിനത്തോടനുബന്ധിച്ച് ലഹരി വിരുദ്ധപ്രതിജ്ഞ നടത്തി. വി. തോമാശ്ലീഹായുടെ തിരുനാൾ വിവിധപരിപാടികളോടെ ആഘോഷിച്ചു. കുട്ടികൾ രോഗീസന്ദർശനം നടത്തി, സൗഹൃദസംഭാഷണവും പ്രാർത്ഥനയും നടത്തി. വി.കൊച്ചുത്രേസ്യായുടെ മാതാപിതാക്കൾ - വിശുദ്ധരായ ലൂയിസ് സെലിഗ്വരിമാരുടെ തിരുനാളിനോടനുബന്ധിച്ച് CML അംഗങ്ങൾ അവരുടെ മാതാപിതാക്കളെ വീടകളിൽ ആദരിച്ചു.

**കണിയാരം**

സെന്റ് തോമസ് ഡേ ആഘോഷം നടത്തി. സമരിറ്റൻ ഭവൻ സന്ദർശിക്കുകയും വിവിധ കലാപരിപാടികൾ അവതരിപ്പിക്കുകയും ചെയ്തു. മണിപ്പൂർ ജനതക്കു വേണ്ടി ആരാധന നടത്തി.

**ചുങ്കക്കുന്ന്**

2023-24 മേഖല പ്രവർത്തന വർഷ ഉദ്ഘാടനവും 'നവമാലിക 'മാർഗ്ഗരേഖ പ്രകാശനവും മേഖല കൗൺസിലും വിവിധ പ്രവർത്തനങ്ങളോടെ നടന്നു. ഏറ്റവും പ്രായം കൂടിയ കൊച്ചുത്രേസ്യ നാമധാരിയായ സി. ട്രീസ മെലാനി എസ്.എച്ച് കൊച്ചുത്രേസ്യയുടെ രൂപത്തിന് മുൻപിൽ തിരി തെളിയിച്ചു. 'എന്റെ മിഷൻലീഗ്' സെമിനാർ സംഘടിപ്പിച്ചു. ലഹരി വിരുദ്ധ റാലി, പോസ്റ്റർ പ്രചരണം, പ്രതിജ്ഞ തുടങ്ങിയ പരിപാടികൾ ചുങ്കക്കുന്ന് മേഖലയുടെ നേതൃത്വത്തിൽ നടന്നു. ഈ വർഷത്തെ ബെസ്റ്റ് ശാഖകൾക്ക് ഉള്ള സമ്മാനം നൽകി. ശാന്തിഗിരി, കേളകം, കൊട്ടിയൂർ എന്നീ ശാഖകൾ ഒന്ന്, രണ്ട്, മൂന്ന് സ്ഥാനങ്ങൾ കരസ്ഥമാക്കി.

**ബത്തേരി**

ജൂൺ 19 ന് മൂലങ്കാവ് ശാഖയിൽ വെച്ച് മേഖലയുടെ പ്രവർത്തന വർഷ ഉദ്ഘാടനവും കൗൺസിൽ യോഗവും നടന്നു. മിഷനറിമാർക്കായി ജൂൺ 19 ന് 'ദൈവവിളിജീവിതം വി. കൊച്ചുത്രേസ്യായുടെ മാതൃക' എന്ന വിഷയത്തിൽ ദൈവവിളി സെമിനാർ നടത്തി. 2022-23 വിശ്വാസപരിശീലന വർഷത്തിൽ ഏഴാം ക്ലാസ്സിൽ നിന്നും സംസ്ഥാന സർഗ്ഗപ്രതിഭയായി തിരഞ്ഞെടുക്കപ്പെട്ട മൂലങ്കാവ് ശാഖയിലെ ആരോൺ പുത്തൻപുരയ്ക്കൽ, ഡിപ്ലോമ പരീക്ഷയിൽ രൂപതയിൽ ഒന്നാമതെത്തിയ ബത്തേരി ശാഖയിലെ ആൻ മരിയ കുറ്റിക്കാട്ട് എന്നിവരെ മേഖല സമിതി ആദരിച്ചു.

പ്രിയ പ്രേഷിതരെ, വ്യത്യസ്ത പ്രവർത്തനങ്ങളുമായി മാനന്തവാടി രൂപത ചെറുപുഷ്പ മിഷൻ ലീഗ് മുമ്പോട്ടു സഞ്ചരിക്കുമ്പോൾ ശാഖ, മേഖല പ്രവർത്തനങ്ങളെ കൂടുതൽ ഊർജ്ജസ്വലമാക്കുവാൻ ശാഖാവിസിറ്റുകളും, മേഖല കൂട്ടായ്മകളും സംഘടിപ്പിച്ചു കൊണ്ടിരിക്കുമ്പോൾ ബഹു. ശാഖ, മേഖല ഡയറക്ടർ അച്ചന്മാരുടെ സഹകരണവും പ്രോത്സാഹനങ്ങളും പ്രവർത്തനങ്ങളെ മനോഹരമാക്കുന്നു. അതുപോലെ ശാഖ മേഖല ഭാരവാഹികൾ ഡയറക്ടർ അച്ചന്മാരോട് ചേർന്നു പ്രവർത്തിക്കുന്നതിൽ വളരെയേറെ സന്തോഷം. നല്ല ചിന്തകളിലൂടെ, നല്ല നല്ല പ്രവർത്തനങ്ങളിലൂടെ നമ്മുടെ കുഞ്ഞു മിഷനറിമാരെ നമുക്കു ആത്മീയ, ഭൗതിക വളർച്ചയിലേക്ക് കൈപിടിച്ചുയർത്താം. എല്ലാവരെയും നന്ദിയോടെ സ്മരിച്ചു കൊണ്ട്,

സ്നേഹപൂർവ്വം,
**തങ്കച്ചൻ മാപ്പിളക്കുന്നേൽ**
സി. എം. എൽ രൂപതാ സെക്രട്ടറി

# Department of Youth Ministry

**അനുദിന പരിശീലനം:**

ഈ വർഷത്തെ എസ്.എസ്.എൽ.സി. വിദ്യാർത്ഥികളായ ലൈഫ് 2020 ബാച്ചുകാരുടെ പഠനം കൂടുതൽ കാര്യക്ഷമമാക്കുന്നതിന്റെ ഭാഗമായി അനുദിനവും രാവിലെ 5.30 ന് ഗൂഗിൾ മീറ്റ് വഴി വിദ്യാർത്ഥികൾ ഒന്നിച്ചു കൂടുന്നു. 2020 ബാച്ചിലെ വിദ്യാർത്ഥികൾ തന്നെ ഇതിന്റെ ഉത്തരവാദിത്വം വഹിക്കുന്നു. യൂത്ത് മിനിസ്ട്രി ടീം അംഗങ്ങളുടെ നേതൃത്വത്തിൽ അനുദിനവും നടക്കുന്ന ഈ ഗൂഗിൾ മീറ്റ് വിദ്യാർത്ഥികൾക്ക് അവരുടെ ജീവിത ക്രമീകരണത്തിനും പഠനത്തിനും ഏറെ സഹായകരമാകുന്നു.

**ലൈഫ് ട്രെയിനിങ്**

2023 ജൂലൈ മാസം ഏഴാം തീയതി വെള്ളിയാഴ്ച വൈകുന്നേരം ആറുമണിമുതൽ എട്ടാം തീയതി ശനിയാഴ്ച വൈകുന്നേരം 3 മണി വരെ ദ്വാരക പാസ്റ്റർ സെന്ററിൽ വച്ച് ലൈഫ് 2020, 21, 22, 23 ബാച്ചുകൾക്കുള്ള പരിശീലനം നടന്നു. 50 വിദ്യാർത്ഥികൾ പരിശീലനത്തിൽ പങ്കുചേർന്നു. ബൗദ്ധികവും മാനസികവും ആത്മീയവുമായ തലങ്ങളിൽ അവരുടെ വളർച്ചയെ വിലയിരുത്തുകയും ലൈഫ് ശൈലി അവരുടെ ജീവിതത്തിൽ എങ്ങനെ സ്വാധീനം ചെയ്യുന്നു എന്ന് ഉദ്ബോധിപ്പിക്കുകയും ചെയ്തു. സീനിയർ ബാച്ച് വിദ്യാർത്ഥികളായ ലിയ അരിഞ്ചേർമല, ടെസ്വിൻ ജോഷി വഞ്ഞോട്, ഹെലേന ജോൺസൺ ചുങ്കക്കുന്ന് എന്നിവർ വിദ്യാർത്ഥികളുടെ വിവിധങ്ങളായ പരീക്ഷകൾക്ക് നേതൃത്വം നൽകി. ശനിയാഴ്ച രാവിലെ 7 മണിക്ക് മാനന്തവാടി രൂപത കോർപ്പറേറ്റ് മാനേജർ ഫാ. സിജോ ഇളംകുന്നപ്പുഴ ലൈഫ് വിദ്യാർത്ഥികൾക്ക് വേണ്ടി വിശുദ്ധ ബലി അർപ്പിക്കുകയും സന്ദേശം നൽകുകയും ചെയ്തു. ഈ കാലഘട്ടത്തിൽ കുട്ടികൾക്ക് ഏറ്റവും പ്രാധാന്യമർഹിക്കുന്ന ആർട്ടിഫിഷ്യൽ ഇന്റലിജൻസിനെക്കുറിച്ചാണ് അച്ചൻ കുട്ടികളോട് സംസാരിച്ചത്. ഇത് വിദ്യാർത്ഥികൾക്ക് ഏറെ പ്രചോദനാത്മകമായിരുന്നു.

തുടർന്ന് സി. ജയ ജോർജിൻ സി.എം.സി യുടെ നേതൃത്വത്തിൽ മനുഷ്യ ശരീര ശാസ്ത്രത്തെക്കുറിച്ചും വിദ്യാർത്ഥികൾ അതിൽ പുലർത്തേണ്ട ജാഗ്രതകളെക്കുറിച്ചും വ്യക്തമായ നിർദ്ദേശങ്ങൾ നൽകി

ക്കൊണ്ടുള്ള പഠനം നടത്തി. ഇത് വിദ്യാർത്ഥികൾക്ക് ഏറെ മുതൽ ക്കൂട്ടായിരുന്നു. ക്ലാസുകൾ നയിച്ച സി. ജയയ്ക്ക് സ്നേഹപൂർവ്വ കമായ നന്ദി.

ലൈഫ് ട്രെയിനിങ് നടത്തുവാൻ എല്ലാവിധ സഹായസഹ കരണങ്ങളും ചെയ്തുതന്നത് ദ്വാരക പാസ്റ്ററൽ സെന്റർ ഡയറക്ടർ ഫാ. ജോജോ കുടക്കച്ചിറയാണ്. യൂത്ത് മിനിസ്ട്രി ടീം അംഗങ്ങളായ സി. ആൻസി തോമസ് സി.എം.സി., സി ഡെൽഫി മരിയ സി.എം. സി. എന്നിവരാണ് പരിശീലനത്തിന് നേതൃത്വം നൽകിയത്.

**ബാച്ച് സംഗമം**

ലൈഫ് 2018 ബാച്ചിലെ വിദ്യാർത്ഥികൾ 2023 ജൂലൈ എട്ടാം തീയതി ശനിയാഴ്ച ഉച്ചയ്ക്ക് ഒരു മണിക്ക് യൂത്ത് മിനിസ്ട്രി ഓഫീസിൽ സംഗമിച്ചു. ബൗദ്ധികവും ആത്മീയവുമായ അവരുടെ ജീവിതമേഖലകൾ പരിശോധിക്കുകയും വിലയിരുത്തുകയും കൂടുതൽ അനുയോജ്യമായ തീരുമാനങ്ങൾ കൈക്കൊള്ളുകയും ചെയ്തു. യൂത്ത് മിനിസ്ട്രി ടീമംഗങ്ങളായ സി. ആൻസി തോമസ്, സി. ഡെൽഫി മരിയ എന്നിവർ ഇതിന് നേതൃത്വം നൽകി. ഡയ റക്ടർ ഫാ. ലാൽ പൈനുങ്കൽ ഓൺലൈനിൽ വിദ്യാർത്ഥികളെ സന്ദർശിക്കുകയും വേണ്ട മാർഗ്ഗനിർദ്ദേശങ്ങളും പ്രാർത്ഥനയും നൽകുകയും ചെയ്തു.

**ഓൺലൈൻ മീഡിയ ക്ലാസ്**

ലൈഫ് വിദ്യാർത്ഥികൾക്കു വേണ്ടി അവരുടെ സീനിയർ വിദ്യാർത്ഥികൾ തന്നെ തയ്യാറാക്കുന്ന ഓൺലൈൻ മീഡിയ ക്ലാസ്സ് 2023 ജൂൺ മാസം 28, 29 തീയതികളിൽ ആയി സംഘടിപ്പിച്ചു. ലൈഫ് ട്രെയിനിങ് 2020 ബാച്ചിലെ വിദ്യാർത്ഥിനിയായ ആൻ മരിയ അജിൻ ആണ് ക്ലാസുകൾക്ക് നേതൃത്വം നൽകിയത്. പോസ്റ്റർ, വീഡിയോ എഡിറ്റിംഗ് എന്നിവയാണ് കുട്ടികൾ പരിശീലിച്ചത്. 45 വിദ്യാർഥികൾ ഈ മീഡിയ ക്ലാസിൽ പങ്കെടുത്തു. പങ്കുചേർന്ന വിദ്യാർത്ഥികൾക്കും നേതൃത്വം നൽകിയ ആൻ മരിയയ്ക്കും ഹൃദയംഗമമായ നന്ദി.

**സ്കൂൾ ഓഫ് മ്യൂസിക്**

ഡിപ്പാർട്ട്മെന്റ് ഓഫ് യൂത്ത് മിനിസ്ട്രിയുടെ നേതൃത്വത്തിൽ നടക്കുന്ന സ്കൂൾ ഓഫ് മ്യൂസിക്കിന്റെ ആഭിമുഖ്യത്തിൽ മ്യൂസിക് ക്ലാസുകളും ഉപകരണ പരിശീലനങ്ങളും യൂത്ത് മിനിസ്ട്രി ഓഫീ സിൽ നടത്തി വരുന്നു. ഷൈജു പൂതാടി ഇതിന് നേതൃത്വം നൽകുന്നു.

**സി. ആൻസി തോമസ് സി. എം. സി**

സെക്രട്ടറി, ഡിപ്പാർട്ട്മെന്റ് ഓഫ് യൂത്ത് മിനിസ്ട്രി

**ധമനി രക്തദാന ഡയറക്ടറി**

കെ.സി.വൈ.എം മാനന്തവാടി രൂപതയുടെ നേതൃത്വത്തിൽ രക്തം ദാനം ചെയ്യാൻ തയ്യാറായിട്ടുള്ള യുവജനങ്ങളുടെ വിവരങ്ങൾ ഉൾപ്പെടുത്തിയ ധമനി രക്തദാന ഡയറക്ടറിയുടെ ഓൺലൈൻ ലോഞ്ചിംഗ് 2023 ജൂൺ 14 മാനന്തവാടി രൂപത വികാരി. ജനറാൾ മോൺ. പോൾ മുണ്ടോളിക്കൽ നിർവ്വഹിച്ചു. രൂപത ഡയറക്ടർ ഫാ. സാന്റോ അമ്പലത്തറ, രൂപത ജനറൽ സെക്രട്ടറി ശ്രീ. അഭിനന്ദ് കൊച്ചു മലയിൽ, സെക്രട്ടറി ശ്രീ. ടിജിൻ ജോസഫ് വെള്ളപ്ലാക്കിൽ, ട്രഷറർ ശ്രീ. ബിബിൻ പിലാപ്പിള്ളിയിൽ, കോഡിനേറ്റർ ശ്രീ. അഖിൽ ജോസ് വാഴച്ചാലിൽ, എന്നിവർ സന്നിഹിതരായിരുന്നു.

## COFFY- SESSION- 3

8/06/2023 ന് കോഫിയുടെ മൂന്നാം സെഷൻ കെ.സി.വൈ.എം മാനന്തവാടി രൂപത വൈസ് പ്രസിഡന്റ് കുമാരി. മെലിൻ ആന്റണി പുളിക്കിയിൽ നേതൃത്വം നൽകുകയും പ്രശസ്ത സൈക്കോളജിസ്റ്റ് ശ്രീമതി. രേഷ്മ തോമസ് സെഷൻ നയിക്കുകയും ചെയ്തു. കോഫി യുടെ മൂന്നാം സെഷനിൽ 30 പേർ പങ്കെടുത്തു.

**പ്രതിഷേധവുമായി കെ. സി. വൈ. എം മാനന്തവാടി രൂപത**

വർധിച്ചു വരുന്ന തെരുവുനായ ആക്രമണത്തിൽ ഭരണാധികാരി കൾ ആവശ്യമായ നടപടികൾ സ്വീകരിക്കണമെന്ന് കെ.സി.വൈ.എം മാനന്തവാടി രൂപത സാമൂഹ്യമാധ്യമങ്ങളിലൂടെ ആവശ്യപ്പെട്ടു. രാഷ്ട്രീയ ലഹരിയിൽ ക്രൈസ്തവവിശ്വാസത്തെ അപകീർത്തിപ്പെടുത്തുന്ന രീതി യിൽ പരാമർശം നടത്തിയ സി.പി.എം സംസ്ഥാന സെക്രട്ടറി, എ.വി. ഗോവിന്ദന്റെ അധിക്ഷേപ പരാമർശത്തിനെതിരെ കെ.സി.വൈ.എം മാനന്തവാടി രൂപത ശക്തമായ പ്രതിഷേധം അറിയിച്ചു.

## Red Ribbon Anti - drugs Campaign "Life without Drugs"

കെ.സി.വൈ.എം മാനന്തവാടി രൂപതയുടെ ലഹരി വിമുക്ത യൗവ്വനം എന്ന ഉപവിഷയത്തെ അടിസ്ഥാനമാക്കി ജൂൺ 25 മുതൽ ജൂലൈ 25 വരെയുള്ള ഒരു മാസം നീണ്ടു നിൽക്കുന്ന ലഹരിവിരുദ്ധ ക്യാമ്പയ്ൻ രൂപതാതല ഉദ്ഘാടനം, കെ.സി.വൈ.എം ദ്വാരക മേഖല യുടെ ആതിഥേയത്വത്തിൽ മൊതക്കര യൂണിറ്റിൽവെച്ച് നടത്തപ്പെട്ടു.

കെ.സി.വൈ.എം  മാനന്തവാടി രൂപത ഡയറക്ടർ ഫാ. സാന്റോ അമ്പലത്തറ ക്യാമ്പയ്ൻ ഉദ്ഘാടനം ചെയ്ത് ലഹരി വിരുദ്ധ പ്രതിജ്ഞ ചൊല്ലി കൊടുത്തു. യൂണിറ്റ് പ്രസിഡന്റ് ശ്രീ.ജോയൽ തേക്കനാൽ സൈൻ ദി ബോർഡ് ലഹരി വിരുദ്ധ ഒപ്പ് ശേഖരണത്തിന് തുടക്കം കുറിച്ചു. രൂപത ജനറൽ സെക്രട്ടറി ശ്രീ. അഭിനന്ദ് കൊച്ചുമലയിൽ, ട്രഷറർ ശ്രീ. ബിബിൻ പിലാപ്പിള്ളിൽ, ആനിമേറ്റർ സി.ബെൻസി ജോസ് എസ്.എച്ച്, ദ്വാരക മേഖല പ്രസിഡന്റ് ശ്രീ. അജയ് മുണ്ടയ്ക്കൽ, എന്നിവർ  സന്നിഹിതരായിരുന്നു.

**ടാസ്ക് ഫോഴ്സ് ട്രെയിനിങ്**

വരാനിരിക്കുന്ന മഴക്കാലത്തിനു മുന്നോടിയായി, മഴക്കെടുതികളിൽ ആവശ്യമായ സഹായങ്ങൾ നൽകുന്നതിനായി കെ.സി.വൈ.എം മാനന്തവാടി രൂപതയിലെ വിവിധ മേഖലകളിൽനിന്നുള്ള സേവന സന്നദ്ധരായ യുവജനങ്ങളെ ഉൾപ്പെടുത്തി രൂപീകരിച്ച ടാസ്ക് ഫോഴ്സിലെ അംഗങ്ങൾക്ക് വയനാട് സോഷ്യൽ സർവീസ് സൊസൈറ്റിയുമായി സഹകരിച്ചുകൊണ്ട്  വിദഗ്ദ്ധ പരിശീലനം നൽകി. ഡിസാസ്റ്റർ മാനേജ്മെന്റ് വയനാടിന്റെ കൺസൾട്ടന്റായ ഡോക്ടർ അഖിൽ ദേവ്, ഫയർ ആൻഡ് സേഫ്റ്റി ടീം അംഗം ശ്രീ. ജെയിംസ് പി.സി, മാനന്തവാടി സെന്റ്. ജോസഫ് ഹോസ്പിറ്റലിലെ ബേസിക് ലൈഫ് സപ്പോർട്ട് ടീം അംഗങ്ങളായ ശ്രീമതി. ലീമ ലാൻസി, ശ്രീമതി. സൗമ്യ വർഗ്ഗീസ്, എന്നിവർ വിവിധ സെഷനുകൾക്ക് നേതൃത്വം നൽകി. വിവിധ മേഖലകളിൽ നിന്നായി അറുപതോളം യുവജനങ്ങൾ പങ്കെടുത്തു.

**ACEFIRE DOUBLES BADMINTON TOURNAMENT**

വി.തോമസ് മൂർ അനുസ്മരണത്തോടനുബന്ധിച്ച് കെ.സി.വൈ.എം മാനന്തവാടി രൂപത സംഘടിപ്പിച്ച ACEFIRE  ബാഡ്മിൻറൺ ഡബിൾസ് ടൂർണമെന്റിൽ വിവിധ രൂപതകളിൽ നിന്നും മേഖലകളിൽ നിന്നുമായി 28 ടീമുകൾ മാറ്റുരച്ചു. റവ. ഫാ. അജയ് തേക്കിലക്കാട്ടിൽ ടൂർണമെന്റ് ഉദ്ഘാടനം ചെയ്തു. കെ. സി. വൈ. എം മാനന്തവാടി രൂപത പ്രസിഡന്റ് ശ്രീ. ജസ്റ്റിൻ ലൂക്കോസ് നീലംപറമ്പിൽ അധ്യക്ഷത വഹിച്ചു, രൂപത  ട്രെഷറർ  ശ്രീ. ബിബിൻ ജോസ് പിലാപ്പിള്ളിൽ, രൂപതാ സിൻഡിക്കേറ്റ് ലിബിൻ മേപ്പുറത്ത്, റ്റിബിൻ പാറയ്ക്കൽ എന്നിവർ നേതൃത്വം നൽകി. മുള്ളൻകൊല്ലി മേഖലയിൽ നിന്നുള്ള ശ്രീ. പയസ് ജോസ് & ശ്രീ. ആനന്ദ് ബിജു എന്നിവരുടെ ടീം ഒന്നാം സ്ഥാനവും, പയ്യമ്പള്ളി മേഖലയിൽ നിന്നുള്ള ശ്രീ. നികേത് ടോം & ശ്രീ. നിഷാൽ തച്ചനാൽ എന്നിവർ രണ്ടാം സ്ഥാനവും കരസ്ഥമാക്കി. മേരിമാതാ ആർട്സ് ആൻഡ് സയൻസ് കോളേജ് മാനേജർ,

ഫാ. സിബിച്ചൻ ചേലക്കപ്പള്ളി, പ്രിൻസിപ്പൾ, ശ്രീ. മരിയ മാർട്ടിൻ ജോസഫ് കെ.സി.വൈ.എം മാനന്തവാടി രൂപത, മേഖല ഭാരവാഹികൾ എന്നിവർ സന്നിഹിതരായിരുന്നു.

**DIRECTORS MEET**

പൗലോസ് ശ്ലീഹാ അനുസ്മരണത്തോടനുബന്ധിച്ച് കെ.സി.വൈ.എം മാനന്തവാടി രൂപതയിലെ പതിമൂന്ന് മേഖലകളുടെയും മേഖല ഡയറക്ടർമാരുടെ ഡയറക്ടേർസ് മീറ്റ് INSIEME 2023 29/06/2023 വ്യാഴാഴ്ച്ച ദ്വാരക പാസ്റ്ററൽ സെന്ററിൽ വെച്ച് കെ.സി.വൈ.എം രൂപത ഡയറക്ടർ ഫാ. സാന്റോ അമ്പലത്തറയുടെ അധ്യക്ഷതയിൽ നടത്തപ്പെട്ടു. 11 മേഖലകളിൽ നിന്നുള്ള ഡയറക്ടേർസ് പങ്കെടുത്തു.

**മണിപ്പൂർ കലാപം – കണ്ടതും കേട്ടതും!**

കെ.സി.വൈ.എം മാനന്തവാടി രൂപതയുടെ നേതൃത്വത്തിൽ സംഘടിപ്പിച്ച മണിപ്പൂർ കലാപം യഥാർത്ഥ്യം എന്ത്? എന്ന വിഷയത്തിൽ നടന്ന ഓൺലൈൻമീറ്റിൽ കെ.സി.വൈ.എം രൂപത പ്രസിഡന്റ് ശ്രീ. ജസ്റ്റിൻ ലൂക്കോസ് നീലംപറമ്പിൽ അധ്യക്ഷത വഹിച്ച് സംസാരിച്ചു. മണിപ്പൂർ കലാപങ്ങളുടെ പച്ചയായ യഥാർത്ഥ്യങ്ങളിൽ അവതരിപ്പിച്ചുകൊണ്ട് അന്തർ ദേശീയ മാധ്യമ പ്രവർത്തകൻ ശ്രീ. ആന്റോ അക്കര സംവദിച്ചു. കലാപത്തിന്റെ യാഥാർത്ഥ്യങ്ങളെ തുറന്ന് കാട്ടുകയും നമ്മുടെ ആശങ്കകളെ ദുരീകരിക്കുകയും ചെയ്ത പരിപാടിയിൽ വൈദികർ, സന്യസ്തർ, അല്മായ നേതാക്കൾ, യുവജനങ്ങൾ തുടങ്ങി നൂറിലെറെപ്പേർ രൂപതയുടെ വിവിധ മേഖലകളിൽ നിന്നും പങ്കെടുത്തു.

**പ്രതിഷേധ മാർച്ച്**

മണിപ്പൂരിന്റെ മണ്ണിൽ സമാധാനം സ്ഥാപിക്കണമെന്നും ഭരണകൂടങ്ങളുടെ കുറ്റകരമായ നിസ്സംഗത അവസാനിപ്പിക്കണമെന്നും ആവശ്യപ്പെട്ടുകൊണ്ട് കെ.സി.വൈ.എം മാനന്തവാടി രൂപതയുടെ നേ തൃത്വത്തിൽ ബത്തേരി എക്യുമെനിക്കൽ ഫോറവും, മാനന്തവാടി രൂപതയിലെ വിവിധ സംഘടനകളായ എ.കെ.സി.സി, ചെറുപുഷ്പ മിഷൻ ലീഗ്, മാതൃവേദി എന്നിവരും ചേർന്ന്, ചരിത്രമുറങ്ങുന്ന ബത്തേരിയുടെ മണ്ണിൽ പ്രതിഷേധ മാർച്ച് സംഘടിപ്പിച്ചു. ബത്തേരി അസംപ്ഷൻ ദേവലയാങ്കണത്തിൽ നിന്നും കെ.സി.വൈ.എം മാനന്തവാടി രൂപത ഡയറക്ടർ ഫാ. സാന്റോ അമ്പലത്തറ സമാധാനത്തിന്റെ വെള്ളരിപ്രാവിനെ പറപ്പിച്ചുകൊണ്ട് തുടക്കം കുറിച്ച പ്രതിഷേധ മാർച്ച്, സ്വതന്ത്ര മൈതാനിയിൽഅവസാനിച്ചു. ബൈബിൾ അപ്പസ്തൊലേറ്റ് ഡയറക്ടറും,

ആൽഫ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് തിയോളജി ആൻഡ് സയൻസ് ഡയറക്ടറുമായ തലശ്ശേരിരൂപതാംഗം റവ. ഫാ. ടോം ഓലിക്കരോട്ട് പ്രതിഷേധ സ്വരമുയർത്തി സംസാരിച്ചു. വിവിധ മേഖലകളിലെയും യൂണിറ്റുകളിലെയും ഡയറക്ടറച്ചന്മാർ, ആനിമേറ്റർ സിസ്റ്റേഴ്സ്, പ്രിയ വൈദികർ, സിസ്റ്റേഴ്സ്, രൂപതാ, മേഖല ഭാരവാഹികൾ, സിൻഡിക്കേറ്റ് അംഗങ്ങൾ, യൂണിറ്റ് ഭാരവാഹികൾ, യുവജനങ്ങൾ, വിവിധ സംഘടന ഭാരവാഹികൾ തുടങ്ങിമാർച്ചിൽ മുന്നൂറിലധികം ആളുകൾ പങ്കെടുത്തു.

**രൂപതയുടെ 29-ാമത് അർദ്ധ വാർഷിക സെനറ്റ് സമ്മേളനം**

രൂപതയുടെ 29-ാമത് അർദ്ധ വാർഷിക സെനറ്റ് സമ്മേളനം 2023 ജൂലൈ 8 ന് കൽപ്പറ്റ മേഖലയുടെ ആതിഥേയത്വത്തിൽ സെന്റ്. വിൻസെന്റ് ഡി പോൾ ദൈവാലയത്തിൽ വെച്ച് നടത്തപ്പെട്ടു. സെനറ്റ് സമ്മേളനം മാനന്തവാടി രൂപത സഹായ മെത്രാനും, കെ.സി.വൈ.എം മാനന്തവാടി രൂപതാ സഹരക്ഷാധികാരിയുമായ അഭിവന്ദ്യ മാർ അലക്സ് താരാമംഗലം പിതാവ് തിരിതെളിച്ച് ഉദ്ഘാടനം ചെയ്തു. കെ.സി.വൈ.എം മാനന്തവാടി രൂപത പ്രസിഡന്റ് ശ്രീ ജസ്റ്റിൻ ലൂക്കോസ് നീലംപറമ്പിൽ സമ്മേളനത്തിൽ അധ്യക്ഷത വഹിച്ചു. രൂപത ഡയറക്ടർ ഫാ. സാന്റോ അമ്പലത്തറ ആമുഖ പ്രഭാഷണം നടത്തി. കൽപ്പറ്റ ഫൊറോന വികാരി ഫാ. ജോഷി പെരിയപുറം ആശംസകൾ അർപ്പിച്ചു. കെ.സി.വൈ.എം മാനന്തവാടി രൂപതാമേഖല അർദ്ധ വാർഷിക റിപ്പോർട്ട് അവതരണം, സംഘടന ചർച്ച എന്നിവ നടത്തപ്പെട്ട സമ്മേളനത്തിൽ മാനന്തവാടി രൂപതാ സെക്രട്ടറിയേറ്റ്, സിൻഡിക്കേറ്റ്, സംസ്ഥാന സിൻഡിക്കേറ്റ്-സെനറ്റ് അംഗങ്ങൾ, വിവിധ മേഖലകളിൽ നിന്നും മേഖല ഭാരവാഹികൾ, മേഖല ഡയറക്ടേഴ്സ്, ആനിമേറ്റേഴ്സ് എന്നിവരടക്കം നൂറോളം പേർ പങ്കെടുത്തു. സെനറ്റ് സമ്മേളനത്തിൽ വെച്ച് അഭിവന്ദ്യ മാർ അലക്സ് താരാമംഗലം പിതാവിന് നാമഹേതുക തിരുനാൾ ആശംസകൾ നേർന്നു. SPERENZA 2023 ന്റെ ഭാഗമായി വിവിധ മേഖലകളിൽ കേശദാനം ചെയ്തവർക്കുള്ള സർട്ടിഫിക്കറ്റുകൾ, കായിക മേളയ്ക്ക് 'ഊർജ്ജ 2k23' എന്ന പേര് നിർദേശിച്ച അരിഞ്ചേർമല യൂണിറ്റ് അംഗം അബിൻ വെള്ളിയെപ്പുള്ളിയിൽ, ഊർജ്ജ 2k23 കായിക മേളയിൽ വ്യക്തിഗത ചാമ്പ്യൻഷിപ്പ് നേടിയ തരിയോട് മേഖലയിൽ നിന്നുള്ള തോമസ് കാരക്കാട്ട്, ജസ്ലിൻ അമ്പാട്ട്പടവിൽ, ദ്വാരക മേഖലയിൽ നിന്നുള്ള ആഷിൻ മുങ്ങനാനിയിൽ, അലന്റീന പള്ളിക്കൽ, എന്നിവർക്കുള്ള ഉപഹാരങ്ങളും അഭിവന്ദ്യ മാർ അലക്സ് താരാമംഗലം പിതാവ് വിതരണം ചെയ്തു.

**YOUgaTHer - Gathering of youth യുവജന ദിനാഘോഷം**

ജൂലൈ 9 യുവജനദിനത്തോടനുബന്ധിച്ച് നിലമ്പൂർ മേഖലയിൽ രൂപതാതല യുവജനദിനാഘോഷവും ടി.കെ കോളനിയൂണിറ്റ് ഉദ്ഘാടനവും ചെയ്യപ്പെട്ടു. യൂണിറ്റ് വൈസ് പ്രസിഡന്റ് കുമാരി ജസ്റ്റീന കെ.സി.വൈ.എം പതാക ഉയർത്തി. രൂപതാ ഡയറക്ടർ ഫാ. സാന്റോ അമ്പലത്തറ പുതുതായി തിരഞ്ഞെടുക്കപ്പെട്ട യൂണിറ്റ് ഭാരവാഹികൾക്ക് സത്യപ്രതിജ്ഞ ചൊല്ലികൊടുത്തു. രൂപതാ പ്രസിഡന്റ് ശ്രീ. ജസ്റ്റിൻ ലൂക്കോസ് നീലംപറമ്പിൽ യുവജനദിന ആഘോഷ ചടങ്ങിന് അധ്യക്ഷത വഹിച്ചു. നിലമ്പൂർ മേഖല ഡയറക്ടർ ഫാ. നിഷിൻ തേൻപള്ളിയിൽ, മേഖല പ്രസിഡന്റ് ശ്രീ. ബിബിൻ കിഴക്കേക്കോട്ടിൽ, യൂണിറ്റ് കോ-ഓർഡിനേറ്റർ ശ്രീ. അഖിൽ എന്നിവർ സംസാരിച്ചു. വിവിധ യൂണിറ്റുകളിൽ നിന്നും കടന്നുവന്ന യുവജനങ്ങൾ വിവിധ കലാപരിപാടികൾ അവതരിപ്പിക്കുകയും സൗഹൃദം പങ്കുവെക്കുകയും ചെയ്തു. മാനന്തവാടി രൂപത ഭാരവാഹികളും രൂപതാ സിൻഡിക്കേറ്റ് അംഗങ്ങളും മേഖല ഭാരവാഹികളും പങ്കെടുത്തു.

**സ്വാഗതം**

കെ.സി.വൈ.എം മാനന്തവാടി രൂപത സിൻഡിക്കേറ്റിലേക്ക് മേഖല ഡയറക്ടർമാരുടെ പ്രതിനിധിയായി തിരഞ്ഞെടുക്കപ്പെട്ട പയ്യംപള്ളി മേഖല ഡയറക്ടർ ഫാ. സജി പുതുക്കുളങ്ങരക്ക് കെ.സി. വൈ.എം രൂപതാ കുടുംബത്തിലേക്ക് സ്വാഗതം.

**തിരുനാൾ മംഗളങ്ങൾ**

കെ.സി.വൈ.എം മാനന്തവാടി രൂപതയുടെ സ്വർഗീയ മധ്യസ്ഥനായ വി. പൗലോസ് ശ്ലീഹായുടെയും, വി. തോമസ് മൂറിന്റെയും, വി. അന്തോണീസ്, വി. തോമാശ്ലീഹായുടെയും തിരുനാൾ ആശംസകൾ നേർന്നു. രൂപത സിൻഡിക്കേറ്റ് അംഗം ഫാ. സജി പുതുക്കുളങ്ങര അച്ചന് നാമഹേതുക തിരുനാൾ മംഗളങ്ങൾ നേരുന്നു.

**ജന്മദിനാശംസകൾ**

കെ.സി.വൈ.എം മുൻ രൂപതാ ഡയറക്ടറും, രൂപതാ സിൻഡിക്കേറ്റ് അംഗവുമായ ബഹു. അഗസ്റ്റിൻ ചിറക്കത്തോട്ടത്തിൽ അച്ചനും, രൂപത സിൻഡിക്കേറ്റ് മെമ്പർ ഡെനിക് മാങ്കുഴക്കും, ശ്രുതി ബേബി കണിയാംപറമ്പിലിനും, സ്നേഹപൂർവ്വം ജന്മദിനാശംസകൾ

**അഭിനന്ദനങ്ങൾ**

ഇന്ത്യൻ ക്രിക്കറ്റ് ടീമിൽ ഇടം നേടി കേരളത്തിന്റെ അഭിമാനമായി മാറിയ വയനാടിന്റെ മിന്നും താരം കുമാരി മിന്നു മണിക്ക് അഭിനന്ദനങ്ങൾ.

## മേഖലാ വാർത്തകൾ

### മാനന്തവാടി

രൂപതാ സമിതിയുടെ നേതൃത്വത്തിൽ നടന്ന യൂത്ത് ലിങ്ക് പ്രോഗ്രാമിലും അന്നേദിവസം ഗാന്ധി പാർക്കിൽ വച്ച് ക്രൈസ്തവ സ്ഥാപനങ്ങൾക്കെതിരെയുള്ള കടന്നുകയറ്റങ്ങൾക്കെതിരെ സംഘടിപ്പിച്ച പ്രതിഷേധ പരിപാടിയിലും മേഖലാ ഭാരവാഹികളും യൂണിറ്റ് പ്രസിഡന്റുമാരും, മേഖലയിലെ യുവജനങ്ങളും പങ്കെടുത്തു. 25ന് ചേർന്ന് അർദ്ധവാർഷിക സെനറ്റിൽ 60 പേർ പങ്കെടുത്തു. മാനന്തവാടി മേഖലയെ നയിച്ച ലിൻസൺ അച്ചനും  ആനിമേറ്റർ ദിവ്യ സിസ്റ്റർക്കും, മേഖലാ ഭാരവാഹി ആയിരുന്ന ജോബിഷിനും യാത്രയയപ്പ് നടത്തി. പഴയ ഭാരവാഹികൾ സ്ഥാനം കൈമാറുകയും പുതിയ ഭാരവാഹികൾ സ്ഥാനം ഏറ്റെടുക്കുകയും ചെയ്തു. പുതിയ അമരക്കാരായി ഫാ. നിതിൻ പാലക്കാട്ട് ഡയറക്ടർ സ്ഥാനത്തേക്കും സി. ജിനി ജോസഫ് FCC ആനി മേറ്റർ സ്ഥാനത്തേക്കും തെരഞ്ഞെടുക്കപ്പെട്ടു. മേഖലയുടെ രക്ഷാധികാരിയായി  ഫാ. സോണി വാഴകാട്ട് സ്ഥാനമേറ്റു. മണിപ്പൂർ ജനതയോട് ഐക്യദാർഢ്യം അറിയിച്ചുകൊണ്ട് മേഖലയുടെ നേതൃത്വത്തിൽ ഐക്യദാർഢ്യദിനം ആചരിച്ചു. കെ.സി. വൈ.എം മാനന്തവാടി രൂപയുടെ നേതൃത്വത്തിൽ ലഹരി വിരുദ്ധ ദിനത്തോടനുബന്ധിച്ച് നടന്ന ക്യാമ്പയിൻ നിയുക്ത മേഖല ഡയറക്ടർ തുടക്കം കുറിച്ചു.

### മുള്ളൻകൊല്ലി മേഖല

പരിസ്ഥിതി ദിനത്തോടനുബന്ധിച്ച് കെ.സി.വൈ.എം മാനന്തവാടി രൂപത സംഘടിപ്പിച്ച ബോധവൽക്കരണ പരിപാടിയിൽ മേഖലയിൽ നിന്നും ടീന മലയതടത്തിൽ പങ്കെടുത്തു. കെ.സി.വൈ.എം മാനന്തവാടി രൂപത സംഘടിപ്പിച്ച യൂത്ത് ലിങ്കിൽ മുള്ളൻകൊല്ലി മേഖലയിൽനിന്നും 17 യുവജനങ്ങൾ  പങ്കെടുത്തു. മുള്ളൻകൊല്ലി മേഖല ഡയറക്ടറായി നിയമിതനായ ഫാ. മാത്യു കറുത്തേടത്തിനും, കെ.സി.വൈ.എം മുള്ളൻകൊല്ലി മേഖല കുടുംബത്തിലേക്ക് വിവിധ യൂണിറ്റുകളിൽ നിന്നായി കടന്നുവന്ന ആനിമേറ്റേഴ്സിനും ആശംസകൾ അറിയിച്ചു. ലഹരി എന്ന മഹാവിപത്തിനെ സമൂഹത്തിൽ നിന്ന് തുടച്ചുനീക്കുവാൻ  ലഹരിക്കെതിരെ ഉള്ള വിവിധ ബോധവൽക്കരണ പ്രവർത്തനങ്ങളിൽ കെ.സി.വൈ.എം മുള്ളൻകൊല്ലി മേഖലയിലെ യുവജനങ്ങൾ പങ്കാളികളായി. കെ. സി.വൈ.എം മാനന്തവാടി രൂപതയുടെ നേതൃത്വത്തിൽ സംഘടിപ്പിച്ച, അന്തർദേശിയ മാധ്യമ പ്രവർത്ത

കൻ ശ്രീ. ആന്റോ അക്കര സംവദിച്ച ഓൺലൈൻ മീറ്റിംഗിൽ മേഖല യിൽ നിന്നും യുവജനങ്ങൾ പങ്കാളികളായി.

**നടവയൽ മേഖല**

വിദേശത്തും സ്വദേശത്തും ഉള്ള യുവജനങ്ങൾ ഓൺലൈനായി "ADDITIO 2023' തുടക്കം കുറിച്ചു. മേഖലാ പ്രസിഡന്റ് ശ്രീ.നിഖിൽ ചൂടിയാങ്കൽ അധ്യക്ഷത വഹിച്ച ADDITIO യുടെ ഉദ്ഘാടനകർമ്മം രൂപതാ ഡയറക്ടർ ഫാ.സാന്റോ അമ്പലത്തറ നിർവ്വഹിച്ചു. കെ.സി. വൈ.എം മാനന്തവാടി രൂപതയിൽ നിന്നും നടവയൽ മേഖലക്ക് ലഭിച്ച വൃക്ഷതൈകൾ മേഖല പ്രസിഡന്റ് ശ്രീ. നിഖിൽ ചൂടിയാങ്കൽ പനമരം യൂണിറ്റിന് നൽകിക്കൊണ്ട് ഉദ്ഘാടനം ചെയ്തു. മേഖലാ സെക്രട്ടറിയേറ്റ് അംഗങ്ങൾ സന്നിഹിതരായിരുന്നു. ADDITIO 2023 ന്റെ ഭാഗമായി SPERANZA 2023 ലേക്ക് Hair Donation നടത്തി മാതൃകയായ അമ്പലവയൽ സ്വദേശികളായ രാം കിഷോറിനും അരുണിമക്കും അഭിനന്ദനങ്ങൾ അറിയിച്ചു. അമ്പലവയലിൽ വച്ചു നടന്ന ചടങ്ങിൽ നടവയൽ മേഖല ട്രഷറർ ശ്രീ. അഖിൽ മുരിങ്ങമറ്റം കേശദാന സ്വീക രണം നടത്തി. മാനന്തവാടി ടൗൺ ചർച്ചിൽ നടത്തപ്പെട്ട YOUTH LINK ൽ മേഖലയിൽ നിന്നും 14 പേർ പങ്കെടുത്തു. മേഖല കുടുംബ ത്തിലേക്ക് കടന്നുവന്ന അസിസ്റ്റന്റ് ഡയറക്ടർ ഫാ. കിരൺ തൊണ്ടി പ്പറമ്പിൽ അച്ചന് സ്വാഗതം നൽകി. ജൂൺ 18 നടവയൽ മേഖല അർദ്ധ വാർഷിക സെനറ്റ് നടത്തപ്പെട്ടു. നടവയൽ ഫൊറോന ആർച്ച് പ്രീസ്റ്റ് റവ. ഫാ. ഗർവാസീസ് മറ്റം തിരികൾ തെളിച്ചു ഉദ്ഘാടനം നിർവഹിച്ചു. 85 അംഗങ്ങൾ പങ്കെടുത്തു. മണിപ്പൂരിലെ സഹോദരങ്ങൾക്ക് എതിരെ യുള്ള അക്രമണങ്ങളിൾ പ്രതിഷേധിച്ചുകൊണ്ട് മേഖലയിലെ 80 ഓളം യുവജനങ്ങൾ ചേർന്ന് സർക്കാരിന്റെ ജനദ്രോഹ നയത്തിനെതിരെ പ്രമേയം പാസാക്കി. കെ.സി.വൈ.എം മാനന്തവാടി രൂപതയുടെ ഒരു മാസം നീണ്ടു നിൽക്കുന്ന Red Ribbon Anti -Drugs Campaign നും മേഖലയുടെ വിവിധ യൂണിറ്റുകളിലായി നടത്തപ്പെട്ടു. യൂണിറ്റ് ഡയ റക്ടർ അച്ചന്മാർ ലഹരി വിരുദ്ധ സന്ദേശം നൽകുകയും പ്രതിജ്ഞ ചൊല്ലി കൊടുക്കുകയും ചെയ്തു. ദിനംപ്രതി രൂക്ഷമായി കൊണ്ടിരി ക്കുന്ന തെരുവുനായ ശല്യത്തിനെതിരെ സോഷ്യൽ മാധ്യമങ്ങൾ വഴി പ്രതിഷേധം അറിയിച്ചു. കെ.സി.വൈ.എം മാനന്തവാടി രൂപതയുടെ നേതൃത്വത്തിൽ നടത്തപ്പെടുന്ന ധമനി രക്തദാന ഡയറക്ടറിയിൽ പങ്കാളി കളായി വരുന്നു.

**അഭിനന്ദ് ജോർജ്ജ് കൊച്ചുമലയിൽ**
ജനറൽ സെക്രട്ടറി

## കെ.സി.ബി.സി. മദ്യവിരുദ്ധ സമിതി

**കയ്യൂന്നി യുണിറ്റ്**

ജൂൺ 25 ന് ഞായറാഴ്ച ഡയറക്ടർ ഫാ. സണ്ണി മഠത്തിൽ കയ്യുന്നി ഇടവകയിൽ ലഹരി വിരുദ്ധദൂത് നടത്തി. തുടർന്ന് ഇടവക വികാരി ബഹു. ബിജു പൊൻപാറക്കൽ അന്താരാഷ്ട്ര ലഹരി വിരുദ്ധ ദിനം ഉദ്ഘാടനം ചെയ്തു സംസാരിച്ചു. തുടർന്ന് കുട്ടികൾക്ക് വേണ്ടി ലഹരി വിരുദ്ധ ക്ലാസ്സ് നടത്തി, ജ്വാല ലഹരി വിരുദ്ധ ക്ലബ്ബ് രൂപീകരിച്ചു. പള്ളി പരിസരത്തു പോസ്റ്റർ പ്രദർശനം നടത്തി. ഇടവകയിൽ സമിതി യുടെ യൂണിറ്റ് രൂപീകരികുകയും ചർച്ചകൾ നടക്കുകയും ചെയ്തു. അസി.വികാരി റവ. ഫാ. റിജോസ് അരുമായിൽ നേതൃത്വം നൽകി.

**കബനിഗിരി യുണിറ്റ്**

ജൂലൈ 2 ഞായറാഴ്ച കബനിഗിരി ഇടവകയിൽ ലഹരി വിരുദ്ധ ദൂത് സംഘടിപ്പിച്ചു. ഡയറക്ടർ ഫാ. സണ്ണിമഠത്തിൽ വി. ബലി അർപ്പിച്ച് ലഹരിവിരുദ്ധ സന്ദേശം നൽകി സമിതിയുടെ യുണിറ്റ് ഉദ്ഘാടനം ചെയ്തു. കുട്ടികൾക്ക് വേണ്ടി സെമിനാർ നടത്തുകയും ജ്വാല ലഹരി വിരുദ്ധ ക്ലബ് രൂപീകരിച്ചു പോസ്റ്റർ പ്രദർശനം നടത്തുകയും ചെയ്തു. ഇടവക വികാരി റവ. ഫാ. സെബാസ്റ്റ്യൻ ഏലംകുന്നൽ നേതൃത്വം നൽകി.

**പുതുശ്ശേരിക്കടവ് യുണിറ്റ്**

ജൂലൈ 9ന് ഞായറാഴ്ച പുതുശ്ശേരിക്കടവ് ഇടവകയിൽ ലഹരി വിരുദ്ധ ദൂത് സംഘടിപ്പിച്ചു. ഇടവക വികാരി റവ. ഫാ. പോൾ എടയക്കൊണ്ടാട്ട് ഉദ്ഘാടനം ചെയ്തു. രൂപതാ ഡയറക്ടർ റവ. ഫാ. സണ്ണി മഠത്തിൽ വി. ബലി അർപ്പിച്ച് ലഹരിവിരുദ്ധ സന്ദേശം നൽകുകയും കുട്ടികൾക്ക് വേണ്ടി ലഹരി വിരുദ്ധ സെമിനാർ നടത്തുകയും ചെയ്തു. കുട്ടികളുടെ ലഹരി വിരുദ്ധ ക്ലബ്ബായ ജ്വാല രൂപീകരിച്ചു.

**കളത്തുവയൽ യുണിറ്റ്**

ജൂലൈ 16 ഞായറാഴ്ച കളത്തുവയൽ ഇടവകയിൽ ലഹരി വിരുദ്ധ ദൂത് സംഘടിപിച്ചു. ഇടവക വികാരി റവ. ഫാ. സുനിൽ മഠത്തിൽ ഇടവകയുടെ ലഹരി വിരുദ്ധ പ്രോഗ്രാം 'സജീവം' ഉദ്ഘാടനം

ചെയ്തു. രൂപതാഡയറക്ടർ ഫാ.സണ്ണി മഠത്തിൽ വി. ബലി അർപ്പിച്ച് ലഹരിവിരുദ്ധ സന്ദേശം നൽകി. കുട്ടികൾക്ക് ലഹരി വിരുദ്ധ സെമിനാറിന് നേതൃത്വം നൽകി. ജ്വാല ലഹരി വിരുദ്ധ ക്ലബ്ബ് രൂപീ കരിച്ചു. ഇടവകയിൽ ലഹരി വിരുദ്ധസമിതിയുടെ യുണിറ്റ് രൂപീക രിച്ചു പ്രവർത്തനങ്ങൾ വിലയിരുത്തി. പൊതു ജനങ്ങൾക്കായി പോസ്റ്റർ പ്രദർശനം നടത്തി.

**കുറുമണി യുണിറ്റ്**

ജൂലൈ 16ന് കറുമണി ഇടവകയിൽ സൺഡെ സ്കൂൾ വിദ്യാർ ത്ഥികൾക്കായി ലഹരി വിരുദ്ധ സെമിനാർ നടത്തി. ഇടവക വികാരി റവ. ഫാ. ജോസ് ചക്കിട്ടുകുടി ഉദ്ഘാടനം ചെയ്തു. അഡ്വ. ജോയി കട്ട ക്കയം ക്ലാസുകൾക്ക് നേതൃത്വം നൽകി.

**തൃശ്ശിലേരി യുണിറ്റ്**

ജൂലൈ 2 ന് തൃശ്ശിലേരി ഇടവകയിൽ സൺഡെ സ്കൂൾ മിഷൻ ലീഗ് വിദ്യാർത്ഥികൾക്കായി ലഹരി വിരുദ്ധ സെമിനാർ നടത്തി. ഇടവക വികാരി റവ. ഫാ. ബാബു മാപ്ലശ്ശേരി ഉദ്ഘാടനം ചെയ്തു. CML ശാഖാ പ്രസിഡണ്ട് അധ്യക്ഷനായിരുന്നു. കെ.സി.ബി.സി മദ്യ വിരുദ്ധ സമിതി രൂപതാ പ്രസിഡണ്ട് ജോൺസൺ തൊഴുത്തുങ്കൽ സെമിനാറിന് നേതൃത്വം നൽകി.

**കറുമ്പാല യൂണിറ്റ്**

ജൂലൈ 9ന് കുറുമ്പാല ഇടവകയിൽ സൺഡെ സ്കൂൾ വിദ്യാർ ത്ഥികൾക്കായി ലഹരി വിരുദ്ധ സെമിനാർ നടത്തി. 5 മുതൽ 12 വരെ യുള്ള വിദ്യാർത്ഥികൾ പങ്കെടുത്തു. ഇടവക വികാരി റവ. ഫാ. സിനീഷ് പുത്തൻപുരയിൽ ഉദ്ഘാടനം ചെയ്യ്തു. മദ്യ വിരുദ്ധ സമിതി രൂപതാ പ്രസിഡണ്ട് ജോൺസൺ തൊഴുത്തുങ്കൽ ക്ലാസുകൾ നയിച്ചു.

**സെമിനാർ**

ജൂൺ 29ന് വടുവഞ്ചാൽ ഓക്സീലിയം ട്രെനിംഗ് സെന്ററിലെ യുവജനങ്ങൾക്കായി അർദ്ധ ദിന ലഹരി വിരുദ്ധ സെമിനാർ നടത്തി. 48 യുവജനങ്ങൾ പങ്കെടുത്തു. ട്രെയിനിംഗ് സെന്റർ ഡയറക്ടർ സി. ഷീജ ഉദ്ഘാടനം ചെയ്തു. മദ്യ വിരുദ്ധ സമിതി രൂപതാ പ്രസിഡണ്ട് ജോൺസൺ തൊഴുത്തുങ്കൽ ക്ലാസുകൾ നയിച്ചു.

**ഫൊറോന വൈദിക സമ്മേളന സന്ദർശനം**

ജൂലൈ 9ന് മദ്യ വിരുദ്ധ സമിതി രൂപതാ ഡയറക്ടർ. ഫാ. സണ്ണി മഠത്തിൽ മാനന്തവാടി, ദ്വാരക എന്നീ ഫെറോനകളിലെ വൈദി കരുടെ പ്രതിമാസ സമ്മേളനത്തിൽ പങ്കെടുത്തു. കെ. സി. ബി സി മദ്യ വിരുദ്ധ സമിതിയുടെ പ്രവർത്തനങ്ങൾ വിശദീകരിച്ചു. എല്ലാ വൈദികരുടെയും പിന്തുണ അഭ്യർത്ഥിച്ചു.

**രൂപതാ എക്സിക്യൂട്ടീവ് യോഗം നടത്തി**

കെ.സി.ബി.സി മദ്യ വിരുദ്ധ സമിതിയുടെ എക്സിക്യൂട്ടീവ് യോഗം ജൂലൈ മാസം മൂന്നാം തിയ്യതി ദ്വാരക പാസ്റ്ററൽ സെന്റ റിലെ രൂപതാ ഓഫീസിൽ ചേർന്നു. സി. കാർമ്മൽ CMC നയിച്ച പ്രാർത്ഥനയോടെ യോഗനടപടികൾ ആരംഭിച്ചു. സി. മരീന SH എല്ലാവർക്കും സ്വാഗതം ആശംസിച്ചു. രൂപതാ പ്രസിഡണ്ട് ജോൺസൺ തൊഴുത്തുങ്കൽ അധ്യക്ഷത വഹിച്ചു. രൂപതാ ഡയറക്ടർ. ഫാ. സണ്ണി മഠത്തിൽ ആമുഖ പ്രഭാഷണം നടത്തി. മുൻ മാസങ്ങളിലെ വരവ് ചെലവ് കണക്കുകൾ അവതരിപ്പിച്ചു. മുൻ മാസത്തിലെ പ്രവർത്ത നങ്ങൾ വിലയിരുത്തി ചർച്ചകൾ നടത്തി.

**യോഗതീരുമാനങ്ങൾ**

ലഹരി വിരുദ്ധ ദൂത് എല്ലാ ഇടവകകളിലും നടത്തുക, വിദ്യാർ ത്ഥികളുടെ ലഹരി വിരുദ്ധ ക്ലബ്ബ്, ജ്വാല രൂപീകരിക്കുക, ലഹരിക്ക് എതിരെ ഇടവക ധ്യാനങ്ങൾ സംഘടിപ്പിക്കുക, കാസ (സ്കൂൾ വിദ്യാർ ത്ഥികളുടെ ലഹരി വിരുദ്ധ ക്ലബ്ബ്) പ്രവർത്തനം ശക്തമാക്കുക, ആനിമേ റ്റർമാർക്ക് ഏകദിന പരിശിലനം നൽകുക.

ശ്രീ രാജു വലിയാറയുടെ നന്ദിയോടെ യോഗം അവസാനിച്ചു. യോഗത്തിൽ പങ്കെടുത്ത എല്ലാവരും നന്ദി. മദ്യ വിരുദ്ധ സമിതിയുടെ പ്രവർത്തനങ്ങൾക്ക് ശക്തി പകരുന്ന എല്ലാവർക്കും ആശംസകൾ.

**ജോൺസൺ തൊഴുത്തുങ്കൽ**
രൂപത പ്രസിഡന്റ്

# കുടുംബ പ്രേഷിതത്വം

**വിവാഹ ഒരുക്ക കോഴ്സുകൾ**

ജൂലൈ 8 മുതൽ 11 വരെയുള്ള തിയതികളിൽ നടത്തിയ വിവാഹ ഒരുക്ക കോഴ്സിൽ 55 പേർ പങ്കെടുത്തു. ആഗസ്റ്റ് മാസത്തെ വിവാഹ ഒരുക്ക കോഴ്സ് 11,12,13,14 എന്നീ തീയതികളിലും സെപ്റ്റംബർ മാസത്തെ കോഴ്സ് 26,27,28,29 എന്നീ തീയതികളിലും നടത്തപ്പെടുന്നു.

**രൂപതാ വാർത്തകൾ**

**മാതൃവേദി**

ജൂൺ 5 ലോക പരിസ്ഥിതി ദിനത്തോടനുബന്ധിച്ച് രൂപതയിലെ എല്ലാ ശാഖകളിലും വൃക്ഷത്തൈകൾ നടുകയും പരിസരം വൃത്തിയാക്കുകയും ചെയ്തു. പരിസ്ഥിതിയെ സംരക്ഷിക്കേണ്ടതിന്റെ ആവശ്യകതയെ കുറിച്ച് വാട്സ്ആപ്പ് സന്ദേശം നൽകി. വിശുദ്ധ മറിയം ത്രേസ്യയുടെ തിരുനാൾ ദിനമായ ജൂൺ എട്ടിന് വിശുദ്ധ മറിയം ത്രേസ്യയുടെ ജീവചരിത്രം വാട്സ്ആപ്പ് സന്ദേശമായി അയച്ചു. തിരുഹൃദയ തിരുനാൾ ദിനം രൂപതയിലെ തിരുഹൃദയ സന്യാസ സമൂഹത്തിലെ സിസ്റ്റേഴ്സിന് ആശംസകൾ അറിയിക്കുകയും ഇടവക തലത്തിൽ ആദരിക്കുകയും ചെയ്തു.രൂപതയിൽ നിന്നും അയക്കുന്ന സാന്ത മോനിക്ക പ്രാർത്ഥന രൂപതയിലെ എല്ലാ അമ്മമാർക്കും ലഭിക്കുന്നതിനുവേണ്ടി ഓരോ യൂണിറ്റിൽ നിന്നും ഒരു അമ്മയെ വാട്സ്ആപ്പ് ഗ്രൂപ്പിൽ ഉൾപ്പെടുത്തി പ്രാർത്ഥന ഫോർവേഡ് ചെയ്തു കൊണ്ടിരിക്കുന്നു. രൂപതയിലെ എല്ലാ മേഖലകളിലും നിയോഗങ്ങൾ വച്ച് ചെയിൻ റോസറി നടക്കുന്നുണ്ട്. മണിപ്പൂർ സംഘർഷത്തിനെതിരെയുള്ള പ്രതിഷേധ റാലിയിൽ മാതൃവേദി അംഗങ്ങൾ പങ്കെടുത്തു. ലഹരി വിരുദ്ധ ദിനമായ ജൂൺ 26 ന് രൂപതയിലെ പല ശാഖകളിലും ലഹരി വിരുദ്ധ സെമിനാറുകളും ക്ലാസ്സുകളും സംഘടിപ്പിച്ചു.

**മരിയൻ സിംഗിൾസ്**

രൂപതാ മീറ്റിംഗ് നടത്തി. 13 അംഗങ്ങൾ പങ്കെടുത്തു. അടുത്ത മീറ്റിംഗ് ആഗസ്റ്റ് 21

**മുള്ളൻകൊല്ലി**

ജൂൺ മാസത്തെ എക്സിക്യൂട്ടീവ് ശിശുമല യൂണിറ്റിൽ വെച്ച്

ചേർന്നു. പുതിയതായി ചുമതലയേറ്റ മേഖല ഡയറക്ടർ ബിജു മാവറ അച്ചനെ സ്വാഗതം ചെയ്തു. ഈശോയുടെ തിരുഹൃദയ ദിനത്തോടനു ബന്ധിച്ച് വീടുകളിൽ തിരുഹൃദയ വണക്കമാസം ചൊല്ലി. പരി ശുദ്ധ കുർബാനയുടെ തിരുനാൾ ആഘോഷപൂർവ്വം യൂണിറ്റുകളിൽ നടത്തി. മേഖലയിലെ നിർധന കുട്ടികൾക്ക് പഠനോപകരണം വിതരണം ചെയ്തു. പിതൃദിനത്തിൽ പ്രായമായ പിതാക്കന്മാരെ ആദരിച്ചു.

**ബത്തേരി**

ജൂൺ 26 ലഹരി വിരുദ്ധ ദിനത്തോടനുബന്ധിച്ച് ജൂൺ 25 ഞായറാഴ്ച വൈകുന്നേരം 3 മണി മുതൽ 5 മണിവരെ 'വിമോചന' എന്ന പേരിൽ ലഹരി ഉപയോഗത്തിലും വില്പനയിലും ഏർപ്പെട്ടിരി ക്കുന്നവരെയും എല്ലാ യുവജനങ്ങളെയും സമർപ്പിച്ച് ഒരു ലഹരി വിമോചന ആരാധന നടത്തി. മീനങ്ങാടി യൂണിറ്റ് ആതിഥേയത്വം വഹിച്ച ആരാധനയിൽ എല്ലാ ഇടവകകളിലും നിന്നായി 140 പേർ പങ്കെടുത്തു.

**ശാഖാ വാർത്തകൾ**

**ദീപ്തിഗിരി**

ദേവാലയ ശുചീകരണം, രോഗീ സന്ദർശനം എന്നിവ നടത്തി. എക്സിക്യൂട്ടീവ് മീറ്റിംഗ് കൂടി. ദേവാലയ നിർമാണത്തോടനുബ ന്ധിച്ച് എല്ലാ ആദ്യ വെള്ളിയാഴ്ച്ചകളിലും പ്രാർത്ഥന നടത്തുന്നു.

**പനംഞ്ചിറ**

വി. മറിയം ത്രേസ്യയുടെ തിരുനാൾ ആചരിച്ചു. ലഹരി വിരുദ്ധ ദിനത്തിൽ കരുണ കൊന്ത ചൊല്ലി പ്രാർത്ഥിച്ചു. സെമിനാരി വിദ്യാർ ത്ഥികൾക്ക് പഠനസഹായമായി 1000 രൂപ നൽകി. രോഗീ സഹാ യമായി ഒരു കുടുംബത്തിന് 2000 രൂപ നൽകി . രോഗീ സന്ദർശനം നടത്തി .

**കൽപ്ര**

എക്സിക്യൂട്ടീവ് മീറ്റിംഗ് കൂടി. ഡയറക്ടർ അച്ചനും ആനിമേറ്റർ സിസ്റ്ററിനും സ്വീകരണം നൽകി. തിരുഹൃദയ തിരുനാൾ, വിമല ഹൃദയതിരുനാൾ എന്നിവ ആചരിച്ചു. 2 രോഗികളെ സന്ദർശിച്ചു. എല്ലാ കുടുംബങ്ങളിലും തിരുഹൃദയ വണക്ക മാസം ചൊല്ലി പ്രാർ ത്ഥിച്ചു.

**പാലാങ്കര**

പൊതുപ്പണിയിൽ സംബന്ധിച്ചു. പരിസ്ഥിതി ദിനത്തിൽ വൃക്ഷത്തൈ നട്ടു. രോഗി സന്ദർശനം, ഭവന സന്ദർശനം എന്നിവ നടത്തി. പരിശുദ്ധ കുർബാനയുടെ തിരുനാൾ, തിരുഹൃദയ തിരു

നാൾ, ഫാദേഴ്സ് ഡേ എന്നിവ ആചരിച്ചു. മേഖല നേതൃത്വ സംഗമത്തിൽ ഏഴു പേർ പങ്കെടുത്തു.

**പോരൂർ**

ജീവന്റെ സംരക്ഷണത്തിനായി ജപമാല ചൊല്ലി പ്രാർത്ഥിച്ചു. പരിസ്ഥിതി ദിനത്തിൽ ആനിമേറ്ററുടെ നേതൃത്തിൽ മര തൈ നട്ടു. രോഗി സന്ദർശനം നടത്തി. പള്ളിയും പരിസരവും വൃത്തിയാക്കി.

**വഞ്ഞോട്**

ആദ്യ ഞായറാഴ്ച എക്സിക്യൂട്ടീവ് യോഗം കൂടി. ചെടിത്തോട്ടം വൃത്തിയാക്കി. വചനങ്ങൾ ചെല്ലി പ്രാർത്ഥിച്ചു.

**പുതുശ്ശേരിക്കടവ്**

പരിസ്ഥിതി ദിനത്തിൽ വൃക്ഷ തൈകൾ നട്ടു. തിരുഹൃദയ തിരുനാൾ, പിതൃദിനം, വായനാദിനം എന്നിവ ആചരിച്ചു. എക്സിക്യൂട്ടീവ് അംഗങ്ങൾ രോഗീ സന്ദർശനം നടത്തി.

**സീതാമൗണ്ട്**

തിരുഹൃദയ വണക്കമാസാചരണം ഭവനങ്ങളിൽ നടത്തി. മണിപ്പൂർ കലാപത്തിൽ ദുരിതമനുഭവിക്കുന്നവർക്കുവേണ്ടി കരുണ കൊന്ത ചൊല്ലി പ്രാർത്ഥിച്ചു. അന്താരാഷ്ട്ര പിതൃദിനത്തിൽ ഇടവകയിലെ ഏറ്റവും  പ്രായം കൂടിയ വ്യക്തിയെ ആദരിച്ചു. രോഗീ സന്ദർശനം, ഏലീശ്വാ സന്ദർശനം എന്നിവ നടത്തി.

**കബനിഗിരി**

തിരുഹൃദയ വണക്കമാസം ആചരിച്ചു. തിരുഹൃദയ തിരുനാൾ, പിതൃദിനം, വി. കുർബാന, മാതാവിന്റെ വിമലഹൃദയം, വി. അന്തോണീസ്, പത്രോസ് - പൗലോസ് ശ്ലീഹന്മാർ - തിരുനാളുകൾ എന്നിവ ആചരിച്ചു. ചികിത്സാ സഹായം നൽകി. മണിപ്പൂർ ജനതക്കുവേണ്ടി ഒരു മണിക്കൂർ ദിവ്യകാരുണ്യ ആരാധന നടത്തി. ലഹരി വിരുദ്ധ ദിനത്തോടനുബന്ധിച്ചു സെമിനാർ നടത്തി. സെമിനാരി വിദ്യാർത്ഥികളുടെ പഠനത്തിനായി ഫണ്ട് ശേഖരിച്ചു.

**മുള്ളൻക്കൊല്ലി**

എക്സിക്യൂട്ടീവ് കൂടി. രോഗീ സന്ദർശനം നടത്തി. നിർദ്ധന രോഗിക്ക് സാമ്പത്തിക സഹായം നൽകി. വി. കുർബാനയുടെ തിരുനാൾ, തിരുഹൃദയ തിരുനാൾ എന്നിവ ആചരിച്ചു. വിശ്വാസ പരിശീലനവും അമ്മമാരും എന്ന വിഷയത്തെക്കുറിച്ച് വികാരി ബഹു. ഫാ. ജസ്റ്റിൻ മൂന്നാനാൽ ക്ലാസ് എടുത്തു.

**കയ്യുന്നി**

ലോക ക്ഷീരദിനം, ലോക പരിസ്ഥിതി ദിനം, ലോക രക്തദാന ദിനം, വായനാ ദിനം, ലോക സംഗീത ദിനം എന്നിവ ആചരിച്ചു. പരിശുദ്ധ കുർബാന തിരുനാൾ, തിരുഹൃദയ തിരുനാൾ എന്നിവ ഭക്തിപുർവ്വം കൊണ്ടാടി. ലഹരി വിരുദ്ധ സെമിനാർ നടത്തി. ദൈവവിളി പ്രോത്സാഹനമായി 2000/- രൂപയും, ചികിത്സാ സഹായമായി 2000/- രൂപയും നൽകി.

**വാളേരി**

ജനറൽ ബോഡി കൂടി. വചനകവചം നടത്തി. സാന്തമോനിക്ക, ചെയിൻ റോസറി എന്നിവ നടത്തി തിരുഹൃദയ വണക്കമാസം , ലഹരി വിരുദ്ധദിനം എന്നിവ ആചരിച്ചു. പുതിയ ചിട്ടി ആരംഭിച്ചു.

**പാടിച്ചിറ**

പരിസ്ഥിതി ദിനത്തിൽ വൃക്ഷത്തൈകൾ നട്ടു. രോഗാവസ്ഥയിൽ ആയിരിക്കുന്ന ലിജിയെയും കുടുംബത്തെയും സന്ദർശിക്കുകയും ഭക്ഷണ കിറ്റ് നൽകുകയും ചെയ്തു. പ്രോ ലൈഫ് പ്രവർത്തനങ്ങൾ നിയോഗം വെച്ച് ദിവ്യകാരുണ്യ ആരാധന നടത്തി.

**കോട്ടത്തറ**

തിരുഹൃദയ വണക്കമാസം ആചരിച്ചു. എക്സിക്യൂട്ടീവ് മീറ്റിംഗ് കൂടി. പരിസ്ഥിതി ദിനത്തിൽ പള്ളി പരിസരത്തും എല്ലാ വീടുകളിലും വൃക്ഷത്തൈ നട്ടു. രോഗി സന്ദർശനം നടത്തി. എസ് . എസ്. എൽ സി, പ്ലസ് ടു ഫുൾ എ പ്ലസ് കിട്ടിയ കുട്ടികൾക്ക് മൊമെന്റോ നൽകി ആദരിച്ചു. വി. മറിയം ത്രേസ്യാ തിരുനാൾ, പരിശുദ്ധ കുർബാനയുടെ തിരുനാൾ, അന്താരാഷ്ട്ര പിതൃദിനം, തിരുഹൃദയത്തിരുനാൾ, വിമല ഹൃദയത്തിരുനാൾ എന്നിവ ആചരിച്ചു. ലഹരി വിരുദ്ധ ബോധവൽക്കരണ ക്ലാസ് നടത്തി. പള്ളി ക്ലിനിങ്ങ് നടത്തി.

**ചൂരൽമല**

തിരുഹൃദയ പ്രതിഷ്ഠ, തിരുഹൃദയ വണക്കമാസം എന്നിവ നടത്തി. ജനറൽബോഡി, എക്സിക്യൂട്ടീവ് മീറ്റിംഗ് എന്നിവ കൂടി. പള്ളിയും പരിസരവും വൃത്തിയാക്കി. ഫണ്ട് ശേഖരണാർത്ഥം സോപ്പുപൊടിയും സോപ്പും ഉണ്ടാക്കി വിൽപ്പന നടത്തി. പത്രോസ് പൗലോസ് നാമധാരികളെ പൂക്കൾ നൽകി ആദരിച്ചു.

**മരകാവ്**

പരിസ്ഥിതി ദിനത്തിൽ വൃക്ഷ തൈകൾ നട്ടു. വി. മറിയം ത്രേസ്യയുടെ തിരുനാൾ, പിതൃദിനം എന്നിവ ആചരിച്ചു. രോഗീ സന്ദർശനം നടത്തി. എലീശ്വാ സന്ദർശനം നടത്തി. മാനന്തവാടി

ഹോസ്പിറ്റലിൽ ഭക്ഷണം നൽകുന്നതിന് സഹായിക്കാൻ പോയി. തിരുഹൃദയ വണക്കമാസാചരണം നടത്തി. ആനിമേറ്റർ സിസ്റ്ററിന് സ്വീകരണം നല്കി.

**മൺവയൽ**

തിരുഹൃദയ വണക്കമാസം ആചരിച്ചു. എക്സിക്യൂട്ടീവ് മീറ്റിംഗ് നടത്തി. മറിയം ത്രേസ്യ തിരുനാൾ, തിരുഹൃദയ തിരുനാൾ എന്നിവ ആചരിച്ചു. ദേവാലയവും പരിസരവും വൃത്തിയാക്കി. ലഹരി വിരുദ്ധ ദിനം ആചരിച്ചു. മണിപ്പൂർ സംസ്ഥാനത്തിന് വേണ്ടി ഒരു മണിക്കൂർ ആരാധന നടത്തി.

**നടവയൽ**

പരിസ്ഥിതി ദിനത്തിൽ വീടും പരിസരവും വൃത്തിയാക്കി, ഫല വൃക്ഷത്തൈകൾ നട്ടു. തിരുഹൃദയ വണക്കമാസം നടത്തി. മണിപ്പൂരിനു വേണ്ടി പ്രാർത്ഥിച്ചു. മാതാവിന്റെ രൂപം അലങ്കരിക്കൽ കുടുംബത്തോടൊപ്പം മേഖലയിൽ ഒന്നാം സ്ഥാനം കരസ്ഥമാക്കി. അന്താരാഷ്ട്ര പിതൃദിനത്തിൽ ഓസ്സാനാം ഭവൻ സന്ദർശിച്ചു. പല ഹാരങ്ങളും, വാഷിംഗ് പൗഡർ, സോപ്പ്, ഹാർപിക് ഇവ നൽകി. രോഗി സന്ദർശനം നടത്തി സഹായമായി 500/- രൂപ നൽകി. ജനറൽ ബോഡി യോഗം കൂടി.

**പ്രശാന്തഗിരി**

തിരുഹൃദയ രൂപം അലങ്കരിച്ച് തിരുഹൃദയ കൊന്തയും തിരു ഹൃദയജപവും ചൊല്ലി പ്രാർത്ഥിച്ചു. അഖണ്ഡ ജപമാല ചൊല്ലി ജീവന്റെ സംരക്ഷണത്തിനായി പ്രാർത്ഥിച്ചു. പരിസ്ഥിതി ദിനത്തിൽ മരത്തൈ നട്ടു. എക്സിക്യൂട്ടീവ് യോഗം, ജനറൽ ബോഡി യോഗം എന്നിവ കൂടി. ഭവന സന്ദർശനം നടത്തി.

**കരിമ്പിൽ**

തിരുഹൃദയ വണക്കമാസം ആചരിച്ചു. പരിസ്ഥിതി ദിനത്തിൽ വീടുകളിൽ തൈകൾ നട്ടു. എക്സിക്യൂട്ടീവ് മീറ്റിംഗ് കൂടി. സെമിനാർ, ജനറൽ ബോഡി മീറ്റിംങ്ങ് എന്നിവ നടത്തി. മാതാവിന്റെ വിമല ഹൃദയ തിരുനാൾ, പിതൃദിനം, വി. പത്രോസ്, വി. പൗലോസ് ശ്ലീഹാ തിരുനാൾ എന്നിവ ആഘോഷിച്ചു. മണിപ്പൂർ പ്രാർത്ഥന ദിനമായി ആചരിച്ചു. ലഹരി വിരുദ്ധ പ്രതിജ്ഞ എടുത്തു. വചനം ചൊല്ലി പ്രാർത്ഥിച്ചു.

**പൂളപ്പാടം**

മാതാപിതാക്കൾക്ക് സെമിനാർ നടത്തി. ലഹരിയുടെ ദൂഷ്യ വശങ്ങളെക്കുറിച്ച് കുട്ടികൾക്ക് ക്ലാസ്സ് എടുത്തു.

**മണിമൂളി**

എക്സിക്യൂട്ടീവ് മീറ്റിംഗ് ചേർന്നു. ദിവ്യകാരുണ്യ തിരുനാൾ, തിരുഹൃദയ തിരുനാൾ എന്നിവ ആചരിച്ചു. മേഖല നേതൃത്വ സംഗമത്തിൽ 14 പേർ പങ്കെടുത്തു. രോഗീ സന്ദർശനം നടത്തി.

**തവിഞ്ഞാൽ**

എക്സിക്യൂട്ടീവ് കൂടി. രോഗി സന്ദർശനം നടത്തി. ജപമാല ചൊല്ലി മണിപ്പൂരിന് വേണ്ടി പ്രാർത്ഥിച്ചു. പിതൃദിനത്തിൽ പ്രായമായ പിതാവിനെ ആദരിച്ചു. രോഗീ സന്ദർശനം നടത്തി. മണിപ്പൂരിന് വേണ്ടിയുള്ള ഇടവകാതല പ്രതിഷേധത്തിൽ പങ്കെടുത്തു.

**ഏലപ്പീടിക**

വീടുകളിൽ തിരുഹൃദയ ജപമാലയും വണക്കമാസവും ചൊല്ലി പ്രാർത്ഥിച്ചു. ലോക പരിസ്ഥിതി ദിനത്തിൽ വീടുകളിൽ വൃക്ഷതൈ നട്ടുപിടിപ്പിച്ചു. സെമിനാർ നടത്തി. എക്സിക്യൂട്ടീവ് കൂടി പുതിയ ഭാരവാഹികളെ തിരെഞ്ഞെടുത്തു. പിതൃദിനം ആചരിച്ചു.

**തലഞ്ഞി**

അന്താരാഷ്ട്ര പിതൃദിനത്തോനുബന്ധിച്ച് പ്രായമായ പിതാക്കന്മാരെ ആദരിച്ചു. തിരുഹൃദയ വണക്കമാസം കുടുംബങ്ങളിൽ നടത്തി. ലഹരി വിരുദ്ധ ദിനം ആചരിച്ചു.

**കുഞ്ഞോം**

പ്രായമായ മാതൃവേദി അംഗത്തെ ആദരിച്ചു. ഒരു നിർധന വിദ്യാർത്ഥിക്ക് പഠനോപകരണങ്ങൾ നൽകി. രോഗി സന്ദർശനം നടത്തി. വിശുദ്ധ അന്തോണീസിന്റെ തിരുനാൾ, മറിയം ത്രേസ്യ അനുസ്മരണം, മാതാവിന്റെ സ്വർഗ്ഗാരോപണം എന്നിവ ആചരിച്ചു. മണിപ്പൂരിൽ പീഡനം അനുഭവിക്കുന്നവർക്ക് വേണ്ടി പ്രാർത്ഥന നടത്തി. കർഷക തൊഴിലാളിയെ ആദരിച്ചു. വൈദിക വിദ്യാർഥികൾക്ക് വേണ്ടി ചെയിൻ റോസറി നടത്തി. തിരുഹൃദയ വണക്കമാസം , കൊന്ത, മാതാവിന്റെ രൂപം അലങ്കരിക്കൽ എന്നിവ നടത്തി. സാന്താ മോനിക്കാ മധ്യസ്ഥ പ്രാർത്ഥന, വചന കവചം എന്നിവയിൽ ഭക്തിപൂർവ്വം പങ്കുചേരുന്നു. പള്ളി വൃത്തിയാക്കി. എക്സിക്യൂട്ടീവ് മീറ്റിംഗ് കൂടി. പരിസ്ഥിതി ദിനം, പിതൃദിനം, ലഹരി വിരുദ്ധ ദിനം എന്നിവ ആചരിച്ചു.

**മരക്കടവ്**

തിരുഹൃദയ വണക്കമാസം ആചരിച്ചു. പരിസ്ഥിതി ദിനത്തിൽ മരക്കടവ് ഓൾഡേജ് ഹോമിലെ പൂന്തോട്ടം വൃത്തിയാക്കി പുതിയ ചെടികൾ നട്ടു പിടിപ്പിച്ചു. അന്താരാഷ്ട്ര പിതൃ ദിനം, തിരുഹൃദയ

തിരുനാൾ ദിനം എന്നിവ ആചരിച്ചു. മണിപ്പൂരിന് വേണ്ടി പ്രാർത്ഥിച്ചു.

**വലിയ കൊല്ലി**

മണിപ്പൂർ മേഖലയ്ക്കു വേണ്ടി ജപമാല ചൊല്ലി പ്രാർത്ഥിച്ചു. രോഗി സന്ദർശനം നടത്തി. 10, +1 ക്ലാസ്സുകളിൽ പഠിച്ച് ഉന്നത വിജയം കരസ്ഥമാക്കിയവർക്ക് സ്നേഹോപകാരം നൽകി. സെമിനാർ നടത്തി. പള്ളിയും പരിസരവും വൃത്തിയാക്കി.

**മഞ്ഞൂറ**

വി. പത്രോസ്, പൗലോസ് ശ്ലീഹൻമാരുടെ തിരുനാളിന് ഒരുക്കമായി നൊവേന ചൊല്ലി പ്രാർത്ഥിച്ചു. വിദ്യാഭ്യാസ സഹായമായി 1000 രൂപ നൽകി. രോഗി സന്ദർശനം നടത്തി.

**പുതിയിടംകുന്ന്**

പള്ളിയും പരിസരവും വൃത്തിയാക്കി. മണിപ്പൂരിന് വേണ്ടി ജപമാല ചൊല്ലി പ്രാർത്ഥിച്ചു. ഭവന നിർമ്മാണത്തിൽ ഏർപ്പെട്ടിരിക്കുന്ന ഒരു കുടുംബത്തിന്, ആവശ്യമായ സഹായങ്ങൾ ചെയ്തു കൊടുത്തു. ഭക്ഷണം പാകം ചെയ്യാൻ സഹായിച്ചു. പാവപ്പെട്ട ഒരു കുടുംബത്തിന് ഭക്ഷണ കിറ്റ് വിതരണം ചെയ്തു. രോഗീ സഹായം നൽകി.

**ദ്വാരക**

തിരുഹൃദയ വണക്കമാസം ആചരിച്ചു. പരിശുദ്ധ ത്രിത്വത്തിന്റെ തിരുനാൾ, പരിശുദ്ധ കുർബാനയുടെ തിരുനാൾ, തിരുഹൃദയ തിരുനാൾ, വിമല ഹൃദയത്തിരുനാൾ, വിശുദ്ധ മറിയം ത്രേസ്യയുടെ തിരുനാൾ, വിശുദ്ധ അന്തോനീസിന്റെ തിരുനാൾ അന്താരാഷ്ട്ര പിതൃദിനം, വായനദിനം, ലോക വിധവാ ദിനം, ലഹരി വിരുദ്ധ ദിനം എന്നിവ ആചരിച്ചു. പരിസ്ഥിതി ദിനത്തിൽ പഴവൃക്ഷതൈകൾ നട്ടു. വീടുകളിലുള്ള അടുക്കളത്തോട്ടം മത്സരം നടത്തി. സാരഥി ടീമിനോട് ചേർന്ന് മാനന്തവാടി മെഡിക്കൽ കോളേജിൽ ഭക്ഷണം പാകം ചെയ്തു കൊടുത്തു. രോഗി സന്ദർശനം നടത്തി. ലോക വായനാദിനം, അന്താരാഷ്ട്ര പിതൃദിനം എന്നിവ ആചരിച്ചു. അന്താരാഷ്ട്ര സംഗീത ദിനത്തിൽ ഇടവകയിലെ കൊയർ ഗ്രൂപ്പിനെ ആദരിച്ചു. ചെയിൻ റോസറി ദ്വാരക മേഖലയ്ക്ക് വേണ്ടി നടത്തി. കുടുംബത്തോടൊപ്പം മാതാവിനെ അലങ്കരിക്കൽ മത്സരത്തിൽ മേഖല തലത്തിൽ ഒന്നാം സ്ഥാനം കരസ്ഥമാക്കി.

**അസംപ്ഷൻ**

ലോക പരിസ്ഥിതി ദിനത്തിൽ വൃക്ഷ തൈ നട്ടു. അന്താരാഷ്ട്ര പിതൃ ദിനം ആചരിച്ചു. സെമിനാരി വിദ്യാർത്ഥികൾക്കുള്ള ധന

സഹായം  നൽകി. സീറോ മലബാർ മാതൃവേദിയുടെ സെനറ്റ് സമ്മേളനത്തിൽ ഭാരവാഹികൾ പങ്കെടുത്തു.

**കരിമാനി**

തിരുഹൃദയ പ്രതിഷ്ഠയും, വണക്കമാസ വായനയും നടത്തി. ലോക പരിസ്ഥിതി ദിനത്തിൽ വൃക്ഷ തൈകൾ നട്ടു. മണിപ്പൂരിനു വേണ്ടി ആരാധന നടത്തി. ഭവന സന്ദർശനം, രോഗീ സന്ദർശനം എന്നിവ നടത്തി. മാതാവിനെ അലങ്കരിക്കൽ മത്സരത്തിൽ പങ്കെടുത്തു. പഠനോപകരണങ്ങൾ ശേഖരിച്ച് കുട്ടികൾക്ക് കൊടുത്തു. പോരൂർ സ്നേഹാലയം സന്ദർശിച്ചു.

**തരിയോട്**

ലോക പരിസ്ഥിതി ദിനത്തിൽ വൃക്ഷത്തൈകൾ നട്ടു. പരിസ്ഥിതിയെ സംരക്ഷിക്കേണ്ടതിന്റെ ആവശ്യകതയെ കുറിച്ച് വാട്സ്ആപ്പ് സന്ദേശം നൽകി. വിശുദ്ധ മറിയം ത്രേസ്യയുടെ തിരുനാൾ, തിരുഹൃദയ തിരുനാൾ എന്നിവ ആചരിച്ചു. SSLC പരീക്ഷയ്ക്ക് ഫുൾ എ പ്ലസ് ലഭിച്ച മസ്കുലാർ ഡിസ്ട്രോഫി എന്ന അസുഖം ബാധിച്ച വിദ്യാർത്ഥിക്ക് പഠനസഹായം നൽകി. ലഹരി വിരുദ്ധ ദിനത്തിൽ ബോധവൽക്കരണ ക്ലാസുകൾ നൽകി.

**മക്കിയാട്**

രോഗി സന്ദർശനം നടത്തി. വികാരി അച്ചന്റെ പിറന്നാളും സമുചിതമായി ആഘോഷിച്ചു. WSSS മക്കിയാട് യൂണിറ്റുകളുടെ കോഡിനേറ്ററിന്റെ നേതൃത്വത്തിൽ സെമിനാർ നടത്തി. എസ് എസ് എൽ സിക്ക് 97% മാർക്ക് വാങ്ങിയ കുട്ടിക്ക് 1000/- രൂപ സമ്മാനം നൽകി ആദരിച്ചു

**വൈത്തിരി**

വിശുദ്ധ മറിയം ത്രേസ്യയുടെ തിരുനാൾ, തിരുഹൃദയ തിരുനാൾ എന്നിവ ആചരിച്ചു. ഹോസ്പിറ്റലിൽ ഭക്ഷണം നൽകി. വിശുദ്ധ അൽഫോൻസമ്മയുടെ തിരുനാളിനോടനുബന്ധിച്ച് ക്വിസ് മത്സരം നടത്താൻ തീരുമാനിച്ചു.

**കേളകം**

സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന കുട്ടികൾക്ക് 5000/- രൂപയുടെ പഠന സാമഗ്രികൾ നല്കി. രോഗീ സഹായമായി 5000/- രൂപ നല്കി. അഗതി മന്ദിരത്തിൽ 186 പൊതിച്ചോറുകൾ വിതരണം ചെയ്തു.

**ഇരുളം**

മണിപ്പൂർ കലാപത്തിനെതിരെ പ്രാർത്ഥിച്ചു. എക്സിക്യൂട്ടീവ് മീറ്റിംഗ് കൂടി. രോഗീ സന്ദർശനം നടത്തി.വിവാഹ സഹായമായി 3500/- രൂപ നല്കി. പള്ളിയും പരിസരവും വൃത്തിയാക്കി.

**പുതുശ്ശേരി**

രൂപത ജൂബിലി സമാപന സമ്മേളനത്തിൽ പങ്കെടുത്തു. മാതാവിന്റെ വണക്കമാസം, ലോക വനിതാ ദിനം, നഴ്സസ് ദിനം എന്നിവ ആചരിച്ചു. രോഗി സന്ദർശനം നടത്തി. സമരിറ്റൻ ഭവനം സന്ദർശിച്ച് ഭക്ഷണവും വസ്ത്രവും നൽകി. സെമിനാർ നടത്തി.

**മാർട്ടിൻ നഗർ**

അന്താരാഷ്ട്ര വനിതാ ദിനം, കുടുംബ ദിനം, പന്തക്കുസ്താ തിരുനാൾ, സ്വർഗ്ഗാരോഹണ തിരുനാൾ എന്നിവ ആചരിച്ചു. ഒരു നിർധന കുടുംബത്തിന് ഈസ്റ്റർ കിറ്റും സാമ്പത്തിക സഹായവും നൽകി. പുത്തൻപാന പാരായണ മത്സരത്തിൽ പങ്കെടുത്തു. മാതാവിനെ അലങ്കരിക്കൽ മത്സരത്തിൽ പങ്കെടുത്തു. ലോക പരിസ്ഥിതി ദിനത്തിൽ വൃക്ഷത്തൈ നട്ടു. ദേവാലയവും പരിസരവും ശുചീകരണം നടത്തി. ജനറൽ ബോഡി, സെമിനാർ എന്നിവ നടത്തി.

**താളിപ്പാടം**

പരിശുദ്ധ ത്രിത്വത്തിന്റെ തിരുനാൾ, തിരുഹൃദയ തിരുനാൾ, വിമല ഹൃദയ തിരുനാൾ എന്നിവ ആചരിച്ചു. എക്സിക്യൂട്ടീവ് മീറ്റിംഗ് കൂടി. രോഗീ സന്ദർശനം നടത്തി. മേഖല നടത്തിയ നേതൃത്വ സംഗമത്തിൽ 11 പേർ പങ്കെടുത്തു.

**തോമാട്ടുചാൽ**

പരിസ്ഥിതി ദിനത്തിൽ വീടുകളിൽ ചെടികൾ നട്ടു. വി. മറിയം ത്രേസ്യയുടെ തിരുനാൾ, വി. കുർബാനയുടെ തിരുനാൾ, നിത്യ സഹായ മാതാവിന്റെ തിരുനാൾ, വി. അന്തോനീസിന്റെ തിരുനാൾ, തിരുഹൃദയ തിരുനാൾ, ലഹരി വിരുദ്ധ ദിനം എന്നിവ ആചരിച്ചു. മരണ വീട് സന്ദർശനം നടത്തി. എക്സിക്യൂട്ടീവ് കൂടി

സ്നേഹാശംസകളോടെ,

**ഫാ. ജോജോ കുടക്കച്ചിറ**

**ഫാ. എമ്മാനുവേൽ വടക്കേൽ**

# സീയോൻ വാർത്തകൾ

ആദ്യശനി കൺവെൻഷനുവേണ്ടി ശുശ്രൂഷകർ ജൂൺ 30 വെള്ളിയാഴ്ച്ച, രാവിലെ 10 മുതൽ രാത്രി 9 വരെ പ്രാർത്ഥിച്ചൊരുങ്ങി, സിയോൻ ഹാളിൽ ആവശ്യമായ ഒരുക്കങ്ങൾ ചെയ്തു.

ബഹു. ഫാ. ജിന്റോ തട്ടുപറമ്പിൽ വി. ബലിയർപ്പിച്ചു. ഉച്ച കഴിഞ്ഞ് 1.30 മുതൽ 3.00 വരെ സിയോൻ പൊതുസമ്മേളനം നടന്നു.

ജൂലൈ 01ന് ശനിയാഴ്ച രാവിലെ 9.00 മുതൽ ഉച്ചകഴിഞ്ഞ് 2.30 വരെ കൺവെൻഷൻ ശുശ്രൂഷകൾ സാഘോഷം നടന്നു. ഡയറക്ടർ ബഹു. ഫാ. ജിന്റോ തട്ടുപറമ്പിൽ കൺവെൻഷന് നേതൃത്വം നൽകി. ബിജു പുളിക്കൽ, സി. അന്ന FCC, എന്നിവർ ഗാനശുശ്രൂഷക്കും നേതൃത്വം നൽകി. ജൂലൈ 08 ന് ശനിയാഴ്ച്ച രാവിലെ 9.30 മുതൽ 01.00 മണിവരെ സ്പിരിചൽ ഷെയറിംഗ് നടത്തി.

ജൂലൈ 13 മുതൽ 16 വരെ ആന്തരീക സൗഖ്യ ധ്യാനം നടത്തപ്പെട്ടു. ജൂലൈ 28 ന് വെള്ളിയാഴ്ച വൈകിട്ട് 6 മുതൽ 12 വരെ സിയോൻ ചാപ്പലിൽ ജാഗരണപ്രാർത്ഥന നടത്തി.

മീഡിയ കമ്മീഷൻ യൂട്യൂബ് ചാനലിലൂടെ എല്ലാ ഞായറാഴ്ചകളിലും വചന വിചിന്തനം നടത്തി.

Nb: ഓഗസ്റ്റ് മാസത്തെ താമസിച്ചുള്ള ധ്യാനം 17 വ്യാഴം വൈകിട്ട് 4 ന് ആരംഭിച്ച് 20 ന് ഞായർ ഉച്ചകഴിഞ്ഞ് 2.00 ന് സമാപിക്കും. ധ്യാനം മുൻകൂട്ടിബുക്ക് ചെയ്യാവുന്നതാണ്.

**ഫാ. ജിന്റോ തട്ടുപറമ്പിൽ**
ഡയറക്ടർ, സിയോൻ സി.ആർ.സി

# വിൻസെന്റ് ഡി പോൾ സൊസൈറ്റി

**പ്രിയപ്പെട്ട വിൻസെൻഷ്യൻ സഹോദരരെ,**

എല്ലാവർക്കും സുഖമെന്ന് കരുതുന്നു. ഓഗസ്റ്റ് മാസം ക്രൈസ്തവരായ നമ്മെ സംബന്ധിച്ചിടത്തോളം വളരെ പ്രധാനപ്പെട്ടതാണ്. ഓഗസ്റ്റ് 15 പരിശുദ്ധ കന്യകാമാതാവിന്റെ സ്വർഗാരോപണ തിരുനാളും, ഭാരതീയരായ നമ്മുടെ സ്വാതന്ത്ര്യദിനവുമാണ്. മാതാവ് ഈ ലോകത്തിന്റെ ബന്ധനങ്ങളിൽനിന്നും സ്വർഗത്തിലേക്ക് ആരോപണം ചെയ്ത് നമ്മുടെ സ്വർഗീയ മധ്യസ്ഥയായി മാറുകയാണ്. മാതാവ് ഈശോയിലേക്കുള്ള നമ്മുടെ കുറുക്കുവഴിയാണ്. യേശുവിന്റെ സ്വർഗാരോഹണത്തിനുശേഷം ശിഷ്യന്മാരെ ചേർത്തു നിർത്തുന്നതിൽ മാതാവ് വലിയ പങ്കാണ് വഹിച്ചത്. മാതാവ് സന്തോഷദായികയാണ്. മറ്റുള്ളവരുടെ ഹൃദയങ്ങളിലേക്ക് സന്തോഷം പകർന്നു നല്കുന്നതിൽ അവർക്ക് ദൈവാനുഭവം പകർന്നു നല്കുന്നതിൽ മാതാവ് ഉത്തമ മാതൃകയാണ്. ഇതാണ് വിശുദ്ധ പൗലോസ് ശ്ലീഹാ പറഞ്ഞിരിക്കുന്നത് എപ്പോഴും സന്തോഷത്തോടുകൂടിയായിരിക്കുവിൻ(1. തെസലോണി 5.16). സന്തോഷം അനുഭവിക്കുകയും അത് ഹൃദയത്തിൽ സൂക്ഷിക്കുകയും ചെയ്യുന്നവർക്കു മാത്രമെ മറ്റുള്ളവർക്ക് സന്തോഷം പ്രദാനം ചെയ്യുവാൻ സാധിക്കുകയുള്ളു. സ്നേഹിക്കാത്തവൻ ദൈവത്തെ അറിഞ്ഞിട്ടില്ല. കാരണം ദൈവം സ്നേഹമാണ് (1. യോഹന്നാൻ 4.8). വിൻസെന്റ് ഡി പോൾ സൊസൈറ്റി അംഗങ്ങളായ നാമെല്ലാവരും നന്മ ചെയ്യാൻ വിളിക്കപ്പെട്ടവരാണ് അപരന് സ്നേഹം പകർന്നു നല്കുന്നതോടൊപ്പം നന്മയും ചെയ്യാൻ നമുക്കാവണം. ചെയ്യേണ്ട നന്മ എന്താണെന്നറിഞ്ഞിട്ടും അത് ചെയ്യാതിരിക്കുന്നവൻ പാപം ചെയ്യുന്നു. (യാക്കോബ് 4.17). ചെയ്യേണ്ട നന്മ നമുക്കറിയാം, അത് പ്രാവർത്തികമാക്കേണ്ടത് ഓരോ വിൻസെൻഷ്യന്റെയും കടമയാണ്. നന്മ ചെയ്ത് നാം മുന്നേറുമ്പോൾ ഒട്ടേറെ പ്രതിസന്ധികൾ നമുക്ക് അഭിമുഖീകരിക്കേണ്ടിവരും.ഇവിടെ ദൈവാശ്രയബോധമാണ് നമ്മിലുണ്ടാകേണ്ടത്. കർത്താവിൽ ആശ്രയിക്കുന്നവനെ അവിടുത്തെ സ്നേഹം വലയം ചെയ്യും (സങ്കീർത്തനം 32.10)

**കോൺഫ്രൻസ് എ.സി. യോഗങ്ങൾ**

പയ്യംമ്പള്ളി കോൺഫ്രൻസ് യോഗം സെന്റ് കാതറൈൻസ് പള്ളി ഹാളിൽ ചേർന്നു. കോൺഫ്രൻസ് പ്രസിഡന്റ് ബ്രദർ പൗലോസ് പൂവൻ അധ്യക്ഷത വഹിച്ചു. സി.സി. പ്രസിഡന്റ് ബ്രദർ ബാബു നമ്പുടാകം ഉദ്ഘാടനം ചെയ്തു. ആത്മീയ ഉപദേഷ്ടാവ് റവ. ഫാദർ സുനിൽ വട്ടുകുന്നേൽ അനുഗ്രഹപ്രഭാഷണം നടത്തി. സഹവികാരി റവ. ഫാദർ ലൈജു സി.എം.ഐ.സന്ദേശം നല്കി. എ. സി. പ്രസിഡന്റ് ബ്രദർ പോൾ കടിയാങ്കൽ, ബ്രദർ ജോൺ ഇളയിടത്ത്, ബ്രദർ കെ.യു. ചെറിയാൻ, ബ്രദർ ജോയി ഉള്ളോപ്പള്ളിൽ എന്നിവർ പ്രസംഗിച്ചു. കോൺഫ്രൻസ് പ്രവർത്തനങ്ങൾ സജീവമാക്കുന്നതിനും, ഭവനസന്ദർശനം ഊർജ്ജിതപ്പെടുത്തുവാനും തീരുമാനിച്ചു.

മണിമൂളി തലഞ്ഞി കോൺഫ്രൻസ് യോഗം തലഞ്ഞി സെന്റ് മേരീസ് പള്ളി ഹാളിൽ ചേർന്നു. കോൺഫ്രൻസ് പ്രസിഡന്റ് ബ്രദർ തോമസ് വാലുമ്മേൽ അധ്യക്ഷത വഹിച്ചു. സി.സി. പ്രസിഡന്റ് ബ്രദർ ബാബു നമ്പുടാകം സന്ദേശം നല്കി. ബ്രദർ എബ്രഹാം കോട്ടോപ്പറമ്പിൽ, ബ്രദർ സുനിൽ പാലമലയിൽ, മേരി പുതിയകുളങ്കര, ആഷ സിറിൾ പാലമല, ബ്രദർ ചാക്കോച്ചൻ കീഴേത്ത് എന്നിവർ പ്രസംഗിച്ചു. കോൺഫ്രൻസ് ഏറ്റെടുത്തു നടപ്പാക്കുന്ന ഭവനനിർമ്മാണ പദ്ധതികൾ യോഗം അവലോകനം ചെയ്തു.

പാടിച്ചിറ എ.സി.യോഗവും ഭാരവാഹികളുടെ തെരഞ്ഞെടുപ്പും നടത്തി. ലീലാമ്മ വിളയാനിപ്പറമ്പിൽ സ്വാഗതം ആശംസിച്ചു. ബ്രദർ മാത്യു തറയിൽ അധ്യക്ഷത വഹിച്ചു. സി.സി. പ്രസിഡൻറ് ബ്രദർ ബാബു നമ്പുടാകം ഉദ്ഘാടനം ചെയ്തു. ഓസാനംഭവൻ ബോർഡ് മെമ്പർ ബ്രദർ അജി വിരിപ്പാമറ്റത്തിൽ, ബ്രദർ വിൻസെന്റ് കട്ടിക്കാന എന്നിവർ പ്രസംഗിച്ചു. എ.സി. ഭാരവാഹികളായി ബ്രദർ കുര്യൻ കാരുവെള്ളിത്തറ കബനിഗിരി(പ്രസിഡൻറ്), റോസമ്മ പ്ലാക്കിയിൽ പാടിച്ചിറ (വൈ. പ്രസി.), ലീലാമ്മ വിളയാനിപ്പറമ്പിൽ ശശിമല (സെക്രട്ടറി), ബ്രദർ വിൻസെന്റ് കട്ടിക്കാനായിൽ പാടിച്ചിറ (ട്രഷറർ) എന്നിവരെ തെരഞ്ഞെടുത്തു.

പുൽപ്പള്ളി എ.സി.യോഗം മുള്ളൻകൊല്ലിയിൽ ചേർന്നു. എ.സി.പ്രസിഡന്റ് ബ്രദർ ബാബു നമ്പുടാകം മുഖ്യസന്ദേശം നല്കി. ബ്രദർ തോമസ് കടുവനാൽ, വിജി അജി വിരിപ്പാമറ്റം, ബ്രദർ ജോസഫ് കണ്ണന്താനത്ത്, മേരി നമ്പുടാകം എന്നിവർ പ്രസംഗിച്ചു.

**സി.സി. ബോർഡ് യോഗം**

സെൻറ് വിൻസെന്റ് ഡി പോൾ സൊസൈറ്റി മാനന്തവാടി സെൻട്രൽ കൗൺസിൽ യോഗം നടവയൽ ഓസാനംഭവനിൽ ചേർന്നു. സി.സി. പ്രസിഡൻറ് അധ്യക്ഷത വഹിച്ചു. മുൻമാസത്തെ റിപ്പോർട്ട്, വരവ്ചിലവ് കണക്കുകൾ എന്നിവ യഥാക്രമം സെക്രട്ടറി ബ്രദർ മാത്യു പുതുപ്പറമ്പിൽ, ബ്രദർ വിൻസെന്റ് റാത്തപ്പള്ളി എന്നിവർ അവതരിപ്പിച്ചു. ചർച്ചകൾക്കുശേഷം യോഗം ഇവ അംഗീകരിച്ചു. സി, സി, ഓസാനംഭവൻ എന്നിവയുടെ പ്രവർത്തനങ്ങൾ യോഗം അവലോകനം ചെയ്തു. ജൂബിലി ആഘോഷിക്കുന്ന കോൺഫ്രൻസുകളുടെ കാര്യങ്ങൾ യോഗം ചർച്ചചെയ്യുകയും അവർക്ക് മാർഗനിർദ്ദേശങ്ങൾ നല്കുവാനും തീരുമാനിച്ചു.

**സി.സി. യോഗം**

ജൂലൈ 15ന് നടവയൽ ഓസാനംഭവനിൽ സി. സി. യോഗം ചേർന്നു. പ്രാരംഭ പ്രാർത്ഥനകൾക്ക് സി. റോസമ്മ അയ്യംകുഴയ്ക്കൽ, ബ്രദർ റോയ് ലൂയീസ് തുരുത്തിയിൽ എന്നിവർ നേതൃത്വം നല്കി. മരണമടഞ്ഞ വിൻസെൻഷ്യൻ അംഗങ്ങൾക്ക് യോഗം അനുശോചനം രേഖപ്പെടുത്തി. സി.സി.സീനിയർ വൈസ്പ്രസിഡന്റ് ബ്രദർ ജോണി പാറ്റാനി സ്വാഗതം ആശംസിച്ചു. സി. സി. പ്രസിഡന്റ് ബ്രദർ ബാബു നമ്പുടാകം അധ്യക്ഷത വഹിച്ചു. സി.സി. ആത്മീയ ഉപദേഷ്ടാവ് റവ. ഫാദർ ജോജൊ കുടക്കച്ചിറ സന്ദേശം നല്കി. സി.സി. സെക്രട്ടറി ബ്രദർ മാത്യു പുതുപ്പറമ്പിൽ പ്രവർത്തന റിപ്പോർട്ടും, സി.സി. ട്രഷറർ ബ്രദർ വിൻസെന്റ് റാത്തപ്പള്ളി കണക്കുകളും അവതരിപ്പിച്ചു. യോഗം ചർച്ചകൾക്കുശേഷം ഇവ അംഗീകരിച്ചു. വിവിധ എ. സി. പ്രസിഡന്റുമാർ തങ്ങളുടെ എ.സി. കളുടെ പ്രവർത്തന റിപ്പോർട്ടുകൾ അവതരിപ്പിച്ചു. എ.സി.തല നേതൃസംഗമങ്ങൾ നടത്തുന്നതിന് തീരുമാനിച്ചു. ടിന്നിംഗ് ഗ്രാന്റ് വിതരണം യോഗം അവലോകനം ചെയ്തു. കാലാവധി പൂർത്തിയാക്കിയ നടവയൽ, മാനന്തവാടി എന്നീ എ.സി. കളിൽ തെരഞ്ഞെടുപ്പ് നടത്തുന്നതിനും, വാഴവറ്റ എ.സി. പ്രസിഡന്റ് തൽ സ്ഥാനത്തുനിന്നും മാറുവാനുള്ള തീരുമാനം അറിയിച്ചതിനാൽ വാഴവറ്റ എ.സി. യിലും തെരഞ്ഞെടുപ്പ് നടത്തുവാൻ തീരുമാനിച്ചു. കാലാവധി പൂർത്തിയാക്കിയ എല്ലാ എ.സി. പ്രസിഡന്റുമാർക്കും യോഗം നന്ദി രേഖപ്പെടുത്തി. പുതുതായി തെരഞ്ഞെടുക്കപ്പെട്ട എ. സി. പ്രസിഡന്റുമാർ സി.സി. അംഗങ്ങളായി സത്യപ്രതിജ്ഞ ചെയ്തു.

ഇന്റേണൽ ഓഡിറ്റർമാരായി ബ്രദർ വിൻസെന്റ് കുന്നപ്പള്ളി (തോണിച്ചാൽ), ബ്രദർ ജെയ്സൺ വടക്കേക്കുടി (വിളമ്പുകണ്ടം) എന്നിവരെ യോഗം തെരഞ്ഞെടുത്തു. മാനന്തവാടി രൂപത ജൂബിലി ആഘോഷങ്ങളുടെ ഭാഗമായി സെന്റ് വിൻസെന്റ് ഡി പോൾ സൊസൈറ്റി നടപ്പാക്കിയ ആട് വിതരണ പദ്ധതി വിജയപ്രദമാക്കിയ എല്ലാ കോൺഫ്രൻസുകൾക്കും യോഗം അഭിനന്ദനം രേഖപ്പെടുത്തി. ഓസാനംഭവൻ പ്രവർത്തനങ്ങൾ യോഗം അവലോകനം ചെയ്തു. കോൺഫ്രൻസുകളുടെ ഓസാനംഭവൻ സന്ദർശനത്തിന് മാർഗരേഖകൾ തയാറാക്കി നടപ്പാക്കുവാൻ യോഗം തീരുമാനിച്ചു. സമാപന പ്രാർത്ഥനയോടെ യോഗം സമാപിച്ചു.

**ഓസാനംഭവൻ**

ഓസാനംഭവൻ ഭരണസമിതി യോഗം ഓസാനംഭവനിൽ ചേർന്നു. ചെയർമാൻ ബാബു നമ്പുടാകം അധ്യക്ഷത വഹിച്ചു. സെക്രട്ടറി ബെന്നി മാങ്കോട്ട് പ്രവർത്തന റിപ്പോർട്ടും, ട്രഷറർ തങ്കച്ചൻ മേപ്പാടത്ത് കണക്കുകളും അവതരിപ്പിച്ചു. ചർച്ചകൾക്കുശേഷം യോഗം ഇവ അംഗീകരിച്ചു. ഓസാനംഭവന്റെ സാമ്പത്തിക സ്ഥിതി യോഗം അവലോകനം ചെയ്തു. ഓസാനം ഫാമിലിഭവന് ഓർഫനേജ് കൺട്രോൾ ബോർഡിന്റെ അംഗീകാരം ലഭിച്ചതിന് യോഗം നന്ദി രേഖപ്പെടുത്തുകയും ഇതിനായി പ്രവർത്തിച്ച മുൻഭാരവാഹികളായ ജോർജ്ജ് ആക്കാന്തിരി, എൻ. യു. ജോൺ, വിൻസെന്റ് ജോൺ എന്നിവരെ യോഗം അഭിനന്ദിച്ചു.ഫാമിലിഭവന്റെ ഭരണസമിതി തെരഞ്ഞെടുപ്പ് നടത്തുവാനും യോഗം തീരുമാനിച്ചു. ഓസാനം ഭവൻ ഓഫീസ് സെക്രട്ടറിയായി മാത്യു പുതുപ്പറമ്പിലിനെ യോഗം നിയമിച്ചു. സമാപനപ്രാർത്ഥനയോടെ യോഗം സമാപിച്ചു.

എല്ലാവർക്കും പ്രാർത്ഥനാശംസകൾ നേരുന്നു

സ്നേഹപൂർവം,

**റവ. ഫാ. ജോജോ കുടക്കച്ചിറ**
(സി. സി. ആത്മീയ ഉപദേഷ്ടാവ്)
**ബ്രദർ ബാബു നമ്പുടാകം**
(സി. സി. പ്രസിഡന്റ്)

**ഉപജീവന പരിപോഷണ പദ്ധതി(എൽ ഇ ഡി പി) ആരംഭിച്ചു**

സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന ആദിവാസി വിഭാഗത്തിൽ വരുന്ന സ്വാശ്രയ സംഘങ്ങളിലെ അംഗങ്ങൾക്ക് അനുയോജ്യമായ ഒരു വരുമാന വർദ്ധക പരിപാടി നടപ്പിലാക്കുക എന്ന ഉദ്ദേശ്യത്തോടെ വയനാട് സോഷ്യൽ സർവ്വീസ് സൊസൈറ്റി ഉപജീവന പരിപോഷണ പദ്ധതിക്ക് തുടക്കം കുറിച്ചു. ആട് ഗ്രാമം എന്ന പേരിലാണ് നബാർഡിന്റെ സാമ്പത്തിക സഹായത്തോടെ ഉപജീവന പരിപോഷണ പദ്ധതിക്ക് തുടക്കം കുറിച്ചു. ആട് ഗ്രാമം എന്ന പേരിലാണ് നബാർഡിന്റെ സാമ്പത്തിക സഹായത്തോടെ ഉപജീവന പരിപോഷണ പദ്ധതി നടപ്പിലാക്കുന്നത്. തവിഞ്ഞാൽ, തൊണ്ടർനാട്, ഗ്രാമപഞ്ചായത്തുകളിലെ തെരഞ്ഞെടുക്കപ്പെട്ട 30 തുല്യബാധ്യത സംഘങ്ങളിൽ നിന്നുള്ള 150 വനിതകൾക്കാണ് ഈ പദ്ധതിയിലൂടെ പ്രയോജനം ലഭിക്കുക. ഓരോ ഗുണഭോക്താവിനും ചുരുങ്ങിയത് 03 ആടുകൾ വീതമാണ് പദ്ധതിയിലൂടെ ലഭിക്കുക. ഓരോരുത്തർക്കുമുള്ള അടിസ്ഥാന സൗകര്യങ്ങൾക്കനുസരിച്ച് ആടുകളുടെ എണ്ണം കൂട്ടാവുന്നതാണ്. പദ്ധതിയിൽ അംഗങ്ങളാകുന്ന വനിതകൾക്ക് ആട് വളർത്തലിൽ 10 ദിവസത്തെ പരിശീലനം നൽകും. കൂടാതെ മാതൃകാപരമായി നടത്തിവരുന്ന ആട് ഫാമുകളിലേക്ക് പഠനയാത്രകൾ നടത്തും. കൂടാതെ ആടുകളെ വാങ്ങുന്നതിന് കുറഞ്ഞ പലിശ നിരക്കിൽ വായ്പ ക്രമീകരിച്ചു നൽകും. ഒപ്പം ഗുണമേന്മയുള്ള ആടുകളെ കണ്ടെത്തുന്നതിനും വിൽപ്പന നടത്തുന്നതിനും സഹായം നൽകും.

പദ്ധതിയുടെ ഉദ്ഘാടനം മാനന്തവാടി വയനാട് സോഷ്യൽ സർവ്വീസ് സൊസൈറ്റി ഓഡിറ്റോറിയത്തിൽ നബാർഡ് ജില്ലാ മാനേജർ ജിഷ വി. യുടെ അദ്ധ്യക്ഷതയിൽ തവിഞ്ഞാൽ ഗ്രാമ പഞ്ചായത്ത് പ്രസിഡണ്ട് എൽസി ജോയി നിർവ്വഹിച്ചു. വയനാട് സോഷ്യൽ സർവ്വീസ് സൊസൈറ്റി എക്സിക്യൂട്ടീവ് ഡയറക്ടർ റവ. ഫാ. ജിനോജ് പാലത്തടത്തിൽ, ലീഡ് ബാങ്ക് മാനേജർ ബിബിൻ മോഹൻ, ഫിനാൻഷ്യൽ ലിറ്ററസി കൗൺസിൽ, എം സുധാകരൻ

എന്നിവർ ആശംസകൾ അർപ്പിച്ചു. വയനാട് സോഷ്യൽ സർവ്വീസ് സൊസൈറ്റി പ്രോഗ്രാം ഓഫീസർ പദ്ധതി വിശദീകരണം നടത്തി. റീജിയണൽ കോ ഓർഡിനേറ്റർ ഷീന ആന്റണി, ആലീസ് സിസിൽ എന്നിവർ സംസാരിച്ചു.

**അതിഥി തൊഴിലാളികൾക്കായി സാമൂഹ്യ സുരക്ഷാ സംഗമം നടത്തി**

കേരള ലേബർ മൂവ്മെന്റ് മാനന്തവാടി രൂപതയും വയനാട് സോഷ്യൽ സർവ്വീസ് സൊസൈറ്റിയും ചേർന്ന് അതിഥി തൊഴിലാളികളെ സാമൂഹ്യ സുരക്ഷാ പദ്ധതികളിൽ ഉൾപ്പെടുത്തുന്നതിനായി സംഗമം സംഘടിപ്പിച്ചു. ഇതിൽ സംബന്ധിച്ച നൂറ്റി ഇരുപത് തൊഴിലാളികൾക്ക് സൗജന്യമായി നാല് ലക്ഷം രൂപ വീതമുള്ള ആരോഗ്യ സുരക്ഷാ ഇൻഷൂറൻസ് പദ്ധതിയിൽ അംഗത്വം നൽകി. കൂടാതെ കേരള സർക്കാരിന്റെ ആശ്വാസ് പദ്ധതിയിലും പ്രധാന മന്ത്രി ജീവൻ ജ്യോതി ബീമാ യോജനയിലും തൊഴിലാളികളെ ചേർത്തു. ഇതിലൂടെ പ്രതിവർഷം പതിനയ്യായിരം രൂപയുടെ വൈദ്യ സഹായം ലഭിക്കുന്നതിന് പുറമേ ഏതെങ്കിലും സാഹചര്യത്തിൽ തൊഴിലാളിക്ക് ജീവനഷ്ടം സംഭവിച്ചാൽ കുടുംബത്തിന് നാല് ലക്ഷം രൂപ ധനസഹായവും ലഭിക്കും. പ്രവാസി മസ്ദൂർ സംഘ് എന്ന പേരിൽ തൊഴിലാളി ഫോറവും രൂപീകരിച്ചു.

തൊഴിലാളി സംഗമം WSSS ഡയറക്ടർ ഫാ. ജിനോജ് പാലത്തടത്തിൽ ഉദ്ഘാടനം ചെയ്തു. കെ.എൽ.എം രൂപതാ ഡയറക്ടർ സെബാസ്റ്റ്യൻ പാലംപറമ്പിൽ അദ്ധ്യക്ഷത വഹിച്ച യോഗത്തിൽ ശ്രീ. റോബിൻ ജോസഫ് സാമൂഹ്യ സുരക്ഷാ പദ്ധതികൾ വിശദീകരിച്ചു. WSSS പ്രോഗ്രാം കോഡിനേറ്റർ പി.എ ജോസ്, കെ.എൽ.എം രൂപത പ്രസിഡണ്ട് ബിജു പോൾ, കോഡിനേറ്റർ മിനി ഉണ്ണികൃഷ്ണൻ, ജുബിൻ അഗസ്റ്റിൻ എന്നിവർ പ്രസംഗിച്ചു.

**ലോക ലഹരി വിരുദ്ധദിനം ആചരിച്ചു**

ആധുനിക സമൂഹത്തെ കാർന്നു തിന്നുകൊണ്ടിരിക്കുന്ന ലഹരിയെന്ന വൻ വിപത്തിനെതിരെ രാജ്യാന്തര സമൂഹത്തെ ഉണർത്തുകയെന്ന ലക്ഷ്യവുമായാണ് ഐക്യരാഷ്ട്ര സംഘടന 1987 മുതൽ ജൂൺ 26 ലോക ലഹരി വിരുദ്ധ ദിനമായി ആചരിച്ചു വരുന്നത്. വയനാട് സോഷ്യൽ സർവ്വീസ് സൊസൈറ്റി ഈ വർഷത്തെ ലോക ലഹരി വിരുദ്ധ ദിനാചരണം വിപുലമായ പരിപാടികളോടെ ആഘോഷിച്ചു. വയനാട് സോഷ്യൽ സർവ്വീസ് സൊസൈറ്റി കാരിത്താസ് ഇന്ത്യയുമായി സഹകരിച്ച് നടപ്പിലാക്കുന്ന

സജീവം പദ്ധതിയുടെ ഭാഗമായിട്ടാണ് ദിനാചരണം നടത്തിയത്. ദിനാചരണത്തിന്റെ ഭാഗമായി കുട്ടികൾക്കുള്ള ചിത്ര രചന മത്സരം, ഉപന്യാസ മത്സരം, സെമിനാർ, വോളണ്ടിയേഴ്സ് മീറ്റിംഗ്, ലഹരിക്കെതിരെയുള്ള പ്രതിജ്ഞ, റാലി തുടങ്ങിയവ സംഘടിപ്പിച്ചു. പരിപാടിയുടെ ജില്ലാതല ഉദ്ഘാടനം സർവോദയ യു.പി സ്കൂൾ മുതിരേരിയിൽ വെച്ച് വയനാട് സോഷ്യൽ സർവ്വീസ് സൊസൈറ്റി എക്സിക്യൂട്ടീവ് ഡയറക്ടർ റവ. ഫാ. ജിനോജ് പാലത്തടത്തിൽ നിർവ്വഹിച്ചു. ഹെഡ്മിസ്ട്രസ് സിസ്റ്റർ സർഗ്ഗ അദ്ധ്യക്ഷത വഹിച്ചു. ജനമൈത്രി എക്സൈസ് ഓഫീസർ മൻസൂർ വി ക്ലാസുകൾക്ക് നേതൃത്വം നൽകി. മുതിരേരിക്ക് പുറമെ സോഷ്യൽ വെൽഫയർ സൊസൈറ്റി ഒണ്ടയങ്ങാടി, സർവ്വീസ് കോ ഓപ്പറേറ്റീവ് ബാങ്ക് പേരിയ, ഗവൺമെന്റ് എൽ. പി സ്കൂൾ കുറുക്കന്മൂല, സെന്റ് തോമസ് യു.പി സ്കൂൾ തവിഞ്ഞാൽ, എടത്തന ട്രൈബൽ ഹയർ സെക്കണ്ടറി സ്കൂൾ, സോഷ്യൽ വെൽഫയർ സൊസൈറ്റി, തുടങ്ങിയ സ്ഥലങ്ങളിലും ദിനാചരണത്തോടനുബന്ധിച്ച് വിവിധ പരിപാടികൾ സംഘടിപ്പിച്ചു. പരിപാടികൾക്ക് വയനാട് സോഷ്യൽ സർവ്വീസ് സൊസൈറ്റി എക്സിക്യൂട്ടീവ് ഡയറക്ടർ, റവ. ഫാ. ജിനോജ് പാലത്തടത്തിൽ, പ്രോഗ്രാം ഓഫീസർ ജോസ് പി. എ, ഫീൽഡ് ആനിമേറ്റർമാരായ ഷീന ആന്റണി, ആലീസ് സിസിൽ, ഡൽഹി യൂണിവേഴ്സിറ്റി സ്റ്റുഡന്റ് അരുണിമ എന്നിവർ പരിപാടികൾക്ക് നേതൃത്വം നൽകി.

**ദശദിന പരിശീലന പരിപാടി ആരംഭിച്ചു**

വയനാട് സോഷ്യൽ സർവ്വീസ് സൊസൈറ്റി നബാർഡിന്റെ സാമ്പത്തിക സഹായത്തോടെ തവിഞ്ഞാൽ പഞ്ചായത്തിലെ ആദിവാസി വിഭാഗങ്ങൾക്ക് വേണ്ടി നടപ്പിലാക്കുന്ന ഉപജീവന പരിപോഷണ പദ്ധതിയുടെ ഭാഗമായി ദശദിന പരിശീലന പരിപാടി ഇല്ലത്തുമൂല സാംസ്കാരിക നിലയത്തിൽ ആരംഭിച്ചു. വയനാട് സോഷ്യൽ സർവ്വീസ് സൊസൈറ്റി എക്സിക്യൂട്ടീവ് ഡയറക്ടർ ഫാ. ജിനോജ് പാലത്തടത്തിൽ ഉദ്ഘാടനം ചെയ്തു. വയനാട് സോഷ്യൽ സർവ്വീസ് സൊസൈറ്റി പ്രോഗ്രാം ഓഫീസർ ജോസ് പി. എ, അദ്ധ്യക്ഷത വഹിച്ചു. തവിഞ്ഞാൽ ലൈവ് സ്റ്റോക്ക് ഇൻസ്പെക്ടർ ശ്രീ.ഷാജി ആടു വളർത്തലിൽ നൂതന സാങ്കേതിക വിദ്യകളെ കുറിച്ച് ക്ലാസെടുത്തു. കോഡിനേറ്റർ ഷീന ആന്റണി സ്വാഗതവും ക്ലസ്റ്റർ ലീഡർ യശോദ നന്ദിയും അറിയിച്ചു.

**കുടുംബോദ്ധാരണ പദ്ധതിയിൽ അംഗങ്ങളായവരുടെ സംഗമം നടത്തി**

വയനാട് സോഷ്യൽ സർവ്വീസ് സൊസൈറ്റി സേവ് എ ഫാമിലി കുടുംബോദ്ധാരണ പദ്ധതിയിൽ അംഗങ്ങൾ ആയവരുടെ സംഗമം നടത്തി. സംഗമം വയനാട് സോഷ്യൽ സർവ്വീസ് സൊസൈറ്റി പ്രോഗ്രാം ഓഫീസർ ജോസ് പി.എ ഉദ്ഘാടനം ചെയ്തു. സേവ് എ ഫാമിലി പ്ലാൻ കോഡിനേറ്റർ സിസ്റ്റർ അനിലിറ്റ് എഫ്. സി. സി അദ്ധ്യക്ഷത വഹിച്ചു. സംഗമത്തിൽ പ്രധാനമന്ത്രിയുടെ സുരക്ഷാ പദ്ധതികളെ കുറിച്ച് ഫിനാൻഷ്യൽ ലിറ്ററസി കൗൺസിൽ ശ്രീ. സുബ്രഹ്മണ്യൻ ക്ലാസെടുത്തു. ഇതിന്റെ അടിസ്ഥാനത്തിൽ അംഗങ്ങൾ പ്രധാനമന്ത്രി സുരക്ഷാ ഭീമാ യോജന, പ്രധാനമന്ത്രി ജീവൻ ജ്യോതി ഭീമാ യോജന, എന്നീ പദ്ധതികളിൽ അംഗത്വമെടുത്തു. തുടർന്ന് വർദ്ധിച്ചു വരുന്ന ലഹരിയുടെ ഉപയോഗത്തെകുറിച്ചും കുട്ടികളിൽ കണ്ടുവരുന്ന അഡിക്ഷനെകുറിച്ചും ഡൽഹി യൂണിവേഴ്സിറ്റി ബി.എസ്.ഡബ്ലു വിദ്യാർത്ഥിനി കുമാരി അരുണിമ ബേബി ക്ലാസെടുത്തു. റീജിയണൽ കോഡിനേറ്റർ ഷീന ആന്റണി സ്വാഗതവും ആലീസ് സിസിൽ നന്ദിയും പറഞ്ഞു.

**ഫാഷൻ ഡിസൈനിംഗ് ആൻഡ് ഗാർമെന്റ് ടെക്നോളജി (FDGT)**

ഏറെ തൊഴിൽ സാധ്യതകളുള്ള FDGT (2 years) കോഴ്സിലേക്ക് 2023-2025 വർഷത്തേക്കുള്ള അഡ്മിഷൻ വയനാട് സോഷ്യൽ സർവ്വീസ് സൊസൈറ്റിയിൽ ആരംഭിച്ചിരിക്കുന്നു. കേരള ടെക്നിക്കൽ എഡ്യുക്കേഷന്റെ പി.എസ്.സി അംഗീകാരത്തോട് കൂടിയ കോഴ്സാണിത്. SSLC പാസ്സായവർക്ക് പഠിക്കാവുന്ന PSC അംഗീകരിച്ച ഈ കോഴ്സ് വിജയകരമായി പൂർത്തിയാക്കുന്നവർക്ക് K-TET എഴുതുവാനും UP Schoolൽ വർക്ക് എക്സ്പീരിയൻസ് ടീച്ചറാകുവാനും കൂടാതെ സർക്കാർ, അർദ്ധസർക്കാർ സ്ഥാപനങ്ങളിൽ ഇൻസ്ട്രക്ടർ, സ്വകാര്യ മേഖലയിൽ ഡിസൈനർ, ക്വാളിറ്റി കൺട്രോളർ, സൂപ്പർവൈസർ എന്നിങ്ങനെ നിരവധി തൊഴിലവസരങ്ങളും നിലവിലുണ്ട് SSLC യോഗ്യത ഉള്ള ദ്വിവർഷ കോഴ്സിലേക്ക് അഡ്മിഷൻ എടുക്കാൻ ആഗ്രഹിക്കുന്നവർ 9645430856, 9482674486, 9048229177 എന്നീ നമ്പറുകളിൽ ബന്ധപ്പെടുക.

**സോഷ്യൽ വെൽഫയർ സൊസൈറ്റി (SWS)**

**SWS മീറ്റിംഗ്**

വയനാട് സോഷ്യൽ സർവ്വീസ് സൊസൈറ്റിയുടെ സാമൂഹ്യ സേവന വിഭാഗമായ വിവിധ സോഷ്യൽ വെൽഫയർ സൊസൈ

റ്റികളിൽ മാസയോഗങ്ങൾ നടത്തി. തവിഞ്ഞാൽ, പാറത്തോട്ടം, മംഗലശേരി, കല്ലോടി,മുതിരേരി, മൊതക്കര, കണിയാരം, ചെറുകാട്ടൂർ, ദ്വാരക, പയ്യംപള്ളി, പടമല, നടവയൽ,തൃശ്ശിലേരി, ഒണ്ടയങ്ങാടി, എടയൂർക്കുന്ന് എന്നിവിടങ്ങളിൽ നടത്തിയ യോഗങ്ങൾക്ക് റീജിയണൽ കോഡിനേറ്റർമാരായ ആലീസ് സിസിൽ, ഷീന ആന്റണി എന്നിവർ നേതൃത്വം നൽകി.

**സോപ്പുല്പ്പന്ന നിർമ്മാണ പരിശീലനം**

തവിഞ്ഞാൽ യൂണിറ്റിലെ വിമല സ്വാശ്രയ സംഘത്തിലെ 10 അംഗങ്ങൾക്കും തൃശ്ശിലേരിയിൽ 18 അംഗങ്ങൾക്കും സോപ്പുല്പ്പന്നങ്ങളുടെ നിർമ്മാണ പരിശീലനം നൽകി. ആലീസ് സിസിൽ, ഷീന ആന്റണി എന്നിവർ നേതൃത്വം നൽകി.

**SHG രൂപീകരണം**

കനിവ് വരടിമൂല, നിവേദ്യം തൃശ്ശിലേരി, സ്നേഹദീപം കുറ്റിവയൽ, മേരിമാതാ തവിഞ്ഞാൽ എന്നിങ്ങനെ 04 സ്വാശ്രയ സംഘങ്ങൾ രൂപീകരിച്ചു.

**വാർഷികാഘോഷം നടത്തി**

കൊട്ടിയൂർ സോഷ്യൽ വെൽഫയർ സൊസൈറ്റിയുടെ വാർഷികം ആഘോഷിച്ചു. യൂണിറ്റ് ഡയറക്ടർ റവ.ഫാ. സജി പുഞ്ചയിൽ വാർഷികം ഉദ്ഘാടനം ചെയ്തു. യൂണിറ്റ് പ്രസിഡണ്ട് സി ജെ ജോസഫ് അദ്ധ്യക്ഷത വഹിച്ചു. സെക്രട്ടറി ശ്രീമതി സിമി വാർഷിക റിപ്പോർട്ടും ശ്രീ. ജോർജ്ജ് PSS ന്റെ കണക്കും അവതരിപ്പിച്ചു. വാർഷികത്തിന്റെ ഭാഗമായി നടത്തിയ സെമിനാറിൽ SWS റീജിയണൽ കോഡിനേറ്റർ ഷീന ആന്റണി സജീവം പദ്ധതിയുടെ ഭാഗമായി ലഹരി വിരുദ്ധ ബോധവത്ക്കരണ ക്ലാസെടുത്തു.

**കുട നിർമ്മാണ പരിശീലനം നൽകി**

നീലഗിരി ഡവലപ്പ്മെന്റ് സൊസൈറ്റിയുടെ കീഴിൽ കയ്യൂന്നിയിൽ പ്രവർത്തിക്കുന്ന സ്വാശ്രയസംഘങ്ങൾക്കായി നടത്തിയ കുട നിർമ്മാണ പരിശീലനത്തിന് SWS റീജിയണൽ കോഡിനേറ്റർ ഷീന ആന്റണി നേതൃത്വം നൽകി. നീലഗിരി ഡവലപ്പ്മെന്റ് സൊസൈറ്റി ഡയറക്ടർ റവ.ഫാ. ബിനോയി കാശാംകുറ്റിയിൽ അദ്ധ്യക്ഷത വഹിച്ചു.

**ആട് വിതരണം നടത്തി**

കുടുംബങ്ങൾക്ക് കൈതാങ്ങായി ആരംഭിച്ച ആട് വളർത്തൽ വ്യാപന പദ്ധതിയുടെ ഭാഗമായി തവിഞ്ഞാൽ യൂണിറ്റിൽ നൽകിയ

03 ആടുകളെയും കണിയാരം യൂണിറ്റിൽ നിന്നും 01 ആടിനെയും അർഹതപ്പെട്ട കുടുംബങ്ങളെ കണ്ടെത്തി കൈമാറി.

**സോഷ്യൽ വെൽഫയർ സൊസൈറ്റി രൂപീകരിച്ചു**

മക്കിയാട് യൂണിറ്റിന് കീഴിൽ പ്രവർത്തിക്കുന്ന സ്വാശ്രയ സംഘങ്ങളെ ചേർത്തുകൊണ്ട് രൂപീകരിച്ച യൂണിറ്റിന്റെ ഉദ്ഘാടന കർമ്മം വയനാട് സോഷ്യൽ സർവ്വീസ് സൊസൈറ്റി എക്സി ക്യൂട്ടീവ് ഡയറക്ടർ റവ. ഫാ. ജിനോജ് പാലത്തടത്തിൽ നിർവ്വ ഹിച്ചു. യൂണിറ്റ് ഡയറക്ടർ റവ. ഫാ. ആന്റോ ചിറയിൽപറമ്പിൽ അദ്ധ്യക്ഷത വഹിച്ചു. റീജിയണൽ കോഡിനേറ്റർ ഷീന ആന്റണി, സിന്ധു ജോണി, മാതൃവേദി പ്രസിഡണ്ട് ശ്രീമതി സ്മിത കാരി ക്കുന്നേൽ, സിസ്റ്റർ റീന MSMI എന്നിവർ സംസാരിച്ചു.

**ഫാ. ജിനോജ് പാലത്തടത്തിൽ**
ഡയറക്ടർ, WSSS

# ജീവസ് & കെ. എൽ. എം
(Department for Labour and Welfare - Diocese of Mananthavady)

**ജീവസ് & കെ. എൽ. എം ലേബർ ഡിപ്പാർട്ട്മെന്റ്**

തൊഴിലാളികൾക്കും സാധാരണ കർഷകരുമായവർക്കായി കേന്ദ്ര സംസ്ഥാന സർക്കാരുകൾ നടപ്പിലാക്കുന്ന പദ്ധതികൾ പ്രയോജനപ്പെടുത്താൻ സഹായിക്കുന്നതിനും കുടുംബ സുരക്ഷാ പദ്ധതികൾക്ക് രൂപം നൽകുന്നതിനും കെ.സി.ബി.സി ലേബർ കമ്മീഷന്റെയും തൊഴിലാളി പ്രസ്ഥാനമായ കേരള ലേബർ മൂവ് മെന്റിന്റെയും പ്രവർത്തനങ്ങൾ ഏറ്റെടുത്ത് നടത്തുന്നതിനുമായി ജീവസ് (Job Enrichment for workers and Social Security) & KLM (Kerala Labour Movement) എന്ന പേരിൽ ലേബർ ഡിപ്പാർട്ട്മെന്റിന് അഭിവന്ദ്യ ജോസ് പൊരുന്നേടം പിതാവ് രൂപം നൽകി. ശ്രീ. സെബാസ്റ്റ്യൻ പാലംപറമ്പിലിനെ രൂപതാ ഡയറക്ടറായി നിയമിച്ചു. WSSSൽ ഡിപ്പാർട്ട്മെന്റിന്റെ രൂപതാ ഓഫീസ് പ്രവർത്തനം ആരംഭിക്കുകയും ചെയ്തു.

**പ്രവാസി മസ്ദൂർ സംഘ് രൂപീകരിച്ചു**

ഇതര സംസ്ഥാന തൊഴിലാളികൾക്ക് സാമൂഹ്യ സുരക്ഷാ പദ്ധതികൾ ലഭ്യമാക്കുന്നതിനായി കെ.എൽ.എം ന്റെയും WSSS ന്റെയും നേതൃത്വത്തിൽ തൊഴിലാളി സംഗമം നടത്തി. സഭാസ്ഥാപനങ്ങളിൽ ജോലി ചെയ്യുന്നവർ ഉൾപ്പെടെ നൂറിൽ അധികം തൊഴിലാളികൾ പങ്കെടുത്തു. എല്ലാവരെയും നാല് ലക്ഷം രൂപയുടെ ആരോഗ്യ ഇൻഷൂറൻസിൽ സൗജന്യമായി ചേർത്തു. കൂടാതെ കേരള സർക്കാരിന്റെ സുരക്ഷാ പദ്ധതികളിലും പങ്കാളിത്തം ലഭിക്കുന്നതിനുള്ള ക്രമീകരണങ്ങളും നടത്തി. കേരള ലേബർ മൂവ്മെന്റ് ഡയറക്ടർ അദ്ധ്യക്ഷത വഹിച്ച സംഗമം WSSS ഡയറക്ടർ റവ. ഫാ. ജിനോജ് പാലത്തടത്തിൽ ഉദ്ഘാടനം ചെയ്തു. KLM പ്രസിഡണ്ട് ബിജു പോൾ, WSSS പ്രോഗ്രാം ഓഫീസർ പി.എ ജോസ്, മിനി ഉണ്ണികൃഷ്ണൻ, ജുബിൻ അഗസ്റ്റിൻ എന്നിവർ സംസാരിച്ചു. ശ്രീ. റോബിൻ ജോസഫ് ക്ഷേമപദ്ധതികൾ വിശദീകരിച്ചു. തുടർപ്രവർത്തനങ്ങൾക്കായി പ്രവാസി മസ്ദൂർ സംഘ് എന്ന പേരിൽ ലേബർ ഫോറം രൂപീകരിക്കുകയും ചെയ്തു.

**റിസോർഴ്സ് ടീം**

ജീവസ് കെ. എൽ. എം പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകാൻ 25 പേർ ഉൾക്കൊള്ളുന്ന റിസോർസ് ടീം രൂപീകരിച്ചു. ജൂലൈ

23 ന് യോഗം ചേരാൻ തീരുമാനിച്ചു. വിവിധ ഉദ്യോഗങ്ങളിൽ നിന്ന് വിരമിച്ചവരും വിവിധ വകുപ്പുകളിൽ ജോലി ചെയ്യുന്നവരുമായവരുമാണ് ടീമിൽ ഉള്ളത്.

**വിദ്യാഭ്യാസ സഹായം**

നിർമ്മാണ തൊഴിലാളി ക്ഷേമനിധി, തയ്യൽതൊഴിലാളി ക്ഷേമനിധി, കർഷക തൊഴിലാളി ക്ഷേമനിധി എന്നിവയിൽ ആയി 21 വിദ്യാർത്ഥികൾക്ക് വിദ്യാഭ്യാസ ധനസഹായത്തിനുള്ള അപേക്ഷ സമർപ്പിച്ചു.

തയ്യൽ തൊഴിലാളി ക്ഷേമപദ്ധതിയുടെ ഓൺലൈൻ പുതുക്കൽ നടന്നു വരുന്നു. ഈ മാസം 09 പേർക്ക് അംഗത്വം പുനസ്ഥാപിച്ചു.

**ലീഡർഷിപ്പ് ക്യാമ്പ്**

എറണാകുളം POCയിൽ ജൂൺ 24, 25 തിയ്യതികളിൽ നടത്തിയ KLM രൂപതാ ലീഡർഷിപ്പ് ക്യാമ്പിൽ രൂപതാ പ്രസിഡണ്ട് ബിജു പുയിക്കുന്നേൽ പങ്കെടുത്തു.

**നന്ദിയോടെ**

നാളിതുവരെ നമ്മുടെ രൂപതയിൽ കേരള ലേബർ മൂവ്മെന്റിന്റെ പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകിയിരുന്നത് വയനാട് സോഷ്യൽ സർവ്വീസ് സൊസൈറ്റി ഡയറക്ടർമാരുടെ നേതൃത്വത്തിലായിരുന്നു. ഫാ. ജോൺ ചൂരപ്പുഴയിൽ, ഫാ. ബിജോ കറുകപ്പള്ളിൽ, ഫാ. പോൾ കൂട്ടാല, ഫാ. ജിനോജ് പാലത്തടത്തിൽ എന്നിവർ കെ.എൽ.എം പ്രസ്ഥാനത്തിനായി ചെയ്ത സേവനങ്ങളെ ഓർക്കുകയും നന്ദിയും പ്രാർത്ഥനയും നേരുകയും ചെയ്യുന്നു. ലേബർ ഡിപ്പാർട്ട്മെന്റിന് രൂപം നൽകിയ മാർ ജോസ് പൊരുന്നേടം, മാർ. അലക്സ് താരാമംഗലം പിതാക്കൻമാരേയും വികാരി ജനറാൾമാരായ മോൺ. പോൾ മുണ്ടോളിക്കൽ, ഫാ. തോമസ് മണക്കുന്നേൽ, രൂപതാ കൂരിയാ അംഗങ്ങളെയും നന്ദിയോടെ ഓർക്കുന്നു.

പുതുതായി രൂപീകൃതമായിരിക്കുന്ന ജീവസ് & കെ.എൽ.എം ലേബർ ഡിപ്പാർട്ട്മെന്റിന് WSSS ഡയറക്ടർ എന്ന നിലയിൽ ഫാ. ജിനോജ് പാലത്തടത്തിൽ തുടർന്നും മാർഗ്ഗദർശിയായിരിക്കും. രൂപതയിലെ എല്ലാ വൈദികരേയും കെ.എൽ.എം ഭാരവാഹികളേയും കൃതജ്ഞതയോടെ ഓർക്കുകയും തുടർന്നുള്ള പ്രവർത്തനങ്ങളുടെ വിജയത്തിന് എല്ലാ വൈദീകരുടെയും സഹകരണം ഉണ്ടാകണമെന്ന് വിനയപൂർവ്വം അഭ്യർത്ഥിക്കുകയും ചെയ്യുന്നു.

**സെബാസ്റ്റ്യൻ പാലംപറമ്പിൽ**
രൂപതാ ഡയറക്ടർ

# നീലഗിരി ഡെവലപ്മെന്റ് സൊസൈറ്റി

ക്രിസ്തുവിന്റെ കാരുണ്യത്തിന്റെ മുഖം സഹജീവികൾക്ക് പകർന്നുകൊടുക്കുവാൻ ഉതകുന്ന തരത്തിൽ സാമൂഹികക്ഷേമപ്രവർത്തനങ്ങൾക്ക് നേതൃത്വം കൊടുക്കുവാനും അതുവഴി അനേകം ആളുകളുടെ ജീവിതത്തിന് പ്രത്യാശപകരുവാനും നീലഗിരി ഡെവലപ്പ്മെന്റ് സൊസൈറ്റിക്ക് അതിന്റെ വ്യത്യസ്തയും തനിമയുമുള്ള പ്രവർത്തനങ്ങളിലൂടെ സാധിക്കുന്നു.

**1. നബാർഡ് and BIRD ട്രെയിനിങ്ങ് പ്രോഗ്രാം**

2023 ജൂൺ 22 മുതൽ 24 വരെ 3 ദിവസം നബാർഡിന്റെയും, BIRD (Bankers Institute of Rural Development) യും സംയുക്താഭിമുഖ്യത്തിൽ ധാർവാർഡ് വെച്ച് നടത്തപ്പെട്ട "Training Programme on Enhancing Rural Livelihood- Farm sector / Off-Farm Sector" പരിശീലന പരിപാടിയിൽ NDS സ്റ്റാഫംഗങ്ങളായ ജൂഡ് മാർട്ടിൻ, ജോഷി ടി.പി എന്നിവർ പങ്കെടുത്തു. JLG (Joint Liability Group) കളുടെ രൂപീകരണവും പ്രവർത്തനങ്ങളും, സ്വാശ്രയസംഘങ്ങളുടെ പ്രവർത്തനം, Micro Finance, NRLM തുടങ്ങി വിവിധ വിഷയങ്ങളെക്കുറിച്ച് Mr. R. Ganapathy (DGM & Facutly Member, BIRD, Mangalore) Mr. Satheesan Kartha (DGM/FM, Bird, Mangalore) എന്നിവർ ക്ലാസ്സുകൾ നയിച്ചു. ഇന്ത്യയിലെ വിവിധ സംസ്ഥാനങ്ങളിൽനിന്നുമായി 31 പേർ സെമിനാറിൽ പങ്കെടുത്തു.

**2. ബോധവത്ക്കരണ ക്ലാസ്സുകൾ**

'മഴക്കാല രോഗങ്ങളും അവയ്ക്കെതിരെ സ്വീകരിക്കേണ്ട മുൻകരുതലുകളും' എന്ന വിഷയത്തിൽ ബോധവത്ക്കരണ ക്ലാസ്സുകൾ നടത്തി. 24.06.2023 ന് കുന്നലാടി യൂണിറ്റിൽവെച്ച് നടത്തപ്പെട്ട ക്ലാസ്സിന് ഡോ. സി. ക്രിസ്റ്റീന MSMI നേതൃത്വം കൊടുത്തു.

**3. Refreshment Programme on NABARD LEDP Goat Rearing**

നബാർഡിന്റെ സഹായത്തോടെ NDS നടപ്പിലാക്കികൊണ്ടിരിക്കുന്ന ആടുവളർത്തൽ പദ്ധതിയുടെ ഗുണഭോക്താക്കൾക്കുവേണ്ടി

യുള്ള റിഫ്രഷ്മെന്റ് പ്രോഗ്രാമുകൾ 28.06.2023 ന് കയ്യൂന്നി യൂണിറ്റിലും, 29.06.2023 ന് കൽപ്ര യൂണിറ്റിലും വെച്ച് നടത്തപ്പെട്ടു. മൃഗസംരക്ഷണ വകുപ്പിലെ അഡീഷണൽ ഡയറക്ടർ ഡോ. നീലവാണൻ. വെറ്റിനറി ഡോക്ടറുമാരായ ഡോ. കാവണ്യ, ഡോ. ശരണ്യ, ഡോ. നവീൻ കുമാർ, ഡോ. രഞ്ചിത്ത് കുമാർ, NDS മുഖ്യ പരിശീലകൻ ജൂഡ് മാർട്ടിൻ എന്നിവർ പ്രോഗ്രാമിന് നേതൃത്വം നല്കി. മഴക്കാലത്തെ മൃഗ സംരക്ഷണത്തെക്കുറിച്ചും, മൃഗങ്ങളിൽ വരാൻ സാധ്യതയുള്ള രോഗങ്ങളെകുറിച്ചും അത് തടയുന്നതിനുള്ള പ്രതിവിധികളെക്കുറിച്ചും ഡോക്ടർമാർ വ്യക്തമായി ക്ലാസ്സുകളെടുക്കുകയും ആളുകളുടെ സംശയങ്ങൾക്ക് കൃത്യമായ മറുപടി നല്കുകയും ചെയ്തു.

**4. നേതൃത്വ പരിശീലന സെമിനാറുകൾ**

NDS മുഖ്യ പരിശീലകൻ ജൂഡ് മാർട്ടിന്റെയും, ഓഫീസ് സെക്രട്ടറി ജോഷിയുടെയും നേതൃത്വത്തിൽ 29.06.2023 ന് കുന്നലാടി യൂണിറ്റിലും, 30.06.2023 ന് കൽപ്ര യൂണിറ്റിലും, 08.07.2023 ന് മൺവയൽ, യൂണിറ്റിലും, 16.07.2023 ന് ഭാരതിനഗർ യൂണിറ്റിലും നേതൃത്വ പരിശീലന സെമിനാറുകൾ സംഘടിപ്പിച്ചു. സ്വാശ്രയസംഘ രൂപീകരണം, ക്രഡിറ്റ് യൂണിയന്റെ പ്രവർത്തനങ്ങൾ, ഗ്രൂപ്പ് ഭാരവാഹികളുടെയും, യൂണിറ്റ് തല ഭാരവാഹികളുടെയും ഉത്തരവാദിത്വങ്ങളും കടമകളും എന്നീ വിവിധ വിഷയങ്ങളിൽ ക്ലാസ്സുകൾ നയിച്ചു. സ്വാശ്രയസംഘ അംഗങ്ങളും, ഭാരവഹികളും, യൂണിറ്റ് ഭാരവാഹികളും സെമിനാറുകളിൽ പങ്കെടുത്തു.

**5. യൂണിറ്റ് ഓഡിറ്റിംഗ്**

ജൂൺ മാസത്തെ ഇവാലുവേഷൻ മീറ്റിംഗിലെ തീരുമാന പ്രകാരം എല്ലാ യൂണിറ്റുകളിലും മേഖലാ നേതൃത്വത്തിൽ ജൂലൈ മാസത്തിൽ ഇന്റേണൽ ഓഡിറ്റിംഗ് നടത്തുവാൻ തീരുമാനിക്കുകയും അതിൻപ്രകാരം ബോസ്പാറ, ധർമ്മഗിരി യൂണിറ്റുകളിലെ ഇന്റേണൽ ഓഡിറ്റിംഗ് മേഖലയുടെ നേതൃത്വത്തിൽ നടത്തുകയും ചെയ്തു.

**6. ആനിമേറ്റേഴ്സ്, കോഡിനേറ്റേഴ്സ് മീറ്റിംഗ്**

യൂണിറ്റ് ആനിമേറ്റർമാരുടെയും കോഡിനേറ്റർമാരുടെയും മീറ്റിംഗ് NDS ഓഫീസിൽവെച്ച് 01.07.2023 ശനിയാഴ്ച്ച രാവിലെ 10.30 മുതൽ ഉച്ചകഴിഞ്ഞ് 3 മണിവരെ നടത്തപ്പെട്ടു. പ്രാർത്ഥനയോടെ ആരംഭിച്ച മീറ്റിംഗിന് ജോഷി സ്വാഗതം ആശംസിച്ചു. തുടർന്ന് NDS

അസി. ഡയറക്ടർ അനൂപ് കൊല്ലംകുന്നേലച്ചൻ നീലഗിരി ഡെവലപ്പ്മെന്റ് സൊസൈറ്റിയെക്കുറിച്ചും, NDS ന്റെ വിവിധ പ്രവർത്തന മേഖലകളെകുറിച്ചും പരിചയപ്പെടുത്തി. തുടർന്ന് NDS പ്രോജക്ട് കോഡിനേറ്റർ ജോഷി, സ്വാശ്രയ സംഘത്തിന്റെ പ്രവർത്തനങ്ങളെക്കുറിച്ചും, ക്രഡിറ്റ് യൂണിയനെകുറിച്ചും വിശദമായി പ്രതിപാദിച്ചു. അംഗങ്ങളുടെ സംശയങ്ങൾക്ക് മറുപടി പറഞ്ഞു. തുടർന്ന് NDS മുഖ്യ പരിശീലകൻ ശ്രീ. ജൂഡ് മാർട്ടിൻ ആനിമേറ്റർമാരുടെയും, കോഡിനേറ്ററുമാരുടെയും ഉത്തരവാദിത്വങ്ങളെകുറിച്ച് ക്ലാസ് നയിച്ചു. ഉച്ചഭക്ഷണത്തോടെ മീറ്റിംഗ് അവസാനിപ്പിച്ചു.

**7. ആടുകൾക്കുള്ള ഇൻഷൂറൻസ്**

നബാർഡിന്റെ LEDP ട്രെയിനിംഗിൽ പങ്കെടുത്ത് ആടുകളെ മേടിച്ച് അതിലൂടെ ഒരു വരുമാന മാർഗ്ഗത്തിനായി പരിശ്രമിച്ചുകൊണ്ടിരിക്കുന്ന മണ്ണുവയൽ യൂണിറ്റിലെ 21 ഗുണഭോക്താക്കളുടെ 2 ആടുകളെ വീതം 42 ആടുകളെ ഇൻഷൂറൻസ് പരിരക്ഷയിൽ ഉൾപ്പെടുത്തുന്നതിന്റെ ഭാഗമായുള്ള പ്രവർത്തനങ്ങൾ 13.07.2023 ന് NDS സ്റ്റാഫ് ജൂഡ് മാർട്ടിന്റെയും, മണ്ണുവയൽ യൂണിറ്റ് കോഡിനേറ്റർ അനീഷ് സാറിന്റെയും നേതൃത്വത്തിൽ മണ്ണുവയലിലും പരിസര പ്രദേശങ്ങളിലും നടത്തുകയുണ്ടായി. അതിന്റെ ഭാഗമായി പദ്ധതിയിൽ ഉൾപ്പെട്ടിട്ടുള്ള എല്ലാവരുടെയും വീടുകൾ സന്ദർശിക്കുകയും അപേക്ഷ ഫോറം പൂരിപ്പിക്കുകയും, ആടിന്റെ ചെവിയിൽ ഇൻഷൂറൻസ് ടാഗ് അടിക്കുകയും, പ്രസ്തുത പ്രവർത്തനങ്ങളുടെ പൂരിപ്പിച്ച ഫോറം ഫോട്ടോ സഹിതം ഗൂഡല്ലൂർ കാനറാ ബാങ്കിൽ ഏല്പ്പിക്കുകയും ചെയ്തു.

**8. തുണി ബാഗ് നിർമ്മാണ യൂണിറ്റ് ഉദ്ഘാടനം**

നീലഗിരി ഡെവലപ്പ്മെന്റ് സൊസൈറ്റിയുടെ ആഭിമുഖ്യത്തിൽ നബാർഡിന്റെ സഹായത്തോടെ തുണി സഞ്ചി നിർമ്മാണം പൂർത്തിയാക്കിയ അംഗങ്ങളുടെ നേതൃത്വത്തിൽ പുതിയതായി ആരംഭിച്ച തുണി സഞ്ചി നിർമ്മാണ യൂണിറ്റിന്റെ ഉദ്ഘാടനം 10.09.2023 തിങ്കളാഴ്ച്ച രാവിലെ 11 മണിക്ക് ഭാരതി നഗറിൽവെച്ച് നടത്തപ്പെട്ടു. ഓവാലി പഞ്ചായത്ത് 8 -ാം വാർഡ് കൗൺസിലർ ശ്രീമതി കവിത, മുൻ കൗൺസിലർ ശ്രീമതി പദ്മാവതി, പി.ടി.എ പ്രസിഡണ്ട് ശ്രീമതി സരസ്വതി, ശ്രീമതി ഹേമലത എന്നവരുടെ സാന്നിധ്യത്തിൽ നീലഗിരി ഡെവലപ്പ്മെന്റ് സൊസൈറ്റിയുടെ ഡയറക്ടർ ഫാ. ബിനോയി കാശാംകുറ്റിയിൽ തിരിതെളിച്ച് യൂണിറ്റിന്റെ ഉദ്ഘാടന കർമ്മം നിർവഹിച്ചു. നബാർ

ഡിന്റെ സംരംഭകത്വ പരിശീലനങ്ങളെകുറിച്ചും, അതിലൂടെ സ്വയം തൊഴിൽകണ്ടെത്തി പുതിയ വരുമാന മാർഗ്ഗങ്ങളിലേക്ക് തിരിയേണ്ടതിന്റെ ആവശ്യകതയെകുറിച്ചും അതിലൂടെ കൈവരുന്ന സ്ത്രീ ശാക്തീകരണത്തെക്കുറിച്ചും ഡയറക്ടറച്ചൻ വിശദമായി സംസാരിച്ചു. നീലഗിരി ഡെവലപ്പ്മെന്റ് സൊസൈറ്റിയുടെ മുഖ്യപരിശീലകൻ ശ്രീ. ജൂഡ് മാർട്ടിൻ, പ്രോജക്ട് കോഡിനേറ്റർ ശ്രീ. ജോഷി എന്നിവരും സംസാരിച്ചു.

**9. നബാർഡ് DDM ന്റെ സന്ദർശനം**

നബാർഡ് കോയമ്പത്തൂർ റീജനിലെ DDM ശ്രീ തിരുമല റാവു സാർ 19.07.2013 ന് നീലഗിരി ഡെവലപ്പ്മെന്റ് സൊസൈറ്റി ഓഫീസിൽ സന്ദർശനം നടത്തി. ഡയറക്ടർ ഫാ. ബിനോയ് കാശംകുറ്റിയിൽ അദ്ദേഹത്തെ സ്വീകരിച്ചു. അന്നേദിവസം ബഹുമാനപ്പെട്ട നീലഗിരി ഡെവലപ്പ്മെൻറ് സൊസൈറ്റിയുടെ ഡയറക്ടർ ഫാ. ബിനോയ് കാശംകുറ്റിയിൽ, അസിസ്റ്റൻറ് ഡയറക്ടർ ഫാ. അനൂപ് കൊല്ലംകുന്നേൽ, മുഖ്യ പരിശീലകൻ ജൂഡ് മാർട്ടിൻ, പ്രോജക്ട് കോഡിനേറ്റർ ജോഷി എന്നിവരുമായി മീറ്റിംഗ് നടത്തുകയും നിലവിൽ എൻ.ഡി.എസ് ന്റെ നേതൃത്വത്തിൽ നടപ്പിലാക്കികൊണ്ടിരിക്കുന്നഎല്ലാപ്രോജക്ടുകളെക്കുറിച്ചുംവിശദമായിസംസാരിക്കുകയും ഭാവിയിൽ നടപ്പിലാക്കാൻ പോകുന്ന പ്രധാനപ്പെട്ട നാല് പ്രോജക്ടുകളുടെ വിശദാംശങ്ങൾ നൽകുകയും ചെയ്തു. അതുപോലെ എൻ.ഡി.എസ് ന്റെ നേതൃത്വത്തിൽ നടപ്പിലാക്കിയ MEDP പ്രോജക്ടിന്റെ ഭാഗമായി ഭാരതീനഗർ കേന്ദ്രീകരിച്ച് പ്രവർത്തനമാരംഭിച്ചിരിക്കുന്ന തുണി ബാഗ് നിർമ്മാണ യൂണിറ്റിന്റെ ഉദ്ഘാടന പ്രവർത്തനങ്ങളുടെ റിപ്പോർട്ടും ഫോട്ടോയും ഡയറക്ടറച്ചൻ നബാർഡ് ഡി.ഡി.എമ്മി ന് സമർപ്പിക്കുകയും ചെയ്തു. നീലഗിരി ഡെവലപ്പ്മെൻറ് സൊസൈറ്റിയുടെ എല്ലാ പ്രവർത്തനങ്ങൾക്കും നബാർഡിന്റെ പൂർണ്ണ പിന്തുണ ഉണ്ടായിരിക്കുമെന്ന് അദ്ദേഹം വാഗ്ദാനം ചെയ്യുകയും ചെയ്തു

**10. ദേശീയ ജൽ ജീവൻ മിഷൻ**

ദേശിയ ജൽ ജീവൻ മിഷന്റെ 'എല്ലാവർക്കും കുടിവെള്ളം' എന്ന പദ്ധതിയുടെ ഭാഗമായി എടവണ്ണ, ഊർങ്ങാട്ടിരി ഗ്രാമപഞ്ചായത്തുകളിൽ ജൂൺ, ജൂലൈ മാസങ്ങളിൽ താഴെ പറയുന്ന നടത്തിയ പ്രവർത്തനങ്ങൾ പൂർത്തിയാക്കി.

**ഊർങ്ങാട്ടിരി പഞ്ചായത്ത്**

**കലണ്ടർ, നോട്പാഡ്, ടേബിൾ കലണ്ടർ, നോട്ടീസ് വിതരണം**

ഊർങ്ങാട്ടിരി പഞ്ചായത്തിലെ വിവിധ അംഗൻവാടികൾ, പൊതുസ്ഥാപനങ്ങൾ,സർക്കാർഓഫിസുകൾ,സ്കൂളുകൾ,പഞ്ചായത്ത് മെമ്പർമാർ, പഞ്ചായത്ത് ഓഫിസ് ഉദ്യോഗസ്ഥർ എന്നിവർക്ക് കലണ്ടർ, നോട്പാഡ്, ടേബിൾ കലണ്ടർ, നോട്ടീസ് എന്നിവ വിതരണം ചെയ്തു.

**വില്ലേജ് ആക്ഷൻ പ്ലാൻ :** 22/6/2023 നു ഊർങ്ങാട്ടിരി ഗ്രാമ പഞ്ചായത്തിനുവേണ്ടി WSSS തയ്യാറാക്കിയ വില്ലേജ് ആക്ഷൻ പ്ലാൻ പഞ്ചായത്ത് പ്രസിഡന്റ് ജിഷ. ഇ. വാസുവിന് വാർഡ് മെമ്പർമാരുടെ സാന്നിദ്ധ്യത്തിൽ കമ്മ്യൂണിറ്റി ഫെസിലിറ്റേറ്റർ ഫൗസിയ കൈമാറി.

**എടവണ്ണ പഞ്ചായത്ത്**

**അംഗൻവാടി ബോധവത്കരണം:** എടവണ്ണ പഞ്ചായത്തിലെ 3 അംഗനവാടികളിലാണ് ബോധവത്കരണ പരിപാടികൾ നടത്തിയത്. ബേക്കിലകണ്ടി അംഗൻവാടി, ചളിപ്പാടം അംഗൻവാടി, ആര്യൻതൊടിക അംഗൻവാടി എന്നിവിടങ്ങളിൽ ബോധവത്കരണ ക്ലാസ്സ് നടത്തുകയും ജലജീവൻ മിഷന്റെ പ്രാധാന്യത്തെക്കുറിച്ചും, എല്ലാവരും കുടിവെള്ള കണക്ഷൻ എടുക്കേണ്ടതിന്റെ ആവശ്യകതയെകുറിച്ചും മുതിർന്നവരിലും, കുട്ടികളിലും ബോധവത്ക്കരണം നടത്തി.

**ജലശ്രീ ക്ലബ് ശില്പശാല**: മലപ്പുറം ജില്ലയിലെ ജലശ്രീ ക്ലബ്ബുകളിലെ കുട്ടികൾക്ക് വേണ്ടിയുള്ള ചിത്രരചനാമത്സരവും അധ്യാപകർക്കുള്ള ബോധവത്കരണ ക്ലാസ്സും 02.07.2023 ഞായറാഴ്ച്ച, മഞ്ചേരി വായ്പ്പാറപ്പടി സ്കൂളിൽ വച്ച് നടത്തി. നിരവധി സ്കൂളുകളിൽ നിന്ന് കുട്ടികളും, അധ്യാപകരും, രക്ഷിതാക്കളും പരിപാടിയിൽ സന്നിഹിതരായിരുന്നു.

ജല വിഭവവകുപ്പ് മന്ത്രി ശ്രീ. റോഷി അഗസ്റ്റിൻ ശില്പശാലയുടെ ഉദ്ഘാടനം നിർവഹിച്ചു. ചടങ്ങിൽ KRWSA എക്സിക്യൂട്ടീവ് ഡയറക്ടർ ദിനേശൻ ചെറുവാട്ട് അധ്യക്ഷത വഹിച്ചു. എം.പി ഷഹീർ, റഷീദ് പറമ്പൻ, സുരേഷ് ബാബു, ജോണി പുല്ലന്താണി എന്നിവർ സംസാരിച്ചു. മോഹനൻ കോട്ടൂർ സ്വാഗതവും ഫാ. ജിനോജ് പാലതടത്തിൽ നന്ദിയും പറഞ്ഞു. മലപ്പുറം ജില്ലയിലെ തിരഞ്ഞെടുക്കപ്പെട്ട സ്കൂളുകളിലെ ജലശ്രീ ക്ലബ്ബിലെ കുട്ടികൾക്കായി നടത്തിയ ചിത്രരചനാ മത്സരത്തിൽ, എൽ.പി & യു. പി വിഭാഗ

ത്തിലെ വിജയികൾക്ക് ബഹുമാനപ്പെട്ട മന്ത്രി ക്യാഷ് അവാർഡും ട്രോഫിയും വിതരണം ചെയ്തു.

ഫാ. ബിനോയ് കെ സെബാസ്റ്റ്യൻ, ഫാ. ജിനോജ് പാലത്തടത്തിൽ, ഷിഷമോൾ (എടവണ്ണ പഞ്ചായത്ത്), ഫൗസിയ (ഊർങ്ങാട്ടിരി പഞ്ചായത്ത്), ശരണ്യ എന്നിവർ നേതൃത്വം നൽകിയ പരിപാടിയിൽ ഫാ. ജിനോജ് പാലത്തടത്തിൽ ബഹുമാനപ്പെട്ട മന്ത്രിക്കും, സഹപ്രവർത്തകർക്കും, മാധ്യമ പ്രവർത്തകർക്കും, പൊതു ജനങ്ങൾക്കും, മത്സരത്തിൽ പങ്കെടുത്ത കുട്ടികൾക്കും വയനാട് സോഷ്യൽ സർവ്വീസ് സൊസൈറ്റിയുടെ (WSSS) പേരിലുള്ള നന്ദിയർപ്പിച്ചു. ഉച്ചഭക്ഷണത്തോടെ പ്രോഗ്രാം അവസാനിപ്പിച്ചു.

**ഫാ. ബിനോയ് കാശാംകുറ്റിയിൽ**
ഡയറക്ടർ, NDS

**ജൈവകൃഷി സാക്ഷ്യപത്ര ലഭ്യതാ പദ്ധതി**

ജൈവ കൃഷി വ്യാപനം, പാരിസ്ഥിതിക സന്തുലനം, ചെറുകിട കർഷകരുടെ ഉന്നമനം അവരുടെ ഉൽപ്പന്നങ്ങളുടെ വിപണനത്തിലൂടെ ലഭ്യമാകുക എന്നിവ ലക്ഷ്യമാക്കി നടപ്പിലാക്കുന്ന ജൈവ കൃഷി സാക്ഷ്യപത്ര ലഭ്യതാ പദ്ധതി മികവുറ്റ രീതിയിൽ മുന്നേറിക്കൊണ്ടിരിക്കുകയാണ്. പദ്ധതിയിൽ നിലവിൽ 18664 കർഷകരാണ് 1099 ഗ്രൂപ്പുകളിലായി (48 ICS- Internal cotnrol system) അംഗങ്ങളായുള്ളത്. ഒരു ഗ്രൂപ്പിൽ 5 മുതൽ 25 വരെ കർഷകരും, ഒരു ICSÂ 25 മുതൽ 500 വരെ കർഷകരുമാണ് ഉണ്ടാവുക.

**പദ്ധതിയിൽ അംഗത്വം**

ബയോവിൻ നടപ്പിലാക്കുന്ന ജൈവസുസ്ഥിര മാനദണ്ഡപ്രകാരം കൃഷിരീതികൾ അനുവർത്തിക്കുന്നതിനും, ഉത്പന്നങ്ങൾക്ക് മെച്ചപ്പെട്ട വരുമാനം ലഭ്യമാക്കുന്നതിനും ഒരേക്കർ എങ്കിലും കൃഷിയിടമുള്ള ആർക്കും സാധ്യമാണ്. പ്രസ്തുത രീതിയിൽ പ്രവർത്തിക്കുന്ന മറ്റ് സംഘടനകളിൽ അംഗത്വം ഇല്ലാത്ത, ബയോവിന്നിൽ ചേർന്ന് പ്രവർത്തിവാൻ താൽപര്യപ്പെടുന്ന കർഷകർക്ക് നിങ്ങളുടെ പഞ്ചായത്തിലെ ഫീൽഡ് കോർഡിനേറ്ററുമായോ (FCH) ചുവടെയുള്ള ഫോൺ നമ്പറിലോ ബന്ധപ്പെടാവുന്നതാണ്.

**ICS കോഓർഡിനേറ്റർ: 9778636084.**

**വോഫാ വാർഷിക പൊതുയോഗം നടത്തപ്പെട്ടു**

WSSS ഓർഗാനിക് ഫാർമേഴ്സ് ഫെയർട്രേഡ് അസോസിയേഷൻ (വൊഫാ) 2022-23 വർഷത്തിലെ വാർഷിക പൊതുയോഗം WSSS ഓഡിറ്റോറിയത്തിൽ വച്ച് 2023 ജൂൺ 16-ാംതീയതി നടത്തപ്പെട്ടു. 67 / 81 അംഗങ്ങൾ യോഗത്തിൽ പങ്കെടുത്തു. ബയോവിൻ അസോ. ഡയറക്ടർ ഫാ. ബിനു പൈനുങ്കൽ സ്വാഗതമാശംസിക്കുകയും വൊഫാ ചെയർമാൻ അഡ്വ. ഫാ. ജോൺ ചൂരപ്പുഴയിൽ അധ്യക്ഷപദമലങ്കരിക്കുകയും ചെയ്ത യോഗം WSSS ഡയറക്ടർ ഫാ. ജിനോജ് പാലത്തടം ഉദ്ഘാടനം നിർവഹിച്ചു. 2022-23 വർഷത്തിലെ പ്രവർത്തന റിപ്പോർട്ട്, വരവ് ചെലവ് കണക്കുകൾ

എന്നിവ ചെയർമാൻ, അഡ്വ. ഫാ. ജോൺ ചൂരപ്പുഴയിൽ അവതരിപ്പിക്കുകയും ചർച്ചയ്ക്കു ശേഷം യോഗം അംഗീകരിക്കുകയും ചെയ്തു. ശേഷം 2023-24 വർഷത്തേക്കുള്ള ഫെയർട്രേഡ് പ്രീമിയം ബജറ്റ് ചെയർമാൻ അവതരിപ്പിക്കുകയും യോഗം അംഗീകരിക്കുകയും ചെയ്തു. പുതുതായി അംഗത്വത്തിനപേക്ഷിച്ച മുഴുവൻ കർഷകരുടെയും അംഗത്വം യോഗം അംഗീകരിക്കുകയും ഉത്പന്നങ്ങളുടെ സംഭരണം, ഗുണനിലവാരം, കീടനാശിനി പരിശോധന എന്നീ വിഷയങ്ങളിൽ ചർച്ച നടക്കുകയും ചെയ്തു. 2023-26 കാലയളവിലേക്കുള്ള ഭരണ സമിതി അംഗങ്ങളെയും, സർവയലൻസ് കമ്മിറ്റി അംഗങ്ങളെയും വോട്ടെടുപ്പിലൂടെ തെരഞ്ഞെടുത്തു. വൊഫാ ചെയർമാനായി അഡ്വ. ഫാ. ജോൺ ചൂരപ്പുഴയിൽ, വൈസ്. ചെയർമാനായി ശ്രീ. മുരളീധരൻ പി.കെ., സെക്രട്ടറിയായി ശ്രീ. സുനിൽ മാത്യു പാലമറ്റത്തിൽ ജോ. സെക്രട്ടറിയായി ശ്രീ. പദ്മനാഭൻ എൻ. ടി., ട്രഷറർ ആയി ശ്രീമതി. മഹേശ്വരി കെ പി. എന്നിവരെയും ഉപദേഷ്ടാവായി ഫാ. ബിനു പൈനുങ്കൽ, എക്സിക്യൂട്ടീവ് കമ്മിറ്റി അംഗങ്ങളായി ഫാ. ജിനോജ് പാലത്തടം, ശ്രീ. പൗലോസ് കണ്ണാപ്പറമ്പിൽ, ശ്രീ.ഗോവിന്ദൻകുട്ടി പ്രജിഷാലയം, ശ്രീ. ഷിജു ജോർജ് വെള്ളാനയിൽ എന്നിവരെയും യോഗം തെരഞ്ഞെടുത്തു. സംഘടനയുടെ പ്രവർത്തനങ്ങളുടെ മേൽനോട്ടത്തിനായി സർവയലൻസ് കമ്മിറ്റിയിലേക്ക് ശ്രീ. എൽദോ കെ. എ (സെക്രട്ടറി) ശ്രീ. ഷാജി ജോസ് (പ്രസിഡന്റ്), ശ്രീമതി. ലിസ്സി കുര്യാക്കോസ്, ശ്രീ. മുരളീധരൻ കെ, ശ്രീ. ജോർജ് എം .ജെ എന്നിവർ തെരഞ്ഞെടുക്കപ്പെട്ടു.

**കഫെ വാർഷിക പൊതുയോഗം**

2023 ജൂൺ പതിനേഴാം തീയതി WSSS ഓഡിറ്റോറിയത്തിൽ വച്ച് നടന്ന കഫെ വാർഷിക പൊതു യോഗത്തിൽ കഫെ ഉപദേഷ്ടാവ് , അഡ്വ. ഫാ. ജോൺ ചൂരപ്പുഴയിൽ സ്വാഗതമാശംസിക്കുകയും കഫെ ചെയർമാൻ, ഫാ.ബിനു പൈനുങ്കൽ അധ്യക്ഷനാവുകയും ചെയ്തു. 2022-23 വർഷത്തിലെ പ്രവർത്തന റിപ്പോർട്ട്, വരവ് ചെലവ് കണക്കുകൾ എന്നിവ ചെയർമാൻ, ഫാ. ബിനു പൈനുങ്കൽ അവതരിപ്പിക്കുകയും യോഗം അംഗീകരിക്കുകയും ചെയ്തു. ശേഷം 2023-24 വർഷത്തേക്കുള്ള ഫെയർട്രേഡ് പ്രീമിയം ബജറ്റ് ചെയർമാൻ അവതരിപ്പിക്കുകയും ചർച്ചയ്ക്ക് ശേഷം യോഗം അംഗീകരിക്കുകയും ചെയ്തു.

പുതുതായി അംഗത്വത്തിനപേക്ഷിച്ച മുഴുവൻ കർഷകരുടെയും അംഗത്വം യോഗം അംഗീകരിക്കുകയും ഉത്പന്നങ്ങളുടെ സംഭരണം, ഗുണനിലവാരം, കീടനാശിനി പരിശോധന എന്നീ വിഷയങ്ങളിൽ ചർച്ച നടക്കുകയും ചെയ്തു. 2023–26 കാലയളവിലേക്കുള്ള ഭരണ സമിതി അംഗങ്ങളെയും, സർവയലൻസ് കമ്മിറ്റി അംഗങ്ങളെയും വോട്ടെടുപ്പിലൂടെ തെരഞ്ഞെടുക്കുകയും ചെയ്തു.

കഫെ ചെയർമാനായി ഫാ. ബിനു പൈനുങ്കൽ, വൈസ്. ചെയർമാനായി ശ്രീമതി സെലീനാമ്മ, സെക്രട്ടറിയായി ശ്രീ.കുര്യച്ചൻ സി.വി, ജോ. സെക്രട്ടറിയായി ശ്രീ. ഷാജി ജോസഫ്, ട്രഷറർ സ്ഥാനത്തേക്ക് ശ്രീ. സന്തോഷ് കുമാർ സി, ഉപദേഷ്ടാവായി അഡ്വ. ഫാ. ജോൺ ചൂരപ്പുഴയിൽ എന്നിവരെയും എക്സിക്യൂട്ടീവ് കമ്മിറ്റി അംഗങ്ങളായി ശ്രീ. ജോസ് നടുക്കുടിയിൽ, ശ്രീ. ഷാജി ജോസ്, ശ്രീ. സന്തോഷ് കുമാർ, ശ്രീ. ജോസഫ് എം. എന്നിവരെയും യോഗം വോട്ടെടുപ്പിലൂടെ തെരഞ്ഞെടുത്തു.

സർവയലൻസ് കമ്മിറ്റിയിലേക്ക് ശ്രീ. ജോബി വർഗീസ്, ശ്രീ. ചന്ദു എം. എം, ശ്രീമതി. ഗ്രേസി താമരച്ചാലിൽ, ശ്രീ. ജോർജ് ഊരാശ്ശേരി, ശ്രീ. ഷാജു പാറേക്കാട്ട് എന്നിവരെയും യോഗം തെരഞ്ഞെടുത്തു. ശ്രീ. കുര്യാച്ചൻ സി. വി യുടെ കൃതജ്ഞതയോടെ യോഗം പിരിഞ്ഞു.

**ഇന്റേർണൽ ഇൻസ്പെക്ഷൻ നടന്നു വരുന്നു**

കൃഷിയിടങ്ങൾ സന്ദർശിക്കുകയും ബയോവിൻ നടപ്പിലാക്കുന്ന സുസ്ഥിര ജൈവ മാനദണ്ഡ പ്രകാരമാണോ കൃഷിയിടങ്ങളിൽ കർഷകർ കൃഷിരീതി അനുവർത്തിക്കുന്നത് എന്നറിയുന്നതിനുമായി നടത്തുന്ന ഇന്റേർണൽ ഇൻസ്പെക്ഷൻ മുഴുവൻ പഞ്ചായത്തുകളിലും നടന്നുവരുന്നു. ഫീൽഡ് കോർഡിനേറ്റർമാരുടെ നിയന്ത്രണത്തിൽ, തെരെഞ്ഞെടുക്കപ്പെട്ടിട്ടുള്ള ഇന്റേർണൽ ഇൻസ്പെക്ടർമാരാണ് പരിശോധന നടത്തിവരുന്നത്. ജൂൺ മാസത്തോടെ 5421 കൃഷിയിടങ്ങളിൽ ഇന്റേർണൽ ഇൻസ്പെക്ഷൻ പൂർത്തീകരിച്ചു.

**നാപ് കാലാവസ്ഥാ വ്യതിയാന പഠനശിബിരത്തിൽ പങ്കെടുത്തു**

ജൂൺ മാസം ഇരുപത്തിയൊന്നാം തീയതി നാപ് ( നെറ്റ് വർക്ക് ഓഫ് ഏഷ്യ പസഫിക് പ്രൊഡ്യൂസേഴ്സ്) WSSS ഓഡിറ്റോറിയത്തിൽ വച്ച് സംഘടിപ്പിച്ച കാലാവസ്ഥ വ്യതിയാന പഠനശിബിരത്തിൽ കഫെ, വൊഫാ സംഘടനകളെ പ്രതിനിധീകരിച്ച് ഫാ. ബിനു പൈനുങ്കൽ, ശ്രീ. ജോബി വർഗീസ്, ശ്രീ. ഷാജി ജോസ്, ശ്രീ. ബിബിൻ മാത്യു, ശ്രീ. വിനായക് ജയൻ എന്നിവർ പങ്കെടുത്തു.

**സംഭരണം**

ജൂൺ മാസം പദ്ധതിയിൽ അംഗങ്ങളായ കർഷകരിൽ നിന്നും 520000 കിലോ കാപ്പി കിലോയ്ക്ക് 142155 രൂപ നിരക്കിലും കുരുമുളക് 1300 കിലോ 550 രൂപ നിരക്കിലും , പച്ച മഞ്ഞൾ 1300 കിലോ 23 രൂപ നിരക്കിലും സംഭരിച്ചു.

**ബയോലാൻറ് അഗ്രോ പ്രോസസ്സിംഗ് സെന്റർ (സംസ്കരണം)**

കർഷകരിൽ നിന്നും സംഭരിക്കുന്ന ഉത്പ്പന്നങ്ങൾ മൂല്യവർദ്ധനവ് വരുത്തി വിപണിയിലെത്തിക്കുക വഴി കർഷകർക്ക് ഉയർന്ന വില ലഭ്യമാക്കുന്നതിനായി പ്രവർത്തിക്കുന്ന ബയോലാൻറ് അഗ്രോ പ്രോസസ്സിംഗ് സെന്റർ കാപ്പി, മഞ്ഞൾ, കുരുമുളക്, ഇഞ്ചി തുടങ്ങിയവ സംസ്കരിക്കുകയും, മൂല്യവർദ്ധിത ഉത്പന്നങ്ങൾ ബയോവിൻ വഴി വിദേശ രാജ്യങ്ങളിലേക്ക് കയറ്റുമതി ചെയ്യുകയും ആവശ്യാനുസരണം ഇന്ത്യയിലെ വിവിധ കമ്പനികൾക്ക് വിൽപ്പന നടത്തുകയും ചെയ്തു വരുന്നു.

**അഡ്വ. ഫാ. ജോൺ ചൂരപ്പുഴയിൽ**
ചെയർമാൻ, ബയോവിൻ അഗ്രോ റിസേർച്ച്

# ജീസസ് ഫ്രട്ടേണിറ്റി

**കസേരകൾ നൽകി**

വൈത്തിരി സബ് ജയിലിൽ ജീസസ് ഫ്രട്ടേണിറ്റിയുടെ ആഭിമുഖ്യത്തിൽ കസേരകൾ വാങ്ങി നൽകി. കസേരകൾ സ്പോൺസർ ചെയ്തത് പുഴമുടി ഇടവകാംഗങ്ങൾ ആണ്. നേതൃത്വം നൽകിയ മുൻ വികാരി ബഹു. മത്തായി പള്ളിച്ചാങ്കുടി അച്ചനും ഇടവകകാർക്കും ജീസസ് ഫ്രട്ടേണിറ്റി കുടുംബത്തിന്റെ നന്ദി അറിയിക്കുന്നു.

**ബോധവത്കരണ ക്ലാസ്**

മാനന്തവാടി ജില്ലാ ജയിലിൽ റേഡിയോ മറ്റൊലി ഡയറക്ടർ ബഹു. ബിജോ കറുകപള്ളി അച്ചന്റെ നേതൃത്വത്തിൽ ബോധവത്കരണ ക്ലാസ്സ് എടുത്തു. തടവുകാർക്കായി നടത്തിയ ക്ലാസ് അന്തേവാസികൾക്ക് ഏറെ അനുഗ്രഹ പ്രദമായി എന്ന് ജയിൽ സുപ്രണ്ട് നന്ദി പ്രസംഗത്തിൽ സൂചിപ്പിച്ചു. ക്ലാസ്സ് എടുത്ത ബിജോ അച്ചന് ജീസസ് ഫ്രട്ടേണിറ്റി കുടുംബത്തിന്റെ നന്ദി അറിയിക്കുന്നു.

**പരിസ്ഥിതി ദിനം**

ലോക പരിസ്ഥിതി ദിനചാരണത്തിന്റെ ഭാഗമായി മാനന്തവാടി ജില്ലാ ജയിലിൽ ജീസസ് ഫ്രട്ടേണിറ്റിയുടെ ആഭിമുഖ്യത്തിൽ പൂച്ചെടികൾ നൽകി. ജീസസ് ഫ്രട്ടേണിറ്റി ആനിമെറ്റർ സി. ജെസ്ന FCC സ്വന്തമായി നട്ട് വളർത്തിയ ചെടികളാണ് സമ്മാനിച്ചത്. സിസ്റ്ററിന് അഭിനന്ദനങ്ങളും നന്ദിയും അറിയിക്കുന്നു.

**ഫാ. ടോമി പുത്തൻപുരക്കൽ**
ഡയറക്ടർ

**ലഹരിവിരുദ്ധ ബോധവൽക്കരണ റാലി**

അന്താരാഷ്ട്ര മയക്കുമരുന്ന് വിരുദ്ധ ദിനാചരണത്തിന്റെ ഭാഗമായി ജൂൺ 26 ന് റേഡിയോ മാറ്റൊലി, എക്സൈസ് വകുപ്പ്, റോട്ടറി ക്ലബ്ബ് എന്നിവയുടെ ആഭിമുഖ്യത്തിൽ ലഹരിവിരുദ്ധ ബോധവൽക്കരണ റാലിയും സാഹിത്യ മത്സരവും സംഘടിപ്പിച്ചു. കൽപ്പറ്റ പുതിയ ബസ്റ്റാൻഡ് പരിസരത്ത് നിന്നാരംഭിച്ച റാലി ജില്ലാ കളക്ടർ ഡോക്ടർ രേണു രാജ് ഐ എ എസ് ഫ്ളാഗ് ഓഫ് ചെയ്തു. കൽപ്പറ്റ നിയോജകമണ്ഡലം എം എൽ എ അഡ്വക്കേറ്റ് ടി സിദ്ദിഖ് ഉദ്ഘാടനം ചെയ്തു. റേഡിയോ മാറ്റൊലി സ്റ്റേഷൻ ഡയറക്ർ ഫാ. ബിജോ കറുകപ്പള്ളി എ. ഡി. എം. എൻ. ഐ ഷാജു എക്സൈസ് ഇൻസ്പെക്ടർ ഷറഫുദ്ദീൻ മാറ്റൊലി പ്രോഗ്രാം പ്രൊഡ്യൂസർ ജോസഫ് പള്ളത്ത്, റെനീഷ് ആര്യപ്പള്ളി, ജീവിത ജ്യോതി ബിജു, ജനനി ശിവപാർവ്വതി എന്നിവർ പങ്കെടുത്തു.

**കമ്മ്യൂണിറ്റി റേഡിയോ അസോസിയേഷൻ സമ്മേളനം**

ജൂൺ 28 ന് ഡൽഹിയിൽ വെച്ച് നടന്ന കമ്മ്യൂണിറ്റി റേഡിയോ അസോസിയേഷൻ സമ്മേളനത്തിൽ സ്റ്റേഷൻ ഡയറക്ർ ഫാ. ബിജോ കറുകപ്പള്ളി പങ്കെടുത്തു.

**തത്സമയ ഫോൺ-ഇൻ പരിപാടി**

ജൂൺ 27 അന്തർദേശീയ മൈക്രോ-സ്മോൾ-മീഡിയം എന്റർപ്രൈസസ് ദിനത്തിൽ റേഡിയോ മാറ്റൊലി പ്രത്യേക തത്സമയ ഫോൺ-ഇൻ പരിപാടി സംഘടിപ്പിച്ചു. ജില്ലയിൽ നടപ്പാക്കുന്ന വിവിധ വ്യവസായ പദ്ധതികളെക്കുറിച്ചുള്ള ശ്രോതാക്കളുടെ സംശയങ്ങൾക്ക് ജില്ലാ വ്യവസായ വകുപ്പ് ജനറൽ മാനേജർ ലിസിയമ്മ സാമുവൽ മറുപടി നൽകി.

**ഗ്രാമമാറ്റൊലി**

ജൂൺ 24 ന് വെള്ളമുണ്ട വിജ്ഞാൻ ലൈബ്രറിയുടെ ആഭിമുഖ്യത്തിൽ വെള്ളമുണ്ട യു.പി.സ്കൂളിൽ വെച്ച് ഗ്രാമമാറ്റൊലി സംഘടിപ്പിച്ചു.

**പ്രത്യേക പരിപാടികൾ**

**നാടിറങ്ങുന്ന കാട്ടുനീതി:** മനുഷ്യ- മൃഗ സംഘർഷങ്ങളിൽ പെട്ട്

ജീവനും സ്വത്തിനും ഭീഷണിനേരിടുന്ന സാധാരണ ജനങ്ങളുടെ ബുദ്ധിമുട്ടുകൾ ഒപ്പിയെടുക്കുന്ന പ്രക്ഷേപണ പരമ്പരയായ *നാടിറങ്ങുന്ന കാട്ടുനീതി* എന്ന പ്രോഗ്രാമിൽ സുപ്രീം കോടതിയുടെ ബഫർസോൺ വിധിയെക്കുറിച്ച് സേവ് വെസ്റ്റേൺ ഗാട്ട്സ് പ്യൂപ്പിൾ ഫൗണ്ടേഷൻ ചെയർമാൻ ജെയിംസ് വടക്കൻ പങ്കുവെച്ച വിവരങ്ങൾ ജൂൺ 24 നും കിഫ ചെയർമാൻ അലക്സ് ഒഴുകയിൽ സംസാരിച്ചത് ജൂലായ് 8 നും പ്രക്ഷേപണം ചെയ്തു.

ജൂലായ് 15 ന് നാടിറങ്ങുന്ന കാട്ടുനീതി എന്ന പരിപാടി വന്യമൃഗശല്യം രൂക്ഷമായ പനമരം കൈതക്കൽ പ്രദേശത്തെ ജനങ്ങളുടെ ആശങ്കകൾ ഉൾപ്പെടുത്തിക്കൊണ്ടുള്ളതായിരുന്നു.

**ആതുരസേവനത്തിന്റെ നാല് പതിറ്റാണ്ട്:** ജൂലൈ 1 ഡോക്ടേഴ്സ് ഡേയോടനുബന്ധിച്ച് മാനന്തവാടി ഗവ.ഹോസ്പിറ്റലിൽ നിന്ന് വിരമിച്ച നേത്രരോഗവിദഗ്ധൻ ഡോ ഉണ്ണി റാമിന്റെ സേവന വഴികളേക്കുറിച്ചുള്ള പ്രത്യേക പരിപാടി പ്രക്ഷേപണം ചെയ്തു.

**നാലുകെട്ടിൽ നിന്നും മലയാളത്തിന്റെ നടുമുറ്റത്തേക്ക്**

മലയാളത്തിന്റെ പ്രിയ സാഹിത്യകാരൻ എം.ടി വാസുദേവൻ നായർ നവതി ആഘോഷിക്കുന്ന സാഹചര്യത്തിൽ ജൂലായ് 14 ന് പ്രത്യേകപരിപാടി പ്രക്ഷേപണം ചെയ്തു.

**ചന്ദ്രനെ തൊടാൻ:** ഇന്ത്യയുടെ ചാന്ദ്രപരിവേഷണ പദ്ധതിയായ ചാന്ദ്രയാൻ 3 ന്റെ വിജയകരമായ പര്യവേക്ഷണത്തിന്റെ വിവരങ്ങൾ ഉൾക്കൊള്ളിച്ചുകൊണ്ടുള്ള പ്രത്യേക പരിപാടി ജൂലായ് 15 ന് പ്രക്ഷേപണം ചെയ്തു.

**ഇൻസ്പെക്ഷൻ**

ജൂലായ് 5 ന് ഇന്റലിജെന്റ്സ് ബ്യൂറോ ഇൻസ്പെക്ഷന് വന്നു.

**ദ്വാരക ശുചിത്വ സമിതി യോഗം**

എടവകപഞ്ചായത്തിന്റെ ആഭിമുഖ്യത്തിൽ ദ്വാരക ശുചിത്വ സമിതിയുടെ യോഗം ജൂലായ് 12 ന് റേഡിയോ മാറ്റൊലിയിൽ ചേർന്നു.

**പഠനസന്ദർശനം**

മലപ്പുറം ജില്ലയിലെ എടക്കര ഗവ.ഹയർസെക്കണ്ടറി സ്കൂളിലെ പ്ലസ് ടൂ ഹ്യുമാനീറ്റീസ് ഗ്രൂപ്പ് വിദ്യാർത്ഥികൾ പഠനത്തിന്റെ ഭാഗമായി മാറ്റൊലി സന്ദർശിച്ചു.

**ഫാ. ജോസ് കാവുങ്കൽ**
അസ്സി. ഡയറക്ടർ

## കത്തോലിക്കാ കോൺഗ്രസ്സ് AKCC




ആശങ്കകളും ആകുലതകളും മനം നിറയെ കടന്നൽ കൂട്ടുമ്പോൾ സംശയങ്ങൾ മാറാല കെട്ടുന്ന പുസ്തകത്തിന്റെ അവസാന കണ്ണിയും വിട്ടു പോകുവാൻ വെമ്പൽ കൊള്ളുന്ന ഒരു കാലഘട്ടത്തിലൂടെയാണ് നമ്മൾ ഇന്ന് ജീവിക്കുന്നത്. മതസൗഹാർദ്ദത്തിന്റെയും മത മൈത്രിയുടെയും തറവാട് എന്ന് പെരുമ കൊണ്ട നാടിന്ന് മത ഭ്രാന്തിന്റെയും വർഗീയതയുടെയും അടർക്കളമായി മാറിയിരിക്കുകയാണ്. വിശക്കുന്നവന്റെയും തൊഴിൽരഹിതന്റെയും പിച്ചപ്പാത്രത്തിൽ ബോംബറിഞ്ഞു കൊടുക്കുകയും ചെയ്യുന്നു. നാടിന്റെ നന്മയ്ക്കായി പ്രവർത്തിക്കുന്ന ക്രൈസ്തവ സമുദായത്തെ ഉന്മൂലനം ചെയ്യുവാനുള്ള ആസൂത്രിതമായ നിലപാടുകൾ കേന്ദ്രത്തിലും സംസ്ഥാനതലത്തിലും സർക്കാരുകൾ സ്വീകരിച്ചു പോരുകയാണ്. മണിപ്പൂരിന്റെ അതിർത്തികളിൽ നിന്നും മുഴങ്ങി കേൾക്കുന്നത് മനുഷ്യത്വം മരിക്കുന്ന മരണ മണികൾ ആണ്.

ഈ നാടിനും നാട്ടുകാർക്കും ലോകം മുഴുവനും നന്മ ചെയ്ത ഒരു സമുദായ സംവിധാനത്തെ തച്ചുടക്കുന്ന ആക്ഷേപങ്ങളും പ്രതികരണങ്ങളും ചില അധ്യാപകരിൽ നിന്നും ഉണ്ടാകുമ്പോൾ നമ്മുടെ കലാലയങ്ങളിൽ വ്യാജ സന്ദേശങ്ങളും വ്യാജ രേഖകളും വ്യാജ തെരഞ്ഞെടുപ്പുകളും നടക്കുന്നതിൽ അതിശയോക്തിയില്ല എന്ന് സമുദായ സംഘടന കത്തോലിക്ക കോൺഗ്രസ് ഉറക്കെ പ്രഖ്യാപിക്കുകയാണ്.

'എങ്ങു മനുഷ്യനു ചങ്ങല കൈകളിലങ്ങെൻ കയ്യുകൾ നൊന്തീടുന്നു' എന്ന എൻ. കെ വാര്യരുടെ  വരികൾ കത്തോലിക്ക സമുദായ സംഘടന ഏറ്റെടുക്കുകയാണ്. സഭയുടെയും സമുദായത്തിന്റെയും കാവലാളാകുവാൻ സമുദായ സംഘടന സധൈര്യം മുന്നോട്ട് പോവുകയാണ്.

1. മണിപ്പൂർ കലാപത്തിൽ ദുരിതമനുഭവിക്കുന്നവർക്ക് പിന്തുണ പ്രഖ്യാപിച്ചുകൊണ്ട് തരിയോട് മേഖലയുടെ കീഴിലുള്ള ഇടവകകളുടെ പ്രതിനിധി സമ്മേളനവും സ്വാഗതസംഘ രൂപീകരണം കാവുമന്ദം ലൂർദ് മാതാ ദേവാലയത്തിൽ വച്ച് നടന്നു. യോഗം തരിയോട് ഫൊറോനാ വികാരി ഫാ. തോമസ് പ്ലാശനാൽ ഉദ്ഘാടനം ചെയ്തു. ഫാ. ബാബു കക്കാട്ടിക്കാല, ഫാ. ശാന്തിദാസ്, മേഖല പ്രസിഡന്റ് മാത്യു ചേമ്പാല എന്നിവർ സംസാരിച്ചു. ജൂലൈ മാസം മുപ്പതാം തീയതി കാവുമന്ദം ടൗണിൽ മണിപ്പൂർ ക്രൈസ്ത

വർക്ക് ഐക്യദാർഢ്യം പ്രഖ്യാപിച്ചു കൊണ്ടുള്ള പ്രതിഷേധ വിളംബര റാലിയും പൊതുസമ്മേളനവും സംഘടിപ്പിക്കും. ഫൊറോനയുടെ കീഴിലുള്ള വിവിധ ഇടവകകളിൽ നിന്നും ആയിരക്കണക്കിന് ക്രൈസ്തവർ പ്രതിഷേധ പ്രകടനത്തിൽ പങ്കെടുക്കും.

2. ഉന്നത വിദ്യാഭ്യാസ മേഖലയെ തകർക്കാൻ സർക്കാർ കൂട്ട് നിൽക്കുന്നു.

**കത്തോലിക്കാ കോൺഗ്രസ് യൂത്ത് കൗൺസിൽ**

**പനമരം:** കേരളത്തിലെ ഉന്നത വിദ്യാഭ്യാസ രംഗത്തെ തകർക്കാൻ ശ്രമിക്കുന്നവരെ സംരക്ഷിക്കുന്ന നിലപാടാണ് ഇടതുപക്ഷ സർക്കാർ സ്വീകരിക്കുന്നതെന്ന് കത്തോലിക്ക കോൺഗ്രസ് യൂത്ത് കൗൺസിൽ ആരോപിച്ചു. കഴിഞ്ഞ കുറെ നാളുകളായി കേരളത്തിലെ സർവകലാശാലകളും ഉന്നത വിദ്യാഭ്യാസ രംഗത്തെ സ്ഥാപനങ്ങളും അവ വിതരണം ചെയ്യുന്ന സർട്ടിഫിക്കറ്റുകളും എല്ലാം പൊതുസമൂഹത്തിന്റെ മുൻപിൽ സംശയത്തിന്റെ നിഴലിൽ ആയിരിക്കുകയാണ്. ഈ സാഹചര്യം സൃഷ്ടിച്ചവരെ സംരക്ഷിക്കുന്ന നിലപാടാണ് സംസ്ഥാന സർക്കാർ സ്വീകരിക്കുന്നത്. യോഗ്യരായ വിദ്യാർത്ഥികൾ തൊഴിൽ അന്വേഷിച്ച് നടക്കുകയും തൊഴിൽ സാഹചര്യങ്ങൾ ഇവിടെ സൃഷ്ടിക്കപ്പെടാത്തത് കാരണം വിദേശരാജ്യങ്ങളിലേക്ക് കൂട്ടത്തോടെ പാലായനം ചെയ്യുകയാണ് . അതേസമയം വ്യാജ സർട്ടിഫിക്കറ്റുകൾ ഉണ്ടാക്കിയും വ്യാജ ബിരുദങ്ങൾ സമ്പാദിച്ചും അധികാര കേന്ദ്രങ്ങളുടെ സഹായത്തോടെ അയോഗ്യരായവർ ജോലി നേടിയെടുക്കുകയും ചെയ്യുന്നു. ഇത് പ്രതിഷേധാർഹമാണ്. ഇത്തരക്കാർക്കെതിരെ കർശനമായ നടപടികൾ സ്വീകരിക്കുവാനും മാതൃകാപരമായി ശിക്ഷിക്കുവാനും സർക്കാർ ആർജ്ജവം കാണിക്കണമെന്നും കത്തോലിക്ക കോൺഗ്രസ് യൂത്ത് കൗൺസിൽ മാനന്തവാടി രൂപത നേതൃത്വസമ്മേളനം ആവശ്യപ്പെട്ടു. രൂപതാ പ്രസിഡന്റ് കെ. പി സാജു അധ്യക്ഷത വഹിച്ച യോഗം മാനന്തവാടി രൂപത വികാരി ജനറാൾ മോൺ. പോൾ മുണ്ടോളിക്കൽ ഉദ്ഘാടനം ചെയ്തു. രൂപത ജനറൽ സെക്രട്ടറി സെബാസ്റ്റ്യൻ പുരയ്ക്കൽ സ്വാഗതം ആശംസിച്ച യോഗത്തിൽ ഗ്ലോബൽ യൂത്ത് കൗൺസിൽ കൺവീനർ ട്രീസ ലിസ് സെബാസ്റ്റ്യൻ മുഖ്യ പ്രഭാഷണവും യൂത്ത് കൗൺസിൽ ജനറൽ കോഡിനേറ്റർ സിജോ ഇലന്തൂർ ഗ്ലോബൽ കോഡിനേറ്റർ ജോമോൻ മതിലകത്ത് എന്നിവർ വിഷയാവതരണവും നടത്തി.

രൂപതാ യൂത്ത് കൗൺസിൽ ജനറൽ കോർഡിനേറ്ററായി ശ്രീ. എബിൻ മുട്ടപ്പള്ളിയേയും,കോർഡിനേറ്റർമാരായി നിഥിൻ പുരക്കുടിയിൽ, ജിജോ മംഗലം, സവിജു അമ്പാറയിൽ, നിഥിൻ

പതിപ്പള്ളി എന്നിവരെയും തിരഞ്ഞെടുത്തു. യോഗത്തിൽ ജോൺസൺ തൊഴുത്തുക്കൽ, തോമസ് പാഴുകാല, ജിജോ മംഗലം, ലൗലി, മാത്യു ചെന്നലോട് എന്നിവർ സംസാരിച്ചു.

**3. ഭീമഹർജി ഒപ്പുകൾ കൈമാറി**

**നടവയൽ:** ഭീമഹർജി ഒപ്പുകൾ ഉൾപ്പെടുത്തിയിട്ടുള്ള രേഖ കളുടെ കൈമാറൽ ഉദ്ഘാടനം നടവയൽ മേജർ ആർക്കി എപ്പിസ് ക്കോപ്പൽ ഇടവക വികാരി ആർച്ച് പ്രീസ്റ്റ് റവ. ഫാ. ഗാർവ്വാസീസ് മറ്റത്തിൽ നിർവഹിച്ചു. ഭീമഹർജി ഒപ്പുകൾ ഗ്ലോബൽ വൈസ് പ്രസി ഡണ്ട് ശ്രീ. ജോസ്കുട്ടി ഒഴുകയിൽ ഏറ്റുവാങ്ങി. യോഗത്തിൽ രൂപതാ പ്രസിഡന്റ് ശ്രീ കെ. പി സാജു അധ്യക്ഷത വഹിച്ചു. ഗ്ലോബൽ ജന റൽ സെക്രട്ടറി ബെന്നി ആന്റണി, രൂപത ജനറൽ സെക്രട്ടറി ശ്രീ. സെബാസ്റ്റ്യൻ പുരക്കൽ, മേഖല സെക്രട്ടറി ശ്രീ. സജി ഇരട്ടമുണ്ട യ്ക്കൽ, ശ്രീ. വിൻസെന്റ് ചേരവയലിൽ, സാബു നിരപ്പെൽ, ജയിംസ് കളർതൊട്ടിയിൽ, മാത്യു ആണ്ടുകുന്നേൽ എന്നിവർ സംസാരിച്ചു .

മണിപ്പൂർ വിഷയത്തിൽ കത്തോലിക്ക കോൺഗ്രസ് പ്രധാന മന്ത്രിക്കും സംസ്ഥാന മുഖ്യമന്ത്രിക്കും നൽകുന്ന ഭീമഹർജി യിലേക്കുള്ള ഒപ്പ് ശേഖരണത്തിന്റെ നടവയലിലെ ഉദ്ഘാടനം ഞായ റാഴ്ച രാവിലെ 7 മണിക്ക് ദേവാലയ പരിസരത്ത് വച്ച് നടന്നു. എ.കെ.സി.സി അംഗങ്ങളും സഹകരിച്ചു.

കാതോലിക്ക കോൺഗ്രസ്സ് മുള്ളൻകൊല്ലി മേഖല മണിപ്പൂർ ഐക്യദാർഢ്യ റാലിയും പൊതു സമ്മേളനവും നടത്തി. പൊതു സമ്മേളനത്തിന്റെ ഉദ്ഘാടനം മാനന്തവാടി രൂപതാ സഹായ മെത്രാൻ മാർ അലക്സ് താരാമംഗലം പിതാവ് നിർവ്വഹിച്ചു. എല്ലാ ഇടവക യിൽ നിന്നുമുള്ള ആളുകൾ 5 മണിക്ക് തന്നെ ടൗൺ പള്ളിയിൽ എത്തി ച്ചേർന്നു. എല്ലാവരും ഒരു മെഴുകുതിരിയും കൈയിൽ കരുതിയാണ് പങ്കെടുത്തത്.

**കത്തോലിക്കാ കോൺഗ്രസ് ബത്തേരി മേഖല സമിതി പഠനത്തിൽ മികവുള്ള കുട്ടികളെ ആദരിച്ചു**

ബത്തേരി മേഖലയിൽ വിവിധ ഇടവകകളിൽ നിന്നും എസ്. എസ്.എൽ.സി, പ്ലസ് ടു പരീക്ഷകൾക്ക് ഉന്നത വിജയം നേടിയ കുട്ടി കളെ മേഖലാ സമിതി ആദരിച്ചു. യോഗ നടപടികളിൽ മേഖല പ്രസിഡണ്ട് ശ്രീ ജോൺസൺ സാർ അധ്യക്ഷനായി ആയിരുന്നു. പരിപാടിയുടെ ഉദ്ഘാടനം ഫൊറോന പള്ളി വികാരി റവ. ഡോ. ജോസഫ് പരുവുമ്മേൽ നിർവ്വഹിച്ചു.

**സെബാസ്റ്റ്യൻ പുരക്കൽ**
രൂപതാ ജനറൽ സെക്രട്ടറി

**June - July 2023**

- Second Semester UG Examination Commenced on 10th July 2023.
- UG Admission process started on 13th July 2023 for the academic year 2023-24.
- University Rank: Ms. Keerthana T V and Ms. Aryamol Santhosh secured 1st and 2nd Rank respectively in Kannur University M. Sc. Computer Science Examination. Their hard work and dedication are appreciated.
- NSS: Organized a seminar in connection with 'World Elder Abuse Awareness Day 2023' on the topic "You are never alone; we stand beside you" on 16th June 2023.
- NCC: On 24th June 2023, a group of 19 NCC (National Cadet Corps) cadets undertook a noble initiative of clearing the plastics from the roadside at the Tholpetty Forest range.

  Organized a digital poster-making competition to observe the International Day Against Drug Abuse and Illicit Trafficking on 26th June 2023.
- Department of Physical Education, NSS, NCC: Jointly organized International Yoga Day celebration on 21st June 2023.
- Department of Malayalam: Celebrated Reading Day on 19th June 2023. The department conducted different competitions to promote habit of reading among students. Students prepared a tree of reading which contains quotations on reading.

  Celebrated Vaikom Muhammed Basheer Commemorative Day on 5th July 2023.

- Department of Mathematics: As part of observation of Reading Day, Department of Mathematics organized a book donation drive to St. Martins LP School, Ondayangadi on 19th July 2023.
- Department of English: Celebrated National Reading Day on 16th June 2023 and organized interaction with alumnus Mr Aswin Prasad. Organized quiz competition and book review competition.
- Department of Physics: The College viewed the live telecast of 'Chandrayaan-3' in the college indoor stadium on 14th July 2023.
- Music Club: Music Club organized World Music Day celebration on 21st June 2023.
- Ms. Jisha T E, Prof. Dr. Thomas Monoth: Published a paper titled "Contrast-enhanced visual cryptography schemes based on block pixel patters", in the International Journal of Information Technology, a Springer Nature Publication.
- Dr. Maria Martin Joseph: Completed short term online Faculty Development Programme on Professional Development on Teachers for NEP and Current Opportunities in Education organized by IQAC Cluster India, HV Desai College, Pune and ANR College Gudivada.

**Dr. Maria Martin Joseph**
Principal

## കോർപ്പറേറ്റ് വിദ്യാഭ്യാസ ഏജൻസി

മാനന്തവാടി രൂപതാ കോർപ്പറേറ്റ് വിദ്യാഭ്യാസ ഏജൻസിക്കു കീഴിലുള്ള മുഴുവൻ അധ്യാപകർക്കുമായി "Artificial Intelligence Tools for Teachers: Challenges and Possibilities" എന്ന വിഷയത്തിൽ ഏഴു ദിവസങ്ങളിലായി ശില്പശാല സംഘടിപ്പിച്ചു. തേവര സേക്രട്ട് ഹാർട്ട് കോളേജിലെ അസിസ്റ്റൻഡ് പ്രൊഫസർ റവ. ഫാ. സാബു തോമസ് ക്ലാസുകൾ നയിച്ചു. അനുദിനമെന്നോണം മാറ്റപ്പെട്ടുകൊണ്ടിരിക്കുന്ന നൂതന സാങ്കേതിക വിദ്യയുടെ വളർച്ചയെ പരിചയപ്പെടുന്നതിനും ആ അറിവുകളിൽ പ്രായോഗിക പരിശീലനം നേടുവാനും ഉതകുന്നതായിരുന്നു ഈ ശില്പശാല.

**വിദ്യാലയ വാർത്തകൾ**

**എൽ.പി.വിഭാഗം**

**I.ദേവമാതാ എ.എൽപി.സ്കൂൾ ആടിക്കൊല്ലി**

ജൂൺ 19 മുതൽ 26 വരെ വ്യത്യസ്തങ്ങളായ പരിപാടികളോടെ വായനാവാരമായി ആചരിച്ചു. ലഹരി വിരുദ്ധ വാരാചരണം സംഘടിപ്പിച്ചു. പിടിഎ ജനറൽ ബോഡി യോഗം ചേരുകയും ഭാരവാഹികളെ തെരഞ്ഞെടുക്കുകയും ചെയ്തു. തദവസരത്തിൽ മാതാപിതാക്കൾക്കായി സെമിനാർ സംഘടിപ്പിച്ചു. പഠനോപകരണ നിർമാണ ശില്പശാല സംഘടിപ്പിച്ചു.

**II. സെന്റ് തോമസ് എൽ.പി. സ്കൂൾ അരിഞ്ചേർമല**

ഫാസ്റ്റ് ഫുഡ് സംസ്ക്കാരത്തിന്റെ പിടിയിലകപ്പെട്ട ബാല്യങ്ങൾക്ക് പഴമയുടെ നാട്ടുരുചികൾ പകർന്നേകുക എന്ന ലക്ഷ്യവുമായി നാട്ടുരുചിയുടെ പെരുമയറിയാനെന്ന പ്രവർത്തനത്തിന് തുടക്കമായി. വളരാൻ വിദ്യാർഥികൾക്ക് അവസരമൊരുക്കിയ വായനാവാരസമാപനവും സർഗ്ഗശേഷികൾക്ക് പുതുവെളിച്ചം നൽകാൻ അവസരമൊരുക്കുന്ന വിദ്യാരംഗം കലാസാഹിത്യവേദിയുടെയും വിവിധ ക്ലബ്കളുടെയും ഉദ്ഘാടനം നടത്തപ്പെട്ടു. ELECTA 2K23 എന്ന പേരിൽ സ്കൂൾ പാർലമെന്റ് തെരഞ്ഞെടുപ്പ് ഇലക്ട്രോണിക് വോട്ടിംങ് മെഷീനുപയോഗിച്ചു നടത്തി. ലഹരി

വിരുദ്ധ വാരാചരണത്തിന്റെ ഭാഗമായി വിവിധങ്ങളായ പ്രവർത്തനങ്ങൾ സംഘടിപ്പിച്ചു.

**III. സെന്റ് പോൾസ് എൽപി സ്കൂൾ പുതിയിടംകുന്ന്**

ലഹരി വിരുദ്ധദിനം കുട്ടികളുടെ പരിപാടികളോടെ നടത്തപ്പെട്ടു. സ്കൂൾ സൗന്ദര്യവൽക്കരണത്തിന്റെ ഭാഗമായി എന്റെ പിറന്നാളിന് ഒരു പൂച്ചെടി പരിപാടിക്ക് തുടക്കമായി.

**IV. നിർമ്മല എൽ.പി.സ്കൂൾ ആലാറ്റിൽ**

ലഹരിവിരുദ്ധദിനം വിവിധങ്ങളായ പരിപാടികളോടെ സമുചിതമായി ആചരിച്ചു. വായനാവാരാചരണത്തിൽ കുട്ടികൾക്കായി വ്യത്യസ്തമായ മത്സരങ്ങൾഒരുക്കി. ബഷീർ ദിനത്തിൽ ബഷീർ കഥാപാത്രങ്ങളെയും അദ്ദേഹത്തിന്റെ കൃതികൾ അവതരിപ്പിച്ചും ഗംഭീരമാക്കി. സ്കൂൾ പരിസരം ശുചീകരിക്കുകയും യോഗ പരിശീലനം ആരംഭിക്കുകയും ചെയ്തു.

**V. എ.എൽ.പി. സ്കൂൾ കണിയാരം**

ലഹരി എന്ന സാമൂഹ്യ വിപത്തിനെ വേരോടെ നശിപ്പിക്കുക എന്ന ലക്ഷ്യവുമായി ലഹരി വിരുദ്ധ പ്രവർത്തനങ്ങളിൽ കുട്ടികൾ സജീവമായി പങ്കെടുത്തു. നാങ്ക ഒപ്പറ പഠിപ്പോ എന്ന പേരിൽ ഗോത്ര വിദ്യാർഥികളെ സാക്ഷരരാക്കുന്ന പദ്ധതിക്ക് തുടക്കമായി.

**VI. സെന്റ് തോമസ് എൽ.പി സ്കൂൾ നടവയൽ**

വായനാവാരാചരണവും വിവിധ ക്ലബ്ബുകളുടെ ഉദ്ഘാടനവും നടത്തപ്പെട്ടു. സ്കൂൾ പാർലമെന്റ് തെരഞ്ഞെടുപ്പ് നടത്തി. ലഹരിവിരുദ്ധ വാരാചരണത്തിന്റെ ഭാഗമായി വിവിധ പ്രവർത്തനങ്ങൾ സംഘടിപ്പിച്ചു. ഡോക്ടേഴ്സ് ഡേ ദിനത്തിൽ ഡോക്ടർമാർക്ക് ആശംസകൾ നേർന്നു. സ്കൂൾ ഡയറി ഉദ്ഘാടന കർമ്മം നിർവഹിച്ചു.

**VII. സെന്റ് സെബാസ്റ്റ്യൻസ് എൽ.പി.സ്കൂൾ പോരൂർ**

വിവിധങ്ങളായ പ്രവർത്തനങ്ങളുമായി വായനാവാരം സമുചിതമായി ആചരിച്ചു. വിദ്യാർഥികൾക്കായി ശുചിത്വ അസംബ്ലി സംഘടിപ്പിച്ചു. ലഹരിവിരുദ്ധ ദിനത്തിൽ വ്യത്യസ്തങ്ങളായ പ്രവർത്തനങ്ങൾ നടത്തപ്പെട്ടു.

**VIII. പ്രൊവിഡൻസ് എൽ.പി.സ്കൂൾ വെള്ളൂന്നി**

വായനാ ദിനം വിവിധ പരിപാടികളോടെ ആചരിച്ചു. ലഹരിവിരുദ്ധ ദിനത്തോടനുബന്ധിച്ച് വ്യത്യസ്തങ്ങളായ

മത്സരങ്ങൾ സംഘടിപ്പിച്ചു. ഡ്രൈ ഡേ ആചരിക്കുകയും വ്യക്തിശുചിത്വം, പരിസരശുചിത്വം എന്നിവയിൽ ക്ലാസ്സുകൾ നൽകി.

**IX. സെന്റ് ജോർജ് എൽ.പി. സ്കൂൾ കൊളവയൽ**

വായനാ വാരാചരണം വ്യത്യസ്ത പരിപാടികളോടെ നടത്തപ്പെട്ടു, യോഗ ദിനത്തിൽ കുട്ടികൾക്ക് പരിശീലനം നൽകി. ശുചിത്വ വിദ്യാലയം സുന്ദര വിദ്യാലയം എന്ന ആശയത്തോടെ വിദ്യാലയ പരിസരംവൃത്തിയാക്കി. നിർദ്ധനരായ വിദ്യാർത്ഥികളെ സഹായിക്കാൻ ഒപ്പത്തിനൊപ്പം പരിപാടിക്ക് തുടക്കമായി. ലഹരി വിരുദ്ധ വാരാചരണം വ്യത്യസ്തങ്ങളായ പ്രവർത്തനങ്ങളിലൂടെ നടത്തപ്പെട്ടു. പിടിഎ ജനറൽ ബോഡി യോഗവും പാരൻറിംഗ് ക്ലാസും സംഘടിപ്പിച്ചു.

**X. സെന്റ് മാർട്ടിൻസ് എൽ.പി. സ്കൂൾ ഒണ്ടയങ്ങാടി**

വായനാ വാരാചരണത്തിൽ വായനയുടെ മഹത്വത്തെ ഉണർത്തുന്ന വ്യത്യസ്ത പരിപാടികൾ സംഘടിപ്പിച്ചു. ജൈവ പച്ചക്കറിയും വിഷരഹിത പച്ചക്കറിയും ഉച്ചഭക്ഷണത്തിന് നൽകുക എന്ന ലക്ഷ്യത്തോടെ കരുതൽ 2023 ന് തുടക്കം കുറിച്ചു. ഗ്രീൻ ക്യാമ്പസ് ക്ലീൻ ക്യാമ്പസ് പദ്ധതിയുടെ ഉദ്ഘാടനം നിർവഹിക്കപ്പെട്ടു. ലഹരിവിരുദ്ധ വാരാചരണത്തിന്റെ ഭാഗമായി വ്യത്യസ്ത പരിപാടികൾ സംഘടിപ്പിച്ചു ബേപ്പൂർ സുൽത്താന് പ്രണാമം അർപ്പിച്ചു കൊണ്ട് ബഷീർ ദിനം ആചരിച്ചു.

**XI. സെന്റ് സെബാസ്റ്റ്യൻസ് എൽ.പി.സ്കൂൾ വാഴവറ്റ**

കുട്ടികളുടെ പഠനം ലളിതമാക്കുന്നതിനായി ജീവാക്ഷരം എന്ന പ്രവർത്തനമാരംഭിച്ചു. ഗോത്രവിഭാഗം കുട്ടികളുടെ വീടുകൾ സന്ദർശിക്കുകയും ബോധവൽക്കരണ ക്ലാസുകൾ നൽകുകയും ചെയ്തു. ലഹരിവിരുദ്ധ വാരാചരണത്തിന്റെ ഭാഗമായി വ്യത്യസ്തങ്ങളായ പ്രവർത്തനങ്ങൾ നടത്തിയത് ശ്രദ്ധേയമായി.

**XII. സെന്റ് ജോർജ് എൽ.പി. സ്കൂൾ അമ്പായത്തോട്**

വായനാദിനം വ്യത്യസ്ത പരിപാടികളോടെസമുചിതമായി ആചരിച്ചു. ലഹരിവിരുദ്ധദിനം, ബഷീർദിനം എന്നിവയുടെ ആചരണവും വിദ്യാരംഗം കലാ സാഹിത്യ വേദിയുടെ ഉദ്ഘാടനവും നടത്തപ്പെട്ടു.

**XIII. സെന്റ് സെബാസ്റ്റ്യൻസ് എൽ.പി. സ്കൂൾ ഏലപ്പീടിക**

പ്രവേശനോത്സവത്തിൽ കുരുന്നുകൾക്ക് വർണ്ണശബളമായ വരവേൽപ്പ് ഒരുക്കി. പരിസ്ഥിതി ദിനത്തിൽ വൃക്ഷതൈ വിതരണം

ചെയ്തു. വായനാവാരാചരണം വ്യത്യസ്തങ്ങളായ പരിപാടിക ളോടെ സംഘടിപ്പിച്ചു. യോഗാദിനാചരണം കുട്ടികൾക്കുള്ള പരിശീ ലന ദിനമായി മാറി. ലഹരി വിരുദ്ധ വാരാചരണം നടത്തപ്പെട്ടു.

**XIV. സി. കെ. എൽ.പി.സ്കൂൾ മണിമൂളി**

PM പോഷൺ പദ്ധതി പ്രകാരമുള്ള പാചകപ്പുര ഉദ്ഘാടനം ചെയ്തു. 2023 –24 അധ്യയനവർഷത്തെ വിദ്യാരംഗം കലാസാഹിത്യ വേദിക്ക് തുടക്കമായി.

**യു. പി വിഭാഗം**

**I. സെന്റ് തോമസ് യു. പി. സ്കൂൾ തവിഞ്ഞാൽ**

വായനാ വാരാഘോഷ പരിപാടികൾ സംഘടിപ്പിച്ചു. വിദ്യാലയ ത്തിൽ നിർമ്മിച്ച ഹട്ട്, കുട്ടിക്കട നവീകരിച്ച ക്ലാസ് റൂം എന്നി വയുടെ ഉദ്ഘാടനം നടത്തി. ലഹരി വിരുദ്ധ വാരാചരണം വ്യത്യ സ്ത പരിപാടികളോടെ നടത്തി. അക്ഷരമധുരം, സംസ്കൃത മേള, എയ്റോബിക്സ് പരിശീലനം എന്നിവയ്ക്ക് തുടക്കമായി. സ്കൂൾ ഡേ ആചരണവും വിദ്യാരംഗം കലാസാഹിത്യവേദിയു ടെയും വിവിധ ക്ലബ്ബുകളുടെയും ഉദ്ഘാടനവും നടത്തപ്പെട്ടു.

**II. സെന്റ് ആന്റണീസ് യു.പി സ്കൂൾ കോട്ടത്തറ**

കുട്ടികളുടെ വായനയെ പരിപോഷിപ്പിക്കുന്ന വായനാ വാ രാചരണം പരിപാടികൾ സംഘടിപ്പിച്ചു. ആരോഗ്യ അസംബ്ലി , യോഗ അസംബ്ലി എന്നിവ കുട്ടികൾക്ക് അറിവും ആനന്ദവും നൽ കുന്നു. പത്രവാർത്തയുടെ അടിസ്ഥാനത്തിൽ നടപ്പിലാക്കുന്ന ഡെയിലി ക്വസ്റ്റ്യൻസ് വായനയുടെ ലോകത്തേക്ക് കുട്ടികളെ നയി ക്കുന്നു.

**III. സെന്റ് തോമസ് എ.യു.പി സ്കൂൾ ഇടവണ്ണ**

സ്കൂളിൽ വായനാ വാരാചരണം സംഘടിപ്പിച്ചു. ലഹരി വിരുദ്ധ ദിനം ആചരിച്ചു. പി.ടി.എ ജനറൽ ബോഡി ചേർന്ന് പുതിയ ഭാര വാഹികളെ തിരഞ്ഞെടുത്തു.

**IV. സെന്റ് മേരീസ് എ. യു. പി സ്കൂൾ കബനിഗിരി**

വായനാ ദിനം വളരെ വിപുലമായ രീതിയിൽ സ്കൂളിൽ ആഘോഷിച്ചു. യോഗാദിനം, ലഹരി വിരുദ്ധ ദിനം എന്നിവ സമു ചിതമായി ആചരിക്കുകയും ജനാധിപത്യമായ രീതിയിൽ സ്കൂൾ പാർലമെന്റ് തെരഞ്ഞെടുപ്പ് നടത്തുകയും ചെയ്തു. പി.ടി. എ യോഗം

ചേർന്ന് ഭാരവാഹികളെ തിരഞ്ഞെടുത്തു. പ്രവർത്തിപരിചയ ഗണിത മേളകൾ സംഘടിപ്പിച്ചു.

**V. അസംപ്ഷൻ എ.യു.പി സ്കൂൾ ബത്തേരി**

വായനാദിനം സമുചിതമായി ആചരിക്കുകയും വായനാ മാസാചരണത്തിന് തുടക്കം കുറിക്കുകയും ചെയ്തു. വിദ്യാർഥികൾക്കായി ഗണിത പൂക്കള മത്സരം സംഘടിപ്പിച്ചു. ഈ വർഷത്തെ സ്കൂൾ തല കായിക മേള സംഘടിപ്പിച്ചു. ലഹരി എന്ന വിപത്തിനെതിരെ സമൂഹത്തെ ഉണർത്തുക എന്ന ലക്ഷ്യത്തോടെ ലഹരി വിരുദ്ധ വാരാചരണത്തിന് തുടക്കമായി. നല്ലപാഠം പ്രവർത്തനങ്ങളുടെ ഭാഗമായി വിവിധയിനം പരിപാടികൾ നടപ്പിലാക്കി. സ്കൂൾ ഹെൽത്ത് ക്ലബ്ബിന്റെ നേതൃത്വത്തിൽ ഡോക്ടർമാരെ ആദരിച്ചു.

**VI. സെന്റ് തോമസ് എ.യു.പി സ്കൂൾ മുള്ളൻകൊല്ലി**

വായനാ വാരാചരണത്തിന് തുടക്കമായി. വ്യത്യസ്തങ്ങളായ മത്സരങ്ങൾ നടത്തി. ലഹരിവിരുദ്ധ വാരാചരണത്തിന്റെ ഭാഗമായി വ്യത്യസ്ത പരിപാടികൾ സംഘടിപ്പിച്ചു. ക്ലാസ്സ് പിടിഎ, ജനറൽ ബോഡി എന്നിവ സംഘടിപ്പിച്ചു. ഡോക്ടേഴ്സ് ഡേ ദിനത്തിൽ വിവിധഡോക്ടർമാരെ സന്ദർശിച്ചു. ബഷീർ ദിനാചരണം സംഘടിപ്പിക്കുകയും സ്കൂൾ പാർമെന്റ് ഇലക്ഷൻ പ്രഖ്യാപിക്കുകയും ചെയ്തു.

**VII. അമ്പായത്തോട് യു.പി സ്കൂൾ**

വായന മാസാചരണത്തിന്റെ ഭാഗമായി ലൈബ്രറി ഉദ്ഘാടനം പുസ്തകാസ്വാദനം തുടങ്ങിയ വിവിധങ്ങളായ പരിപാടികൾ സംഘടിപ്പിച്ചു. പി.ടി.എ ജനറൽബോഡി ചേരുകയും ഭാരവാഹികളെ തെരഞ്ഞെടുക്കുകയും ചെയ്തു. ലഹരിവിരുദ്ധ ദിനത്തിൽ വിവിധ പരിപാടികൾ സംഘടിപ്പിച്ചു. സ്കൂൾ പാർലമെന്റ് തെരഞ്ഞെടുപ്പ് നടത്തി വിജയികളെ കണ്ടെത്തി. വിദ്യാരംഗം കലാസാഹിത്യവേദിയുടെ ഉദ്ഘാടനം നടത്തപ്പെട്ടു.

**VIII. സെന്റ് ആന്റണീസ് യു.പി സ്കൂൾ പഴൂർ**

രുചിയുടെ പുത്തൻ അനുഭവം നൽകിക്കൊണ്ട് വീടുകളിൽ തയ്യാറാക്കിയ ചക്ക, മാമ്പഴ വിഭവങ്ങളുടെ പ്രദർശനം നടത്തി. ദേശീയ വായനാദിനം സമുചിതമായി ആഘോഷിച്ചു. നിർദ്ധന വിദ്യാർത്ഥികൾക്കായി വസ്ത്രങ്ങൾ സമാഹരിക്കുക എന്ന ലക്ഷ്യ

ത്തോടെ ഡ്രസ്സ് ബാങ്കിന് തുടക്കമായി. വിദ്യാരംഗം കലാ സാഹിത്യ വേദിയുടെയും വിവിധ ക്ലബ്ബുകളുടെയും ഉദ്ഘാടനം നടത്തപ്പെട്ടു

ലഹരിവിരുദ്ധ വാരാചരണത്തിന്റെ ഭാഗമായി വിവിധ പ്രവർത്തനങ്ങൾ സംഘടിപ്പിച്ചു. ബഷീർ ദിനം സമുചിതമായി ആഘോഷിച്ചു. പി.ടി.എ ജനറൽ ബോഡി മീറ്റിംഗും മാതാപിതാക്കൾക്കായി ഓറിന്റേഷൻ ക്ലാസ്സും നടത്തി. ജനാധിപത്യരീതിയിൽ സ്കൂൾ പാർലമെന്റ് തിരഞ്ഞെടുപ്പ് നടത്തി. വിദ്യാർത്ഥികൾക്കായി നിയമങ്ങളെക്കുറിച്ചുള്ള ബോധവൽക്കരണ ക്ലാസ് നടത്തി.

**IX. സെന്റ് ജോസഫസ് യു. പി സ്കൂൾ കല്ലോടി**

വായനായനം എന്ന പേരിൽ വായനവാരം വിവിധ പ്രവർത്തനങ്ങളോടെ ആചരിച്ചു. പി.ടി.എ ജനറൽ ബോഡി യോഗം ചേർന്ന് പുതിയ ഭാരവാഹികളെ തിരഞ്ഞെടുത്തു. സുധീരം 2023 എന്ന പേരിൽ ലഹരിവിരുദ്ധ വാരാചരണം വിവിധങ്ങളായ പ്രവർത്തനങ്ങളോടെ സംഘടിപ്പിച്ചു. ജന്മദിന സമ്മാനമായി പിറന്നാൾ കുട്ടിയുടെ പുസ്തക കൈനീട്ടം പദ്ധതി വിജയകരമായി മുന്നേറുന്നു.

**X. സെന്റ് മേരിസ് എ. യു. പി സ്കൂൾ തരിയോട്**

വൈഖരി എന്നപേരിൽ വായന മാസാചരണത്തിന് തുടക്കം കുറിക്കുകയും വിദ്യാർഥികൾക്കായി വിവിധ പരിപാടികൾ സംഘടിപ്പിക്കുകയും ചെയ്തു. ശുചിത്വദിനം ആഘോഷിക്കുകയും സന്ദേശം നൽകുകയും ചെയ്തു. ലഹരിവിരുദ്ധ വാരാചരണത്തിന്റെ ഭാഗമായി വ്യത്യസ്തങ്ങളായ പ്രവർത്തനങ്ങൾ നടത്തപ്പെട്ടു. നല്ല പാഠം പ്രവർത്തകരുടെ നേതൃത്വത്തിൽ ഡോക്ടേഴ്സ് ഡേ ദിനം ആചരിച്ചു. സ്കൂൾ പാർലമെൻറ് തെരഞ്ഞെടുപ്പ് നടത്തി. കുഞ്ഞികൈയ്യിൽ കുഞ്ഞുപുസ്തകം പദ്ധതിക്ക് തുടക്കമിട്ടു. പി.ടിഎ ജനറൽ ബോർഡിയോഗം സംഘടിപ്പിക്കുകയും പുതിയ ഭാരവാഹികളെ തെരഞ്ഞെടുക്കുകയും ചെയ്തു.

**XI. സെന്റ് സെബാസ്റ്റ്യൻസ് യു.പി സ്കൂൾ കൊമ്മയാട്**

വിദ്യാരംഗം കലാസാഹിത്യവേദിയുടെയും വിവിധ ക്ലബ്ബുകളുടെയും ഉദ്ഘാടനവും വായനവാരസമാപനവും സംഘടിപ്പിച്ചു. ലഹരി വിമുക്ത വിദ്യാലയവും പരിസരവും എന്ന ലക്ഷ്യവുമായി വ്യത്യസ്തങ്ങളായ പരിപാടികളോടെ ലഹരി വിരുദ്ധ വാരാചരണം സംഘടിപ്പിച്ചു.

**XII.സെൻ്റ് സെബാസ്റ്റ്യൻസ് യു.പി സ്കൂൾ പാടിച്ചിറ**

വയോജന സംരക്ഷണ ദിനം ആചരിച്ചു. പി.ടി.എ ജനറൽ ബോഡി യോഗം ചേരുകയും പുതിയ ഭാരവാഹികളെ തെരഞ്ഞെടുക്കുകയും ചെയ്തു. ലഹരി വിരുദ്ധ ദിനം വിവിധങ്ങളായ പരിപാടികളോടെ നടത്തപ്പെട്ടു. വായനാവാരസമാപനവും വായനക്കളരി ഉദ്ഘാടനവും സംഘടിപ്പിച്ചു. വിദ്യാരംഗം കലാസാഹിത്യവേദിയുടെയും വിവിധ ക്ലബ്ബുകളുടെയും ഉദ്ഘാടനം നടത്തപ്പെട്ടു. സ്കൂൾ പാർലമെൻ്റ് തെരഞ്ഞെടുപ്പ് നടത്തി.

**XIII. എ. യു. പി സ്കൂൾ ദ്വാരക**

കൂടെയുണ്ട് കൂട്ടുകാർ, അക്ഷരായനം എന്നീ പരിപാടികളോടെ നല്ലപാഠം പ്രവർത്തനങ്ങൾക്ക് തുടക്കമായി. സ്പോർട്സ് കൗൺസിലിൻ്റെ നേതൃത്വത്തിൽ യോഗാദിനം ആചരിച്ചു. ഉണർവ് പേരിൽ വ്യത്യസ്തങ്ങളായ പ്രവർത്തനങ്ങളുമായി ലഹരി വിരുദ്ധ വാരാചരണം പ്രവർത്തനങ്ങൾ സംഘടിപ്പിച്ചു. വായന പക്ഷാചരണം, വിദ്യാരംഗം കലാ സാഹിത്യവേദി, വിവിധ ക്ലബ്ബുകൾ എന്നിവയുടെ ഉദ്ഘാടനം നടത്തപ്പെട്ടു. പി.ടി.എ ജനറൽ ബോഡി യോഗം ചേരുകയും ഭാരവാഹികളെ തെരഞ്ഞെടുക്കുകയും ചെയ്തു. ബഷീർ അനുസ്മരണ ദിനം വിപുലമായി സംഘടിപ്പിച്ചു. സ്കൂൾ പാർലമെൻ്റ് തെരഞ്ഞെടുപ്പ് സംഘടിപ്പിച്ചു.

**ഹൈസ്കൂൾ വിഭാഗം**

**I. ഫാ. ജി.കെ.എം ഹൈസ്ക്കൂൾ കണിയാരം**

പ്രവേശനോത്സവം മികവാർന്ന രീതിയിൽ നടത്തപ്പെട്ടു. പ്ലാസ്റ്റിക് മലിനീകരണത്തിനുള്ള പരിഹാരമാർഗ്ഗങ്ങൾ എന്ന മുദ്രാവാക്യമുയർത്തി പരിസ്ഥിതി ദിനം ആചരിച്ചു. കഴിഞ്ഞ അധ്യയന വർഷം എസ്.എസ്.എൽ.സി പരീക്ഷയിൽ മികവാർന്ന നേട്ടം കൈവരിച്ച വിദ്യാർത്ഥികളെ ആദരിച്ചു. വിദ്യാരംഗം കലാസാഹിത്യവേദിയുടെയും വിവിധ ക്ലബ്ബുകളുടെ ഉദ്ഘാടനം നടത്തപ്പെട്ടു. പി.ടി.എ ജനറൽ ബോഡി യോഗം ചേരുകയും ഭാരവാഹികളെ തെരഞ്ഞെടുക്കുകയും ചെയ്തു. പത്താം ക്ലാസ് വിദ്യാർത്ഥികൾക്കായി സംഘടിപ്പിച്ചു. ലോക സംഗീത ദിനവും യോഗദിനവും ആചരിച്ചു. ബന്ധപ്പെട്ട് ബോധവൽക്കരണ ക്ലാസ്സുകൾ ഉൾപ്പെടെ ഒട്ടേറെ പ്രവർത്തനങ്ങൾ സംഘടിപ്പിച്ചു.

**II. സെന്റ് തോമസ് ഹൈസ്കൂൾ നടവയൽ**

കഴിഞ്ഞ അധ്യയന വർഷം എസ്.എസ്.എൽ.സി പരീക്ഷയിൽ വിജയിച്ചവരെ ആദരിച്ചു. വായനാവാരം വിവിധ ക്ലബ്ബുകളുടെയും ഉദ്ഘാടനവും നിർവഹിച്ചു.

തായ്ക്കോണ്ട ജില്ലാ ചാമ്പ്യൻഷിപ്പിൽ അഭിമാനകരമായ നേട്ടങ്ങൾ കൈവരിച്ചു. അന്താരാഷ്ട്ര ലഹരി വിരുദ്ധ വാരാചരണം വിവിധങ്ങളായ പരിപാടികളോടെ നടത്തപ്പെട്ടു.

**III. സെന്റ് കാതറൈൻസ് ഹൈസ്കൂൾ പയ്യമ്പള്ളി**

കഴിഞ്ഞ അധ്യയന വർഷം എസ്.എസ്.എൽ.സി പരീക്ഷയിൽ ഉന്നത വിജയം നേടിയ വിദ്യാർത്ഥികളെ ആദരിക്കുകയും വായന പക്ഷാചരണത്തിന്റെയും വിവിധ ക്ലബുകളുടേയും ഉദ്ഘാടനം നിർവഹിക്കപ്പെട്ടു. ലഹരി വിരുദ്ധ വാരാചരണത്തോടനുബന്ധിച്ച് വിവിധ മത്സരങ്ങൾ സംഘടിപ്പിച്ചു.

**IV. സെന്റ് ജോസഫ്സ് ഹൈസ്കൂൾ കല്ലോടി**

വിജയോത്സവം, വായനാദിനാചരണവും വിവിധ ക്ലബ്ബുകളുടെ ഉദ്ഘാടനവും നടത്തപ്പെട്ടു. പഠനത്തിൽ പിന്നോക്കം നിൽക്കുന്ന കുട്ടികൾക്കായി പ്രത്യേക പരിശീലനം ആരംഭിച്ചു.Young Innovators പ്രോഗ്രാമിൽ ജില്ലാതലത്തിൽ വിജയികളായി.

**V. ഐ. ജെ. എം. ഹയർ സെക്കന്ററി സ്കൂൾ കൊട്ടിയൂർ**

വിദ്യാരംഗം, കലാസാഹിത്യവേദിയുടെയും വിവിധ ക്ലബ്ബുകളുടെയും ഉദ്ഘാടനം സംഘടിപ്പിച്ചു. അന്താരാഷ്ട്ര യോഗ ദിനത്തിൽ പ്രത്യേക ക്ലാസും യോഗാപരിശീലനവും നടത്തി. മുൻ അധ്യയനവർഷം എസ്.എസ്.എൽ.സി പരീക്ഷയിൽ ഉന്നത വിജയം നേടിയ വിദ്യാർത്ഥികളെ ആദരിച്ചു. ലിറ്റിൽ കൈറ്റ്സ് അംഗങ്ങൾ നിർമ്മിച്ച ഡിജിറ്റൽ മാഗസിൻ പ്രകാശനം ചെയ്തു. ലഹരിവിരുദ്ധ ദിനാചരണത്തിന്റെ ഭാഗമായി വ്യത്യസ്തങ്ങളായ പ്രവർത്തനങ്ങളിലൂടെ ലഹരിവിരുദ്ധ സന്ദേശം സമൂഹത്തിനു നൽകി.

**VI. സെന്റ് ജോസഫ്സ് ഹൈസ്കൂൾ അടയ്ക്കാത്തോട്**

വായനാവാരം വ്യത്യസ്ത പരിപാടികളോടെ ആചരിച്ചു വിവിധ ക്ലബ്ബുകളുടെ ഉദ്ഘാടനവും നടത്തി. വിജയോത്സവം സംഘടിപ്പിക്കുകയും എസ്.എസ്.എൽ.സി പരീക്ഷയിൽ മികച്ച വിജയം നേടിയ വിദ്യാർത്ഥികളെ ആദരിച്ചു.

**VII. നിർമ്മല ഹൈസ്കൂൾ കബനിഗിരി**

വിദ്യാലയത്തിലെ ജീവനക്കാരുടെ സ്വയംസഹായ സംഘം രൂപീകരിച്ചു വിദ്യാലയത്തിനായി പുതിയ ബസ്സ് വാങ്ങി. വിദ്യാർത്ഥികളിൽ പൊതുവിജ്ഞാനം വളർത്തുന്ന ക്വിസ് 20-20 പരിപാടിക്ക് തുടക്കമായി. ആരോഗ്യവകുപ്പ് അധികൃതരുടെ സാന്നിധ്യത്തിൽ പുകയില വിരുദ്ധ അസംബ്ലി നടത്തി. വിദ്യാർത്ഥികൾക്കുള്ള കായിക പരിശീലനം ആരംഭിച്ചു. എസ്.എസ്.എൽ.സി വിദ്യാർഥികൾക്കായി ശിൽപശാല സംഘടിപ്പിച്ചു.

കഴിഞ്ഞ അധ്യയനവർഷം മികവാർന്ന വിജയം നേടിയ SSLC വിദ്യാർത്ഥികളെയും NMMS ജേതാക്കളെയും ആദരിച്ചു. വായനമാസാചരണത്തിന്റെയും വിവിധ ക്ലബ്ബുകളുടെയും ഉദ്ഘാടനം നടത്തപ്പെട്ടു. പുതിയ പി. ടി. എ ഭാരവാഹികളെ തിരഞ്ഞെടുത്തു. വിദ്യാലയവാർഷിക പദ്ധതി തയ്യാറാക്കി. ലഹരിവിരുദ്ധ പക്ഷാചരണം വ്യത്യസ്തങ്ങളായ പരിപാടികളോടെ നടത്തപ്പെട്ടു. സ്കൂൾ ലീഡർ തെരഞ്ഞെടുപ്പ് നടത്തി.

**VIII. സി.കെ.എച്ച്.എസ് മണിമൂളി**

ലഹരിവിരുദ്ധവാരാചരണത്തോടനുബന്ധിച്ചു വിവിധ പ്രവർത്തനങ്ങൾ സംഘടിപ്പിച്ചു. യോഗ ദിനം, ലോക ജനസംഖ്യ ദിനം, ബഷീർ അനുസ്മരണം, മലാല ദിനം, മെഹന്തി ഫെസ്റ്റ് തുടങ്ങിയവ വിവിധ മത്സരങ്ങളോടെ കുട്ടികൾക്കായി സംഘടിപ്പിക്കപ്പെട്ടു. USS സ്കോളർഷിപ്പ് പരീക്ഷയ്ക്ക് മുന്നോടിയായി സെലക്ഷൻ ടെസ്റ്റ് നടത്തി.വിദ്യാലയ പരിസരം മനോഹരമാക്കുന്നതിനായി പൂച്ചെടികൾ നട്ടുപിടിപ്പിച്ചു.

**IX. അസംപ്ഷൻ ഹൈസ്കൂൾ ബത്തേരി**

ലഹരിവിരുദ്ധവാരാചരണത്തിന്റെ ഭാഗമായി നിരവധി പ്രവർത്തനങ്ങൾ ഏറ്റെടുത്തു നടത്തി. പ്രവർത്തനങ്ങൾക്ക് എൻ.സി .സി, സ്കൗട്ട് ആൻഡ് ഗൈഡ്, ജെ. ആർ. സി എന്നിവർ നേതൃത്വം നൽകി.

സ്നേഹപൂർവ്വം,

**ഫാ. സിജോ ഇളംകുന്നപ്പുഴ**
കോർപ്പറേറ്റ് മാനേജർ

# Bishop's Programme



**August 2023**

*1 Tue - 14 Mon:........Abroad*

*16 Wed…..................Ondayangady: School Blessing*

*20 Sun- 26 Sat:……Kakkanad: Mount St Thomas- Synod*

*27 Sun- 31 Thur:.....Engaged*

# Auxiliary Bishop's Programme

**August 2023**

*01 Tue - 04 Fri:........Kakkanad, KCBC Retreat*
*05 Saturday:.............Dwaraka: Vianey Day Celebration*
*06 Sunday:................Makkiyad: Pastoral Visit*
*08 Tuesday:..............Poroor. Monthly Recollection*
*12 Saturday:.............Chattamala: Holy Qurbana*
*20 Sun-26 Sat:..........Kakkanad, Syro Malabar Synod*
*1 September 2023-12 October 2023: Abroad*